

# സത്യദൂതൻ

2020 ജനുവരി | ലക്കം 01
വില ₹ 30

## ഹദ്റത്ത് അഹ്മദ് (അ):
## യുഗസംക്രമണത്തിന്റെ ജ്ഞാന സൂര്യൻ

## കുലാലംമ്പൂർ ഇസ്‌ലാമികരാജ്യ ഉച്ചകോടി

# Ahmadiyya Muslim Community

## Apps for mobile devises

Download free apps developed by Ahmadiyya Muslim Community for your iphone,ipode, and Android




**Quran**
Read the Holy Quran in easy
Yassarnal Quran Font




**Conditions of Bai'at**
A pocket reference of
Shara't-e-Bai'at in 7 languages



**Sermons**
Huzoor's Friday Sermons
In 15 languages




**MTA**
Watch MTA Live, view
Schedule and much more



**Ahmadiyya News**
Stay up to date with the
Latest jama'at news

View these apps at
alislam.org/apps
or scan the QR code below






The Sathyadoothan Monthly

لا اله الا الله محمد رسول الله

# സത്യദൂതൻ

2020 ജനുവരി
ഹി.ശ.1400 - സുലഹ്
1441 ജമാദുൽ അവ്വൽ - ജമാദുൽ ആഖിർ
പുസ്തകം 92 ലക്കം 01
വില 30 രൂപ


ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം





**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**

ഖുത്ബ സംഗ്രഹം
**ബദർ സഹാബിമാരുടെ ഉത്കൃഷ്ട സ്വഭാവഗുണങ്ങൾ**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 2019 ഡിസംബർ 20ന് മുബാറക്ക് മോസ്ക്, ഇസ്‌ലാമാബാദ്, യു.കെയിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.

**11**
**ഹദ്റത്ത് അഹ്മദ് (അ): യുഗസംക്രമണത്തിന്റെ ജ്ഞാന സൂര്യൻ**
ബി മൻസൂർ അഹ്മദ്, മാത്തോട്ടം

**15**
അഹ്മദിയ്യാ പ്രസ്ഥാനം - 4
**ഇസ്‌ലാമിന്റെ പുനരജ്ജീവനം വാഗ്ദത്ത മസീഹിലൂടെ**
ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

**20**
**ഇസ്‌ലാമും സെക്കുലർ ഡെമോക്രസിയും**
എ.എം. മുഹമ്മദ് സലീം

**24**
ഭാഗം - 4
**ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി**
(ഖലീഫത്തുൽ മസീഹ് അവ്വൽ (റ))
ഇബ്നു വഫാ ബേപ്പൂർ

**31**
**ഇസ്‌ലാമിന്റെ സുവർണ്ണഭൂതകാലം**
ചൗധരി അബ്ദുസ്സലാം അക്തർ

**35**
**ഭൂമിയിൽ മനുഷ്യന്റെ ഭാവി**
ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

**40**
കുറിപ്പുകൾ
**കുലാലംമ്പൂർ ഇസ്‌ലാമികരാജ്യ ഉച്ചകോടി**
മുസാഫിർ



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018

ചീഫ് എഡിറ്റർ
**എച്ച്. ശംസുദ്ദീൻ**
**ഫോൺ**: 99460 21252

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ**: 80755 86837
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ**: 8089574250

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed, KKD

## വിശുദ്ധ ഖുർആനിൽ നിന്ന്



അവരുടെ നാഥന്റെ വചനങ്ങൾ ഓർമ്മപ്പെടുത്തുന്നതായാൽ പോലും ബധിരരും അന്ധരുമായി അവരതിനെ കൈകാര്യം ചെയ്യുകയില്ല. (25:74)



## നബിവചനം

ജ്ഞാനം ജനങ്ങളിൽ നിന്ന് അകന്ന് പോകും. എന്നിട്ട് അജ്ഞാനവും കുഴപ്പവും പ്രത്യക്ഷപ്പെടും. 'ഫറജ്' വർദ്ധിക്കും. അപ്പോൾ അനുചരന്മാർ ചോദിച്ചു: എന്താണ് 'ഫറജ്'? നബിതിരുമേനി(സ) കൈ കൊണ്ട് ഇങ്ങിനെ ആംഗ്യം കാണിച്ചു. അതു കണ്ടപ്പോൾ തിരുമേനി(സ) കൊലപാതകത്തെയാണ് ഉദ്ദേശിച്ചതെന്ന് എല്ലാവർക്കും മനസ്സിലായി. (ബുഖാരി)

## വാഗ്ദത്ത മസീഹിന്റെ വചനം

### ശാന്തരായി ചിന്തിക്കൂ

അല്ലയോ മുസ്‌ലിം പണ്ഡിതന്മാരെ എന്നെ നിരാകരിക്കുന്ന കാര്യത്തിൽ നിങ്ങൾ ധൃതിപ്പെടരുത്. ധൃതിക്കിടയിൽ മനുഷ്യന് പെട്ടെന്ന് ഗ്രഹിക്കാനാകാത്ത രഹസ്യങ്ങൾ പലതുമുണ്ട്. കേൾക്കുന്ന മാത്രയിൽ ഒരു കാര്യവും തന്നെ തള്ളിക്കളയാൻ നിങ്ങൾ മുതിരരുത്. അതല്ല സാത്വികരുടെ മാർഗ്ഗം ... ശക്തി പ്രയോഗിച്ച് മതം പ്രചരിപ്പിക്കാനായി യുദ്ധം ചെയ്യാമെന്ന് ഖുർആനിൽ എഴുതപ്പെട്ടിരിക്കുന്നത് എവിടെയാണ്. നേരെ മറിച്ച് ആ വിശുദ്ധ ഗ്രന്ഥത്തിൽ 'ലാ ഇക്റാഹ ഫി ദ്ദീൻ' (മതത്തിൽ യാതൊരു ബലാൽക്കാരവുമില്ല.) എന്ന് അല്ലാഹു പഠിപ്പിച്ചിട്ടുള്ളതായിക്കാണുന്നു. (കിശ്തീനുഹ്)



എഡിറ്റോറിയൽ


# സത്യദൂതൻ
# പ്രസിദ്ധീകരണ താരനിരയിലെ ധ്രുവനക്ഷത്രം

ആകാശത്ത് ഉദിച്ചുയരുന്ന നക്ഷത്രങ്ങളെ നിരീക്ഷിച്ചവർക്കറിയാം. എല്ലാ നക്ഷത്രങ്ങളും ഉദിച്ചസ്തമിച്ചാലും നേരം പുലരും വരെ ഇരുട്ടിൽ യാത്രികർക്ക് വഴികാട്ടിയായി ഭൂമിയുടെ വടക്ക് ഭാഗത്ത് അസ്തമിക്കാതെ നിൽക്കുന്ന ഒരു നക്ഷത്രമുണ്ട്. അതാണ് ധ്രുവനക്ഷത്രം. അതുപോലെയാണ് സത്യദൂതൻ. 1925 മുതൽ പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്ന സത്യദൂതന്റെ സ്ഥൈര്യനൈരന്തര്യമാണ് മുസ്‌ലിം മലയാള പ്രസിദ്ധീകണങ്ങളുടെ താരനിരയിലെ ധ്രുവനക്ഷത്രമാക്കി സത്യദൂതനെ മാറ്റുന്നത്. 95 വർഷമായി സത്യദൂതൻ പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്നു. സഹസ്രത്തിൽ പരം ചന്ദ്രന്മാരുടെ വൃദ്ധിക്ഷയങ്ങൾക്ക് സാക്ഷിയായ സത്യദൂതന്റെ ഒളിമങ്ങാത്ത ദ്യുതിക്ക് കാരണം അത് ഒരു ദൈവനിയുക്ത വാദിയുടെ ദൗത്യ പ്രചാരണത്തിന്റെ സേവന രാശിയിയിൽ സ്ഥിതിചെയ്യുന്നു എന്നത് കൊണ്ടാണ്.

ഇസ്‌ലാമിനെ തങ്ങളുടെതായ രീതിയിൽ സംരക്ഷിക്കാനും പ്രചരിപ്പിക്കാനും മഹാരഥന്മാരുടെയും മഹാപ്രസ്ഥാനക്കാരുടെയും പിന്തുണയോടെ നിരവധി പ്രസിദ്ധീകരണങ്ങൾ സത്യദൂതനോടൊപ്പം കഴിഞ്ഞ നൂറ്റാണ്ടിൽ മലയാളത്തിൽ ഉദയം ചെയ്തു. അവരുടെയെല്ലാം ഒരു പൊതു ലക്ഷ്യം സത്യദൂതൻ പ്രതിനിധാനം ചെയ്യുന്ന ദൈവിക പ്രസ്ഥാനത്തെ എതിർക്കുകയെന്നതും കൂടിയായിരുന്നു. അവയെല്ലാം ഇന്നെവിടെപോയി? വിസ്മൃതിയുടെ ചക്രവാളങ്ങളിലേക്ക് തിരോഭവിച്ചു. സത്യദൂതനാകട്ടെ ഒരു നൂറ്റാണ്ടിന്റെ പൂർണ്ണതയിലേക്ക് പ്രയാണം തുടരുകയാണ്.

ജീർണ്ണതയുടെ പതന ഘട്ടത്തിൽ ഇസ്‌ലാം മതത്തെ പുനരുജ്ജീവിപ്പിക്കാൻ ആഗതനാകുമെന്ന് റസൂൽ തിരുമേനി(സ) വാഗ്ദാനം ചെയ്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ)യഥാകാലം വരുകയുണ്ടായി. ദൈവവും മനുഷ്യനുമായുള്ള ബന്ധം ദൃഢകരമാക്കുകയാണ് ആ മഹാഗമനത്തിന്റെ പരമലക്ഷ്യം. കേരളക്കരയിൽ ആ മഹാത്മാവിന്റെ സന്ദേശ പ്രചരണമാണ് സത്യദൂതൻ നിർവ്വഹിച്ചു കൊണ്ടിരിക്കുന്നത്. അന്യാദൃശമായ ആർജ്ജവവും ആത്മീയ ശോഭയും വിരൽ സ്പർശമായി ആ സന്ദേശങ്ങൾക്കു ണ്ടായിരുന്നു. സൂര്യനുദിച്ചാൽ ചളിവെള്ളത്തിലും അതിന്റെ പ്രകാശം പ്രതിഫലിക്കുന്നത് പോലെ ഇമാം മഹ്ദിയുടെ ഉജ്ജ്വല തേജസ്സ് അഹ്മദിയ്യാ പ്രസ്ഥാനത്തെ എതിർക്കുന്ന പൊതു മുസ്‌ലിംകളുടെ ഇരുട്ടു കോട്ടകളിലും പ്രകാശം പരത്തിയിട്ടുണ്ട്. സത്യദൂതനിലൂടെ കേരളത്തിലെ മുസ്‌ലിം പൊതുമണ്ഡലത്തിലും അതിന്റെ പാർശ്വ ദീപതി പ്രസരിച്ചിട്ടുണ്ട് എന്നതാണ് വാസ്തവം. ഖുർആൻ വചനങ്ങൾക്ക് വാഗ്ദത്ത മസീഹും അദ്ദേഹത്തിന്റെ ഖലീഫമാരും നൽകിയ വ്യാഖ്യാനങ്ങൾ പ്രചരിപ്പിച്ചുകൊണ്ടും ഇസ്‌ലാമിനെ സംബന്ധിച്ച് നുറ്റാണ്ടുകളായി പ്രചരിച്ചുവന്നിരുന്ന പല ദുർധാരണകളും തിരുത്തിയും വിശുദ്ധ ഖുർആന്റെ വ്യാഖ്യാനങ്ങളിൽ കടന്നുകൂടിയ തെറ്റുകൾ ചൂണ്ടിക്കാട്ടിയും ഇസ്‌ലാം മത വിമർശകർക്ക് യുക്തമായ മറുപടി നൽകിയും വൈജ്ഞാനിക ലോകത്തെ ഇസ്‌ലാമിക യഥാർത്ഥ പരിപ്രേക്ഷ്യത്തിൽ പരിചയപ്പെടുത്തിയും സത്യദൂതൻ പതിറ്റാണ്ടുകളിലൂടെ മുന്നേറി. ലോക സംഭവങ്ങൾക്ക് മുമ്പിൽ പ്രതിഷ്ഠിച്ച ഇസ്‌ലാമിക ദർപ്പണങ്ങളായിരുന്നു അഹ്മദിയ്യാ ഖലീഫമാർ. ലോകത്തിന്ന് ഇസ്‌ലാമികമായ ദിശാബോധം നൽകുന്ന സുചിന്ത്യവും സാരസമ്പൂർണ്ണവുമായ അവരുടെ ചിന്തകളും വചനങ്ങളും ഇസ്‌ലാമിന്റെ നേർ വചനങ്ങളായിരുന്നു. അത് മലയാളത്തിൽ കേൾപ്പിക്കാൻ സത്യദൂതനായിട്ടുണ്ട്. ധാർമികവും അദ്ധ്യാത്മികവുമായ അവരുടെ മാർഗ്ഗ ദർശനങ്ങൾക്ക് പുറമേ കാലികസംഭവങ്ങളോടുള്ള പ്രതികരണങ്ങളും സത്യദൂതനിലൂടെ വെളിച്ചം കണ്ടു. ഒന്നും രണ്ടും ലോക മഹായുദ്ധങ്ങൾ, ജപ്പാനിൽ വർഷിക്കപ്പെട്ട അണുബോംബ്, ഐക്യ രാഷ്ട്ര സഭയുടെ രൂപീകരണം, ഇസ്റായേൽ രൂപീകരണം, യഹൂദ ഗൂഢാലോചനകൾ, ഇന്ത്യൻ സ്വാതന്ത്ര്യ സമരം, അറബികളുടെ ദുർഘടാവസ്ഥ, ചെവി കൊടുത്തില്ലെങ്കിലും കാലാകാലങ്ങളിൽ അറബ് മുസ്ലിം ലോകത്തിന് നൽകിയ സദുപദേശങ്ങൾ, ഗൾഫ് യുദ്ധങ്ങൾ, കമ്യൂണിസത്തിന്റെ തകർച്ച, മതരാഷ്ട്ര് വാദത്തിന്റെ അപകടങ്ങൾ സാമ്രാജ്യത്വത്തിന്റെ തകർച്ച, മൂന്നാം ലോക മഹായുദ്ധത്തെ പറ്റിയുള്ള താക്കീതുകൾ, ലോകത്തിന്റെ ഭാവി അങ്ങനെ ലോക സംഭവങ്ങളോടുള്ള അഹ്മദിയ്യാ ജമാഅത്തിന്റെ ഇസ്‌ലാമികമായ പ്രതികരണങ്ങളും വിലയിരുത്തലും മാർഗ്ഗനിർദ്ദേശങ്ങളും സത്യദൂതനിലൂടെ മലയാളത്തിൽ പ്രകാശിതമായിട്ടുണ്ട്.

സത്യദൂതന്റെ ജനനം ഒരു ജനുവരിയിലാണ്. ഈ 95-ാം പിറന്നാളിൽ വായനക്കാർക്ക് സത്യദൂതന്റെ ഹാർദ്ദമായ **പുതുവത്സരാശംസകൾ**.



ഹദ്റത്ത് അഹ്മദ് (അ)

# തീജ്വാലകൾക്ക് എന്നെ നശിപ്പിക്കാനാവില്ല

ഈ മഹാവിപ്ലവത്തെ നോക്കിക്കാണുവീൻ! ഇതു മനുഷ്യന്റെ കൈക്ക് സംഭവിക്കുന്നതാണോ എന്നാലോചിക്കുവീൻ! ലോകർ ആഗ്രഹിച്ചു, ഈ പ്രസ്ഥാനത്തിന്റെ നാമാടയാളങ്ങൾ പോലും ബാക്കിയാവാത്ത നിലയിൽ നശിപ്പിച്ചു കളയണമെന്ന്. ഇത് അവരുടെ വരുതിയിൽപ്പെട്ട കാര്യമാണെങ്കിൽ ഈ പ്രസ്ഥാനം എന്നേ നശിച്ചൊടുങ്ങുമായിരുന്നു. എന്നാൽ, ഇതു അല്ലാഹുവിന്റെ പ്രവർത്തിയാകുന്നു. അവൻ ഉദ്ദേശിക്കുന്നതെന്തോ അതിനെ തടയാൻ ഈ ലോകത്തിന് സാധിക്കുന്നതല്ല. ലോകം ഉദ്ദേശിക്കുന്നതെന്തോ അത് ദൈവം ഇച്ഛിച്ചതല്ലെങ്കിൽ അതൊരിക്കലും സംഭവിക്കുന്നതല്ല. ചിന്തിച്ചു നോക്കുവീൻ! എന്റെ കാര്യത്തിൽ മുഴുവൻ ഉലമാക്കന്മാരും പീർപുത്രന്മാരും പുണ്യസ്ഥാനികളും എതിരാളികളായി അണിനിരന്നു. മറ്റു മതസ്ഥരെയും എന്റെ ശത്രുതയിൽ അവർ കൂട്ടുകാരാക്കിമാറ്റി. എന്നെ സംബന്ധിച്ചിടത്തോളം അവർ എല്ലാതരം ശ്രമങ്ങളിലും ഏർപ്പെട്ടു. മുസ്ലിംകളേയും എന്റെ നേരെ ദുർഭാവന പുലർത്തുന്നവരാക്കി മാറ്റാനായി കുഫ്റ ഫത്‌വ പുറപ്പെടുവിച്ചു. ഈ പരിപാടിയിലും വിജയം സിദ്ധിക്കാതെ വന്നപ്പോൾ കേസ്സുകളുടെ ഒരു പരമ്പര ആരംഭിച്ചു. കൊലക്കേസ്സിലും എന്നെ കുരുക്കിയിട്ടു. എന്നെ ശിക്ഷയിലകപ്പെടുത്തുന്നതിന് കഴിയുന്നത്ര എല്ലാ ശ്രമങ്ങളും നടത്തി. ഒരു പാതിരിയെ വധിക്കാൻ ശ്രമിച്ചതായി എന്റെ പേരിൽ കള്ള കുറ്റം ചുമത്തി . ഈ കേസിൽ മുഹമ്മദ് ഹുസൈൻ ഭട്ടാലവി സാക്ഷി പറയാൻ സന്നദ്ധനാവുകയും ചെയ്തു. ഞാൻ കേസിൽപെട്ടു വിഷമിക്കണമെന്നും ശിക്ഷിക്കപ്പെടണം എന്നും അദ്ദേഹം ആഗ്രഹിക്കുന്നു ണ്ടായിരുന്നു. മുഹമ്മദ് ഹുസൈന്റെ ഈ ശ്രമങ്ങൾ വ്യക്തമാക്കിയത് തെളിവുകളും പ്രമാണങ്ങളുമുന്നയി ക്കാൻ അദ്ദേഹം അശക്തനാണെന്നത്രേ. ശത്രു ന്യായവാദങ്ങൾ ഉന്നയിക്കാൻ പ്രാപ്തനാകാതെ വരുമ്പോഴും പ്രമാണങ്ങളിലൂടെ കുറ്റം വിധിക്കാൻ കഴിയാതെ വരുമ്പോഴും ദ്രോഹിക്കാനും കൊല്ലാനും പ്ലാനിടുകയും നാട്ടിൽ നിന്നും ആട്ടിപുറത്താക്കാൻ വട്ടം കൂട്ടുകയും ചെയ്യുന്നതാണല്ലോ സമ്പ്രദായം. അവർ പല തരത്തിലുള്ള ഗൂഢാലോചനകളും ആസൂത്രണം ചെയ്യാൻ തുടങ്ങുന്നു. തിരുനബി (സ) ക്കെതിരെ മക്കയിലെ അവിശ്വാസികൾക്ക് ഒന്നും ചെയ്യാനാകാതെ വരികയും എല്ലാ വിധത്തിലും അവർ അശക്തരായി ഭവിക്കുകയും ചെയ്തപ്പോൾ അവരും ഇത്തരത്തിൽ തന്നെ തിരുമേനി(സ)യെ കൊല്ലുകയോ തടവിലിടുകയോ നാട്ടിൽ നിന്നും അടിച്ചോടിക്കുകയോ ചെയ്യാൻ ഗൂഢാലോചന നടത്തുകയോ ആണല്ലോ ഉണ്ടായത്. തിരുനബി(സ)യുടെ സഹചരർക്ക് കടുത്ത ക്ലേശങ്ങൾ ഉണ്ടാക്കിവെച്ചു. എന്നാൽ ഒടുവിൽ തങ്ങളുടെ എല്ലാ ആസൂത്രണങ്ങളിലും ഗൂഢാലോചനകളിലും അവർ പരാജിതരും നിരാശരുമായിതീർന്നു. അതേ സുന്നത്തും രീതികളും തന്നെയാണ് എന്റെ കാര്യത്തിലും പ്രാവർത്തികമാക്കപ്പെടുന്നത്. എന്നാൽ ഈ ലോകം അതിന്റെ സ്രഷ്ടാവും സർവ്വലോക രക്ഷിതാവുമായ ഒരു സത്തയുടെ പ്രഭാവത്തിന്നടിമപ്പെട്ടിരിക്കുന്നു. അവൻ തന്നെയാണ് കള്ളവാദിയേയും സത്യവാദിയെയും വേർതിരിക്കുന്നത്. സത്യവാദിക്ക് പിന്തുണ നൽകുകയും സത്യവാദിയെ വിജയിപ്പിച്ചു കാണിക്കുകയും ചെയ്യുന്നതും അവൻ തന്നെ. ഇപ്പോൾ ഈ കാലഘട്ടത്തിലും ദൈവം അവന്റെ അത്ഭുത ശക്തിയുടെ ഉദാഹരണം കാണിച്ചിരിക്കയാണ്. ദൈവത്തിന്റെ പിന്തുണയുടെയും സഹായങ്ങളുടെയും സജീവമായ ഒരടയാളമാകുന്നു ഞാൻ. സമുദായം മുഴുവനും തള്ളിക്കളഞ്ഞ അതേവ്യക്തി തന്നെയാണ് ഈയുള്ളവൻ. ഞാനിന്നും സ്വീകൃതന്മാരിൽപെട്ടവനായി നിങ്ങളുടെ മുമ്പിൽ നിൽക്കുകയാണ്. ഇന്നേക്ക് നാൽപ്പത് കൊല്ലം മുമ്പ് ഞാനിവിടെ വന്നിരുന്നപ്പോൾ എന്നോടൊന്നിച്ച് നിൽക്കാൻ ആരാണ് ഇഷ്ടപ്പെട്ടിരുന്നത്? ഉലമാക്കളും ഫുക്കറാക്കളും എല്ലാതരത്തിൽ പെട്ട മഹാന്മാരും ഉന്നതരായ വ്യക്തികളും ഞാൻ നശിച്ചു പോകണമെന്ന് ആഗ്രഹിക്കുകയായിരുന്നു. ഈ പ്രസ്ഥാനം നശിച്ചൊടുങ്ങിപ്പോവുമെന്നും അവർ ആശിച്ചുകൊണ്ടിരുന്നു. എനിക്ക് പുരോഗതിയുണ്ടാകുമെന്ന് അവർ ഊഹിക്കുക പോലും ചെയ്തിട്ടില്ല. എന്നാൽ തന്റെ സത്യദാസരെ എപ്പോഴും പിന്തുണച്ചുപോന്ന ആ ദൈവം, സാത്വികരേയും സദ്ധർമ്മികളേയും വിജയിപ്പിച്ചു കൊണ്ടിരുന്ന ആ സർവ്വാധിനാഥൻ എന്റെ പിന്തുണക്കെത്തി. എന്റെ എതിരാളികൾതിക്കെതിരെ അവരുടെ ഉദ്ദേശ്യങ്ങൾക്കും ആസൂത്രണങ്ങൾക്കും നേർ വിപരീതമായ നിലയിൽ, എനിക്കവൻ സ്വീകാരം തന്നനുഗ്രഹിക്കുകയും ഒരു ജനക്കൂട്ടത്തെ എനിക്കനുകൂലമായി തിരിച്ചുവിടുകയും ചെയ്തു. ആ ശത്രുതയുടെയും കഷ്ടപ്പാടുകളുടെയും തിരശ്ശീലയേയും തടസ്സങ്ങളെയും പിച്ചിചീന്തിക്കൊണ്ടാണവർ എന്റെ അടുക്കലേക്ക് ഓടിയെത്തിയതും വന്നടുത്തുകൊണ്ടിരിക്കുന്നതും. മനുഷ്യരുടെ ആലോചനകളും ആസൂത്രണങ്ങളും കൊണ്ട് ഈ വിജയഫലങ്ങൾ കൈവരിക്കുവാൻ സാധിക്കുമോ എന്ന് നല്ല വണ്ണം ആലോചിച്ചു നോക്കുക!. (ലക്ചർ സിയാൽക്കോട്ട്)

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 2019 ഡിസംബർ 20ന് മുബാറക്ക് മോസ്ക്, ഇസ്ലാമാബാദ്, യു.കെയിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.

# ബദർ സഹാബിമാരുടെ ഉത്കൃഷ്ട സ്വഭാവഗുണങ്ങൾ




**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)

നബി(സ)തിരുമേനി ഹിജ്റ രണ്ടാം വർഷത്തിൽ തങ്ങളുടെ അമ്മായിയുടെ മകനായ സഹോദരൻ ഹദ്റത്ത് അബ്ദുല്ലാഹിബ്നു ജഹശിന്റെ നേതൃത്വത്തിൽ ഒരു സംഘത്തെ നഖ്ലയിലേക്കയച്ചു. ഹദ്റത്ത് ഉത്ബയും അതിൽ പങ്കെടുത്തിരുന്നു. ഖുറൈശികളുടെ അനക്കമടക്കങ്ങൾ കൂടുതൽ അടുത്തറിയുകയും അതനുസരിച്ച് അവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക എന്നതായിരുന്നു നബിതിരുമേനി(സ) യുടെ ഉദ്ദേശ്യം. അങ്ങനെ പെട്ടെന്നുള്ള എല്ലാ ആക്രമണങ്ങളിൽ നിന്നും മദീന സുരക്ഷിതമായിരിക്കുന്നതാണ്. ആയതിനാൽ അതിനായി എട്ട് മുഹാജിറുകളടങ്ങുന്ന ഒരു സംഘത്തെ ഒരുക്കുകയും ഖുറൈശികളുടെ രഹസ്യ പദ്ധതികളെക്കുറിച്ച് എളുപ്പത്തിൽ അറിവു ലഭിക്കുന്നതിനായി ഈ സംഘത്തിൽ ഖുറൈശികളുടെ വ്യത്യസ്ത ഗോത്രങ്ങളിൽ നിന്നുള്ള ആളുകളെയും ഉൾപ്പെടുത്തുകയുണ്ടായി. ഹദ്റത്ത് അബ്ദുല്ലാഹിബ്നു ജഹശിനെ ആ പാർട്ടിയുടെ അമീർ ആയി നിശ്ചയിക്കുകയും ചെയ്തു. ഈ സംഘത്തെ അയക്കുമ്പോൾ എവിടേക്കാണു പോകുന്നതെന്നോ എന്തിനു വേണ്ടിയാണു പോകുന്നതെന്നോ അറിയിച്ചിട്ടുണ്ടായിരുന്നില്ല. പുറപ്പെടുമ്പോൾ സീൽ ചെയ്ത ഒരു എഴുത്ത് നൽകിയിട്ടു പറഞ്ഞു; ഈ കത്തിൽ നിങ്ങൾക്കുള്ള നിർദ്ദേശങ്ങളുണ്ട്. മദീനയിൽ നിന്നും രണ്ടു ദിവസത്തെ യാത്ര ചെയ്തു കഴിയുമ്പോൾ ഈ കത്തു തുറന്ന് അതിലെ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുക. അങ്ങനെ മദീനയിൽ നിന്നും രണ്ടു ദിവസത്തെ യാത്ര പിന്നിട്ടപ്പോൾ അബ്ദുല്ലാഹ് നബിതിരുമേനിയുടെ നിർദ്ദേശങ്ങൾ തുറന്നു നോക്കിയപ്പോൾ അതിൽ എഴുതിയിട്ടുണ്ടായിരുന്നു; മക്കയ്ക്കും ത്വായിഫിനുമിടയിലുള്ള നഖ്ല താഴ്വരയിലേക്കു നിങ്ങൾ പോകുകയും ഖുറൈശികളുടെ അവസ്ഥകളെക്കുറിച്ചറിയുകയും അത് നമ്മെ അറിയിക്കുകയും ചെയ്യുക. അതിനു ശേഷം ആ സംഘം നഖ്ലയിലേക്കു തിരിച്ചു. വഴിമധ്യേ സഅദുബ്നു അബീ വഖാസിന്റെയും ഉത്ബ ബിൻ ഗസ്വാന്റെയും ഒട്ടകം കാണാതെ പോയി. അവർ അതിന്റെ അന്വേഷണത്തിൽ കൂടെയുള്ളവരിൽ കൂട്ടം തെറ്റിപ്പോയി. വളരെ അന്വേഷിച്ചിട്ടും കൂടെയുള്ളവരെ കണ്ടെത്താനായില്ല. അങ്ങനെ ആറുപേരടങ്ങുന്ന ഒരു സംഘമായി അവശേഷിച്ചു.

മുസ്ലിംകളുടെ ഈ ചെറു സംഘം നഖ്ലയിൽ എത്തുകയും തങ്ങളുടെ ജോലികളിൽ വ്യാപൃത

രാകുകയും ചെയ്തു. അവരിൽ ചിലർ രഹസ്യം കാത്തുസൂക്ഷിക്കുന്നതിനായി തല മുണ്ഢനം ചെയ്തു. വഴിപോക്കർ അവരെ ഉംറ നിർവ്വഹിക്കുന്നതിനായി വന്നവരാണെന്നു ധരിക്കുകയും ആർക്കും യാതൊരു സംശയവും തോന്നാതിരിക്കാൻവേണ്ടിയുമാണ് അങ്ങിനെ ചെയ്തത്. പക്ഷേ ഒരു ദിവസം ത്വായിഫിൽ നിന്നും മക്കയിലേക്കു പോകുകയായിരുന്ന ഖുറൈശികളുടെ ഒരു ചെറുസംഘം പെട്ടെന്നവിടെ എത്തിച്ചേർന്നു. ഇരു സംഘങ്ങളും നേർക്കുനേർ കണ്ടുമുട്ടി. എന്തു ചെയ്യണമെന്ന് മുസ്‌ലിംകൾ പരസ്പരം കൂടിയാലോചിച്ചു. നബി(സ)തിരുമേനി അതീവ രഹസ്യമായി വാർത്ത കളറിഞ്ഞുവരാൻ അയച്ചതായിരുന്നു. ഒരു ആക്രമണം നടത്താനായിട്ടായിരുന്നില്ല അയച്ചത്. അങ്ങിനെ രണ്ടു എതിർകക്ഷികളും മുഖാമുഖം നിൽക്കുകയായിരുന്നു. സ്വാഭാവികമായും അവർക്കു തോന്നി അതായത് ഖുറൈശി സംഘം നമ്മെ കണ്ടു കഴിഞ്ഞു. ഇനി രഹസ്യം സൂക്ഷിക്കുവാൻ കഴിയില്ല. അതേ സമയം ചില മുസ്‌ലിംകൾ ചിന്തിച്ചു; ഇത് റജബ് മാസമാണ് അതായത് ശഹ്റെ ഹറാമിന്റെ(ആദരണീയ മാസത്തിന്റെ) അവസാനമാണ്. അറബികളുടെ സമ്പ്രദായമനുസരിച്ച് യുദ്ധം ചെയ്യാൻ പാടില്ല. നഖ്‌ല താഴ്‌വരയാണെങ്കിൽ ഹറമിന്റെ അതിർത്തി പ്രദേശത്തായിരുന്നു സ്ഥിതി ചെയ്യുന്നത്. ഇന്നുതന്നെ എന്തെങ്കിലും തീരുമാനമുണ്ടായില്ലെങ്കിൽ നാളെ ഈ സംഘം ഹറമിൽ പ്രവേശിക്കുന്നതാണ്. അതിന്റെ പവിത്രത കാത്തു സൂക്ഷിക്കേണ്ടതും ആവശ്യമാണ്. ഇതെല്ലാം ചിന്തിച്ച് ഒടുവിൽ മുസ്‌ലിംകൾ തീരുമാനമെടുത്തു. ഖുറൈശി സംഘത്തെ ആക്രമിക്കുക. ആക്രമിച്ച് ബന്ദികളാക്കുകയോ വധിക്കുകയോ ചെയ്യുക. അങ്ങനെ അവർ ആക്രമിച്ചു സത്യനിഷേധികളിലെ ഒരാൾ വധിക്കപ്പെട്ടു രണ്ടുപേരെ ബന്ദികളാക്കി. നാലാമത്തെ ആൾ ഓടി രക്ഷപ്പെട്ടു. മുസ്‌ലിംകൾക്ക് അയാളെ പിടികൂടാൻ കഴിഞ്ഞില്ല. അപ്രകാരം അവരുടെ പദ്ധതികൾ വിജയത്തിന്റെ വക്കിലെത്തി. അതിനു ശേഷം മുസ്‌ലിംകൾ ആ സംഘത്തിന്റെ മുതലുകൾ കൈക്കലാക്കി. ഖുറൈശികളുടെ ഒരാൾ രക്ഷപ്പെട്ടിരിക്കുന്ന സ്ഥിതിക്ക് തീർച്ചയായും അയാൾ ഈ ആക്രമണത്തെക്കുറിച്ചുള്ള വാർത്ത മക്കയിലെത്തിക്കും അതുകൊണ്ട് അബ്ദുല്ലാഹിബ്നു ജഹശും കൂട്ടരും യുദ്ധമുതലുകളുമായി പെട്ടെന്ന് മദീനയിലേക്കു തിരിച്ചുവന്നു. ഈ സംഘം നബി(സ)തിരുമേനിയുടെ സവിധത്തിലെത്തി നടന്നതെല്ലാം കേൾപ്പിച്ചു. അപ്പോൾ അവിടന്ന് വളരെയധികം കോപിച്ചു. എന്നിട്ടു പറഞ്ഞു; ഞാൻ നിങ്ങൾക്കു ശഹ്റെ ഹറാമിൽ അതായത് ആദരണീയ മാസത്തിൽ യുദ്ധം ചെയ്യാൻ അനുവാദം നൽകിയിട്ടുണ്ടായിരുന്നില്ല. തിരുമേനി(സ) ഗനീമത്തുമുതൽ (യുദ്ധമുതൽ) നിഷേധിക്കുകയുണ്ടായി. അബ്ദുല്ലായും കൂട്ടരും അത്യധികം ലജ്ജിതരായി. അല്ലാഹുവിന്റെയും റസൂലിന്റെയും കോപത്തിനിരയായിക്കൊണ്ട് നാം നശിച്ചുപോയിരിക്കുന്നു എന്നവർ ചിന്തിച്ചു. നിങ്ങൾ എന്താണീ ചെയ്തത് എന്നു പറഞ്ഞ് മറ്റു സ്വഹാബികളും അവരെ കുറ്റപ്പെടുത്തി.

മറുവശത്ത് ഖുറൈശികളും ബഹളമുണ്ടാക്കി മുസ്‌ലിംകൾ ആദരണീയ മാസത്തിന്റെ പവിത്രത തകർത്തിരിക്കു ന്നു. ഖുറൈശികളിൽ നിന്നും വധിക്കപ്പെട്ട വ്യക്തി അംറുബിൻ അൽഹിദ്റമി ഒരു നേതാവും മക്കയിലെ നേതാവായിരുന്ന ഉത്ബ ബിൻ റബീഅയുടെ മക്കയിലെ സഖ്യകക്ഷികളിൽപ്പെട്ടയാളുമായിരുന്നു. അക്കാരണം കൊണ്ടും ഈ സംഭവത്തിൽ ഖുറൈശികളുടെ കോപാഗ്നി കൂടുതൽ ആളിക്കത്തി. അവർ പൂർവ്വാധികം ആവേശത്തോടുകൂടി മദീനയെ ആക്രമിക്കാൻ തയ്യാറായി. ചുരുക്കത്തിൽ ഈ സംഭവത്തോടെ മുസ്‌ലിംകളും നിഷേധികളും ഇരുകൂട്ടരും തമ്മിൽ വാഗ്വാദങ്ങളുണ്ടായി. ഒടുവിൽ വിശുദ്ധ ഖുർആനിലെ ഈ ആയത്ത് ഇറങ്ങി. അതിനു ശേഷം മുസ്‌ലിംകൾക്ക് ആശ്വാസവും സമാധാനവുമുണ്ടായി. ആ വചനം ഇതാണ്.

***ആദരണീയ മാസത്തിൽ യുദ്ധം ചെയ്യുന്നതിനെ സംബന്ധിച്ച് ജനങ്ങൾ നിന്നോടു ചോദിക്കുന്നു. അവരോടു പറയുക, അതിൽ യുദ്ധം ചെയ്യുന്നത് വലിയ അപരാധമാണ്. എന്നാൽ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിന്നു ജനങ്ങളെ തടയുന്നതും അവനെ നിഷേധിക്കുന്നതും അവിടത്തെ നിവാസികളെ അതിൽനിന്നു ബഹിഷ്കരിക്കുന്നതും അല്ലാഹുവിന്റെ പക്കൽ അതിനേക്കാൾ വലിയ അപരാധമാകുന്നു. തീർച്ചയായും ആദരണീയ മാസത്തിൽ ഫിത്ന ഉണ്ടാക്കുക എന്നത് ആ ഫിത്നയെ തടയുന്നതിനു വേണ്ടി കൊല ചെയ്യുന്നതിനേക്കാൾ കുറ്റകരമാണ്. മുസ്‌ലിംകളേ, സത്യനിഷേധികളുടെ അവസ്ഥ എ പ്രകാരമാണെന്നാൽ അവർ നിങ്ങളോടുള്ള ശത്രുതയാലുള്ള അന്ധത നിമിത്തം ഏതു സമയത്തും എവിടെ വച്ചും നിങ്ങളോടു യുദ്ധം ചെയ്യാൻ മടിക്കുകയില്ല. അവർക്കു സാധിക്കുമെങ്കിൽ നിങ്ങളുടെ മതത്തിൽനിന്നു നിങ്ങളെ പിന്തിരിപ്പിക്കുവോളം അവർ നിങ്ങളോടു യുദ്ധം ചെയ്തുകൊണ്ടേയിരിക്കും. (അൽബഖറ:218)***

അല്ലാഹുവിൽ നിന്നുള്ള ഈ മറുപടി മുസ്‌ലിംകൾക്ക് ആശ്വാസദായകമായിരുന്നു. ഖുറൈശികളും അല്പം അടങ്ങി. അതിനിടയിൽത്തന്നെ അവരുടെ ആളുകൾ അവരുടെ തടവിലാക്കപ്പെട്ട രണ്ടു പേരെ മോചിപ്പിക്കുന്നതിനായി മദീനയിലെത്തി. അപ്പോൾ സഅദുബിനു അബീവഖാസും ഉത്ബാ ബിൻ ഗസ്വാനും തിരിച്ചെത്തിയിട്ടുണ്ടായിരുന്നില്ല. അവർ ഖുറൈശികളുടെ കൈകളിലകപ്പെട്ടു കഴിഞ്ഞാൽ അവരെ ജീവനോടെ വിടുകയില്ല എന്നോർത്ത് നബിതിരുമേനി ആശങ്കപ്പെട്ടു. അതുകൊണ്ട് അവിടന്ന് അവർ രണ്ടു പേരും തിരിച്ചെത്തുന്നതുവരെ തടവുപുള്ളികളെ വിട്ടുകൊടുത്തില്ല. എന്റെ രണ്ടാളുകൾ സുരക്ഷിതമായി മദീനയിൽ തിരിച്ചെ

ത്തിക്കഴിഞ്ഞാൽ നിങ്ങളുടെ ആളുകളെയും വിട്ടയക്കാം എന്നു പറഞ്ഞു. അങ്ങനെ അവർ രണ്ടു പേരും തിരിച്ചെത്തിയപ്പോൾ ഫിദിയ വാങ്ങി അവരെ വിട്ടയച്ചു. എന്നാൽ അതിൽ ഒരാൾ സ്വതന്ത്രനാക്കപ്പെട്ടിട്ടും തിരിച്ചുപോകാൻ തയ്യാറായില്ല. മദീനയിൽ താമസിക്കുന്നതിനിടയിൽ നബി(സ)തിരുമേനിയുടെ ഉന്നത സവിശേഷ സ്വഭാവഗണങ്ങളും ഇസ്‌ലാമിക അധ്യാപനങ്ങളുടെ യാഥാർത്ഥ്യവും അതെത്രമാത്രം അയാളെ സ്വാധീനിച്ചിരുന്നു. പിന്നീട് മുസ്‌ലിമായിക്കൊണ്ട് നബി(സ)തിരുമേനിയുടെ സഹചരൻമാരിൽ ഉൾപ്പെടുകയും ഒടുവിൽ ബിഅ്റെ മഊനയിൽ ശഹീദാകുകയും ചെയ്തു.

ഹദ്റത്ത് ഉത്ബ ബിൻ ഗസവാന് ബദർ യുദ്ധത്തിലും തുടർന്നുള്ള എല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയുടെ കൂടെ പങ്കെടുക്കുവാനുള്ള സൗഭാഗ്യമുണ്ടായി. നബി(സ)തിരുമേനിയുടെ പ്രഗല്ഭരായ അമ്പെയ്ത്തുകാരിൽ പെട്ടയാളായിരുന്നു ഹദ്റത്ത് ഉത്ബ ബിൻ ഗസ വാൻ. ഹദ്റത്ത് ഉമർ(റ) ഹദ്റത്ത് ഉത്ബയെ പേർഷ്യയിൽ നിന്നുള്ള ഉബുല പ്രദേശത്തെ ആളുകളുമായി യുദ്ധം ചെയ്യുന്നതിനായി ബസ്രയിലേക്കയച്ചു. എണ്ണൂറ് ആളുകളോടൊപ്പമായിരുന്നു ഹദ്റത്ത് ഉമർ(റ) അയച്ചത്. പിന്നീട് കൂടുതൽ സഹായങ്ങൾ എത്തിക്കുകയുണ്ടായി. ഹദ്റത്ത് ഉത്ബ, ഉബുല പ്രദേശം കീഴടക്കുകയും ബസ്ര പട്ടണത്തിനായി അതിർ നിശ്ചയിക്കുകയും ചെയ്തു. ബസ്രയെ ഒരു പട്ടണമാക്കുകയും അതിനെ ജനനിബിഡമാക്കുകയും ചെയ്ത ആദ്യത്തെ വ്യക്തിയായിരുന്നു അദ്ദേഹം. ഹദ്റത്ത് ഉമർ(റ) ഹദ്റത്ത് ഉത്ബ ബിൻ ഗസ്വാനെ ബസ്രയുടെ ഭരണാധികാരിയായി നിയമിച്ചപ്പോൾ അദ്ദേഹം ഖരീബ എന്ന പ്രദേശത്തു നിൽക്കുകയായിരുന്നു. ഹദ്റത്ത് ഉത്ബ ഹദ്റത്ത് ഉമർ(റ)നു കത്തെഴുതി അറിയിച്ചു; മുസ്‌ലിംകൾക്കായി ശീത കാലം കഴിച്ചു കൂട്ടുന്നതിനും യുദ്ധം കഴിഞ്ഞു വരുമ്പോൾ തങ്ങുന്നതിനും അനുയോജ്യമായ ഒരു സ്ഥലം കണ്ടെത്തേ ണ്ടത് അനിവാര്യമാണ്. ഹദ്റത്ത് ഉമർ(റ) അദ്ദേഹത്തിനെഴുതി മുസ്‌ലിംകളെ വെള്ളവും, മൃഗങ്ങൾക്കുള്ള മേച്ചിൽ സ്ഥലവും ഉള്ള ഒരു സ്ഥലത്ത് ഒരുമിച്ചു കൂട്ടുക.

വാളിന്റെ തണലിനു കീഴെയാണ് ഞങ്ങൾ വളർന്നത്. അദ്ദേഹം തന്റെ വാക്കുകൾ അവസാനിപ്പിച്ചില്ല അതിനു മുൻപായി അബുൽ ഹൈസം ബിൻ തിഹ്യാൻ അദ്ദേഹത്തിന്റെ വാക്കുകൾ ഭേദിച്ചു. ഉത്ബ അവരെ ബസ്രയിൽ കൊണ്ടുപോയി താമസിപ്പിച്ചു. ഹദ്റത്ത് ഉത്ബ ഹജ്ജ് നിർവ്വഹിക്കുന്നതിനായി പോയപ്പോൾ മജാശി ഉബ്നു വസവദിനെ താല്കാലിക പ്രതിനിധിയായി നിയമിച്ചുകൊണ്ട് ഫുറാത്തിലേക്കു നീങ്ങുവാൻ കൽപിച്ചു. ഹദ്റത്ത് മുഗീറ ബിൻ ശിഅ്ബയോട് നമസ്കാരത്തിന് ഇമാമത്ത് വഹിക്കാൻ കല്പന നൽകി. ഹദ്റത്ത് ഉത്ബ ഹദ്റത്ത് ഉമർ(റ)ന്റെ അടുക്കൽ എത്തിയപ്പോൾ ഭരണാധികാരത്തിൽ നിന്നും രാജിവയ്ക്കുവാൻ ആഗ്രഹിച്ചു. പക്ഷേ ഹദ്റത്ത് ഉമർ അദ്ദേഹത്തിന്റെ രാജി സ്വീകരിച്ചില്ല. അപ്പോൾ അദ്ദേഹം ദുആ ചെയ്തു അല്ലാഹുവേ നീ എന്നെ ആ പട്ടണത്തിലേക്കു മടക്കി അയയ്ക്കരുതേ. പിന്നീട് അദ്ദേഹം യാത്രാമൃഗത്തിൽ നിന്നും വീഴുകയും ഹിജ്രി 17ന് നിര്യാതനാകുകയും ചെയ്തു. ഹദ്റത്ത് ഉത്ബയുടെ വഫാത്തിനുശേഷം അദ്ദേഹത്തിന്റെ അടിമയായ സുവൈദ് അദ്ദേഹത്തിന്റെ സാധനങ്ങളും സ്വത്തും ഹദ്റത്ത് ഉമറിന്റെ അടുക്കൽ കൊണ്ടു ചെന്നു. ഹദ്റത്ത് ഉത്ബ 57 വയസ്സു വരെ ജീവിച്ചു. പൊക്കമുള്ളയാളും സുന്ദരനുമായിരുന്നു അദ്ദേഹം.

അടുത്ത സ്വഹാബിയുടെ പേരാണ് ഹദ്റത്ത് സഅദുബിൻ ഉബാദ. അദ്ദേഹത്തിന്റ വംശനാമം അബൂസാബിത് എന്നായിരുന്നു. ഹദ്റത്ത് സഅദുബിൻ ഉബാദ ഒരു നേതാവും ധർമ്മിഷ്ഠനുമായിരുന്നു. എല്ലാ യുദ്ധങ്ങളിലും അൻസ്വാറുകളുടെ പതാക അദ്ദേഹത്തിന്റെ കയ്യിലായിരുന്നു. അൻസ്വാറുകളുടെ കൂട്ടത്തിൽ പ്രതാപമുള്ളയാളായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ നേതൃത്വം എല്ലാവരും അംഗീകരിച്ചിരുന്നു. ജാഹിലിയ്യാ കാലത്ത് അദ്ദേഹത്തിന് അറബി എഴുത്തറിയാമായിരുന്നു. ആ കാലത്ത് എഴുത്തറിയുന്നവർ വളരെ കുറവായിരുന്നു. നീന്തലിലും അമ്പെയ്ത്തിലും പ്രഗല്ഭനായിരുന്നു. ഇക്കാര്യങ്ങളിൽ പ്രാഗല്ഭ്യമുള്ളവരെ കാമിൽ എന്നാണ് പറയപ്പെട്ടിരുന്നത്. ഹശാംബിൻ ഉർവ തന്റെ പിതാവിൽ നിന്ന് നിവേദനം ചെയ്യുന്നു, ഞാൻ സഅദുബിൻ ഉബാദയെ കാണുന്നത് അദ്ദേഹം തന്റെ കോട്ടയുടെ മുകളിൽ നിന്നും പറയുന്ന അവസ്ഥയിലാണ്; നിങ്ങളിൽ മാംസവും കൊഴുപ്പും കഴിക്കാനാഗ്രഹിക്കുന്നവർ സഅദുബ്നു ഉബാദയുടെ അടുക്കൽ വരിക. ഞാൻ അദ്ദേഹത്തിന്റെ മകനെയും അതുപോലെ ക്ഷണിക്കുന്നത് കണ്ടിട്ടുണ്ട്. മകനും സൽക്കരിക്കുമായിരുന്നു. രണ്ടാം ബൈഅത്തെ ഉഖ്ബയിലാണ് ഹദ്റത്ത് സഅദുബിൻ ഉബാദ ഇസ്‌ലാം സ്വീകരിച്ചത്. സീറത്തു ഖാതമുന്നബിയ്യീനിൽ ഇതു സംബന്ധമായി ഇപ്രകാരം വിവരിക്കുന്നു, 13 നബവിയിൽ ദുൽഹജ്ജ് മാസത്തിൽ ഹജ്ജ് വേളയിൽ ഔസിലെയും ഖദ്‌റജിലെയും കുറച്ചാളുകൾ മക്കയിൽ വന്നു. അതിൽ എഴുപത് ആളുകൾ മുസ്‌ലിംകളായിരുന്നു അല്ലെങ്കിൽ മുസ്‌ലിംകളാകാൻ ആഗ്രഹിച്ചു വന്നവരായിരുന്നു.

നബി(സ)തിരുമേനിക്ക് മിസ്അബ് മുഖേന അൻസ്വാറുകളുടെ വരവിനെക്കുറിച്ച് അറിവു ലഭിച്ചിരുന്നു. അവരിൽ പലരും വ്യക്തിപരമായി കൂടിക്കാഴ്ച നടത്തിയവരായിരുന്നു. എന്നാൽ ഈ അവസരത്തിൽ ഒരുമിച്ച് വ്യത്യസ്തമായോരു കൂടിക്കാഴ്ച ആവശ്യമായിരുന്നു. അങ്ങനെ ഹജ്ജ് കർമ്മങ്ങൾ പൂർത്തിയായതിനു ശേഷം ദുൽഹജ്ജ് മാസത്തിന്റെ മധ്യത്തിൽ ഒരു തീയ

തി നിശ്ചയിക്കപ്പെട്ടു. നിശ്ചിത ദിവസം പാതിരാത്രിയോടടുത്ത സമയത്ത് എല്ലാവരും കഴിഞ്ഞ വർഷം സമ്മേളിച്ച താഴ്‌വാരത്തിൽ വന്ന് നബി(സ)തിരുമേനിയുമായി കാണുക. അങ്ങനെ നിശ്ചിത ദിവസം വന്നെത്തിയപ്പോൾ രാത്രിയിൽ വീട്ടിൽ നിന്നും തനിച്ച് പുറത്തിറങ്ങി. വഴിയിൽ വെച്ച് പിതൃസഹോദരനായ അബ്ബാസിനെയും കൂടെ കൂട്ടി. അദ്ദേഹം അപ്പോൾ ബഹുദൈവ വിശ്വാസിയായിരുന്നു. എങ്കിലും നബി(സ)തിരുമേനിയോട് സ്നേഹമായിരുന്നു. തുടർന്ന് രണ്ടു പേരുംകൂടി താഴ്‌വാരത്തിലെത്തി. അൻസ്വാറുകളും ഓരോരുത്തരായും ഈരണ്ടു പേരായും അവിടെ എത്തിച്ചേർന്നു. ഏറ്റവുമാദ്യം അബ്ബാസ് സംഭാഷണമാരംഭിച്ചു. അല്ലയോ ഖദ്‌റജിന്റെ സമൂഹമേ മുഹമ്മദ് (സ) കുടുംബത്തിൽ ആദരണീയനും പ്രിയപ്പെട്ടവനുമാണ്. ഇന്നുവരെ കുടുംബം അദ്ദേഹത്തിന്റെ സംരക്ഷണം ഏറ്റെടുത്തുകൊണ്ടിരുന്നു. എല്ലാ ആപൽഘട്ടങ്ങളിലും അദ്ദേഹത്തിനായി നെഞ്ചു വിരിച്ചു നിന്നു. എന്നാൽ ഇപ്പോൾ മുഹമ്മദ് തന്റെ സ്വദേശം വിട്ട് നിങ്ങളുടെയടുക്കൽ വരുവാനാണ് ഉദ്ദേശിക്കുന്നത്. ആയതിനാൽ നിങ്ങൾ അദ്ദേഹത്തെ നിങ്ങളോടൊപ്പം കൊണ്ടുപോകുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ നിങ്ങൾ അദ്ദേഹത്തെ എല്ലാതരത്തിലും സംരക്ഷിക്കേണ്ടി വരും. ഏതു ശത്രുവിന്റെ മുന്നിലും നെഞ്ചു വിരിച്ചു നിൽക്കേണ്ടിവരും. അതിനു നിങ്ങൾ തയ്യാറാണെങ്കിൽ വളരെ നല്ലത് അല്ലാത്തപക്ഷം വ്യക്തമായി മറുപടി നൽകുക. കാര്യങ്ങൾ വ്യക്തമായി പറയുക എന്നത് ഉത്തമമാകുന്നു. അൽബറാഉബ്നു മഅ്റൂർ, അദ്ദേഹം അൻസ്വാറുകളുടെ ഗോത്രത്തിലെ പ്രായം കൂടിയതും സ്വാധീനമുള്ള മാന്യനായ ഒരു വ്യക്തിയുമായിരുന്നു. അദ്ദേഹം പറഞ്ഞു; അബ്ബാസ് താങ്കളുടെ വാക്കുകൾ ഞങ്ങൾ കേട്ടു. എന്നാൽ നബിതിരുമേനിയും തങ്ങളുടെ തിരുനാവുകൊണ്ട് എന്തെങ്കിലും അല്പം സംസാരിക്കണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. ഞങ്ങളിലർപ്പിക്കാൻ പോകുന്ന ഉത്തരവാദിത്തങ്ങളെക്കുറിച്ച് വിവരിക്കണമെന്നുമാണ് ആഗ്രഹിക്കുന്നത്. അപ്പോൾ നബി(സ)തിരുമേനി വിശുദ്ധഖുർആനിൽ നിന്നും ചില ആയത്തുകൾ തിലാവത്തു ചെയ്തതിനു ശേഷം ഇസ്‌ലാമിക അധ്യാപനങ്ങളെക്കുറിച്ച് ലഘു പ്രഭാഷണം നടത്തി. അല്ലാഹുവിനോടും അല്ലാഹുവിന്റെ ദാസരോടുള്ള കടമകളെക്കുറിച്ച് വിവരിച്ചു കൊണ്ട് പറഞ്ഞു; ഞാൻ എനിക്കായി ഇത്രമാത്രമാണ് പറയാൻ ആഗ്രഹിക്കുന്നത് അതായത് ഏതുപോലെ നിങ്ങൾ നിങ്ങളുടെ ഉറ്റവരെയും ബന്ധുക്കളെയും സംരക്ഷിക്കുന്നുവോ ആവശ്യഘട്ടങ്ങളിൽ എന്നോടും അങ്ങനെ പെരുമാറുക. തിരുമേനിയുടെ പ്രഭാഷണം തീർന്നപ്പോൾ അൽബറാ ഉബ്നു മഅ്റൂർ അറേബ്യൻ രീതിയനുസരിച്ച് തിരുമേനിയുടെ കരങ്ങൾ സ്വന്തം കൈകളിലെടുത്തുകൊണ്ട് പറഞ്ഞു; യാ റസൂലല്ലാഹ് താങ്കളെ സത്യതയോടെ നിയോഗിച്ചയച്ച അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്തുകൊണ്ട് ഞങ്ങൾ പറയുകയാണ്; ഞങ്ങൾ സ്വന്തം ജീവനെപ്പോലെ താങ്കളെ സംരക്ഷിക്കുന്നതാണ്. വാളിന്റെ തണലിനു കീഴെയാണ് ഞങ്ങൾ വളർന്നത്. അദ്ദേഹം തന്റെ വാക്കുകൾ അവസാനിപ്പിച്ചില്ല അതിനു മുൻപായി അബുൽഹൈസം ബിൻ തിഹ്‌യാൻ അദ്ദേഹത്തിന്റെ വാക്കുകൾ ഭേദിച്ചുകൊണ്ട് പറഞ്ഞു; യാറസൂലല്ലാഹ് യസ്‌രിബിലെ യഹൂദികളുമായി ഞങ്ങൾക്ക് ദീർഘകാലത്തെ ബന്ധമാണുള്ളത്. താങ്കളെ പിന്തുണയ്ക്കുകയാണെങ്കിൽ ആ ബന്ധം മുറിഞ്ഞു പോകുന്നതാണ്. അല്ലാഹു താങ്കൾക്ക് വിജയം നൽകിക്കഴിഞ്ഞാൽ താങ്കൾ ഞങ്ങളെ ഉപേക്ഷിച്ച് സ്വദേശത്തേക്ക് തിരിച്ചു പോകരുത്. അങ്ങനെ ഞങ്ങൾ അവിടെയും ഇവിടെയും അല്ലാത്ത അവസ്ഥ ഉണ്ടാകരുത്. നബിതിരുമേനി ചിരിച്ചുകൊണ്ട് പറഞ്ഞു ഇല്ല അങ്ങനെ ഒരിക്കലുമുണ്ടാകില്ല. നിങ്ങളുടെ രക്തം എന്റെ രക്തമാണ്. നിങ്ങളുടെ സുഹൃത്തുക്കൾ എന്റെയും സുഹൃത്തുക്കളായിരിക്കും. നിങ്ങളുടെ ശത്രുക്കൾ എന്റെയും ശത്രുക്കളായിരിക്കും. അപ്പോൾ അബ്ബാസു ബിൻ ഉബാദ അൻസ്വാരി തന്റെ കൂടെയുള്ളവരിലേക്ക് കണ്ണോടിച്ചു കൊണ്ടു പറഞ്ഞു, സുഹൃത്തുക്കളെ, ഈ പരസ്പരമുള്ള പ്രതിജ്ഞയുടെ അർത്ഥമെന്താണെന്ന് നിങ്ങൾക്കറിയുമോ? അതിനർത്ഥം നിങ്ങളിനി കറുത്തവനും വെളുത്തവനുമായ ഓരോരുത്തരോടും പോരാടാൻ തയ്യാറായിക്കൊള്ളുക എന്നാണ്. (അതായത് പല സമൂഹത്തിൽപ്പെട്ട ആളുകളുമായും പോരാടേണ്ടിവരും). ജനങ്ങൾ പറഞ്ഞു; അതെ അല്ലാഹുവിന്റെ റസൂലേ ഞങ്ങൾക്കതറിയാം. പക്ഷേ അതിനു പകരമായി ഞങ്ങൾക്കെന്തു ലഭിക്കും? നിങ്ങൾക്ക് അല്ലാഹുവിന്റെ പാരിതോഷികങ്ങളിൽ വച്ചേറ്റവും മികച്ച പാരിതോഷികമായ സ്വർഗ്ഗം ലഭിക്കുന്നതാണ്. എല്ലാവരും ഒറ്റ സ്വരത്തിൽ പറഞ്ഞു; ഞങ്ങൾക്കീ മാറ്റക്കച്ചവടം സമ്മതമാണ്. അല്ലാഹുവിന്റെ റസൂലേ അങ്ങയുടെ കരങ്ങൾ മുമ്പോട്ട് നീട്ടിയാലും. അവിടന്ന് കരങ്ങൾ മുൻപിലേക്ക് നീട്ടി. ആ എഴുപത് ത്യാഗവര്യൻമാരായ സംഘം ഒരു പ്രതിരോധ ഉടമ്പടിക്കായി തങ്ങളെ തിരുമേനിയുടെ കരങ്ങളിൽ വിൽക്കുകയായിരുന്നു. ഈ ബൈഅത്തിന്റെ പേര് ബൈഅത്തെ ഉഖ്ബ സാനിയ അഥവാ രണ്ടാം ബൈഅത്തെ ഉഖ്ബ എന്നാണ്.

ഈ ബൈഅത്ത് നടന്നുകഴിഞ്ഞപ്പോൾ തിരുമേനി പറഞ്ഞു; മൂസ(അ)യും തന്റെ സമൂദായത്തിൽ നിന്ന് തന്റെ പ്രതിനിധികളായി പന്ത്രണ്ടു പേരെ നിശ്ചയിച്ചിരുന്നു. അവർ മൂസയുടെ ഭാഗത്തുനിന്നുള്ള അവരുടെ മേൽനോട്ടക്കാരും സംരക്ഷകരുമായിരുന്നു. ഞാനും നിങ്ങളിൽ നിന്ന് പന്ത്രണ്ട് പ്രതിനിധികളെ നിശ്ചയിക്കുകയാണ്. അവർ നിങ്ങളുടെ മേൽനോട്ടം വഹിക്കുന്ന

ശേഷം പേജ് 14 ൽ

# ഹദ്റത്ത് അഹ്മദ് (അ): യുഗസംക്രമണത്തിന്റെ ജ്ഞാന സൂര്യൻ

പ്രവചനങ്ങളുടെ നിറവിൽ ആധുനിക കാലത്ത് യഥാകാലം ദൈവത്താൽ നിയോഗിതനായ വാഗ്ദത്ത മതപുരുഷനാണ് ഹദ്റത്ത് അഹ്മദ് (അ). അവിടുത്തെ വിശുദ്ധ ജീവിതത്തെ കുറിച്ചുള്ള ഒരു രേഖാചിത്രമാണ് ലേഖകൻ വിവരിക്കുന്നത്

**ബി മൻസൂർ അഹ്മദ്, മാത്തോട്ടം**

ചരിത്രത്തിന്റെ ഭാഗധേയം ദൈവ നിർണ്ണിതങ്ങളായ രഥ്യകളിലൂടെയാണ് മുന്നോട്ട് പോകുന്നത്. പ്രപഞ്ച സൃഷ്ടിക്ക് കാരണഭൂതരായ ഹദ്റത്ത് റസൂൽ തിരുമേനി (സ) യുടെ അധരത്താൽ വചിക്കപ്പെട്ട ദൈവകൽപ്പിതമായ ഒരു മഹാപ്രവചനത്തിന്റെ സാക്ഷാത്ക്കാരമായിരുന്നു ഹദ്റത്ത് അഹ്മദി (അ)ന്റെ നിയോഗം. ***വ ഇൻ മിൻ ഉമ്മത്തി ഇല്ലാ ഖലാ ഫീഹാ നദീർ*** ഒരു താക്കീതുകാരൻ വന്നു കഴിഞ്ഞിട്ടില്ലാത്ത ഒരു സമുദായവുമില്ല എന്ന് മാനവ ചരിത്രത്തെ പറ്റി വിശുദ്ധ ഖുർആൻ പറഞ്ഞ സാരവാക്യത്തിന്റെ സമകാലീന സാക്ഷ്യം കൂടിയായിരുന്നു ഹദ്റത്ത് അഹ്മദ് (അ)

മത ചരിത്രം പരിശോധിച്ചാൽ മനുഷ്യ സമുദായത്തിൽ ജീർണ്ണത മുറ്റിനിന്ന കാലഘട്ടങ്ങളിലെല്ലാം പ്രവാചകന്മാരുടെ അവതാരങ്ങളും ജ്ഞാനികളുടെ നിയോഗങ്ങളും ഉണ്ടായിട്ടുണ്ട്. ആധുനിക ലോകം മറ്റൊരുകാലത്തുമില്ലാത്ത വിധം നാനാ ഭാഗത്ത് നിന്നുമുള്ള സമൂലമായ പരിവർത്തനത്തിന് വിധേയമായിക്കൊണ്ടിരിക്കുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്. ജീവിതദർശനങ്ങളുടേയും രാഷ്ട്രീയ തത്വശാസ്ത്രങ്ങളുടേയും ശാസ്ത്ര സാങ്കേതിക മുന്നേറ്റത്തിന്റേയും ത്വരിതഗതിയിലുള്ള മാറ്റങ്ങൾ ഗതിവേഗം കൊള്ളുകയാണ്. നാഗരിക പരിഷ്കൃതിയുടെ നിരന്തരമുള്ള തരംഗമാലകൾ മതവിശ്വാസികളിൽ മാത്രമല്ല പാരമ്പര്യസമൂഹങ്ങളെയാകമാനം ധാർമികമായും ആദ്ധ്യാത്മികമായും ശിഥിലമാക്കിയിരിക്കുന്നു. ദിശാബോധമില്ലാതെ മുന്നോട്ടു പോകുന്ന സമൂഹഗതി തീർച്ചയായും മനുഷ്യനെ അസ്വസ്ഥനാക്കുന്നതാണ്. മതപരമായ മറ്റു പ്രമാണങ്ങളൊന്നുമില്ലാതെ തന്നെ താളം തെറ്റിയ മനുഷ്യ ജീവിതത്തിന്റെ സന്മാർഗ്ഗ ലക്ഷ്യത്തിലേക്ക് വഴികാട്ടാൻ ദൈവപ്രേഷിതനായ ഒരു ആധികാരിക മതപുരുഷനെ സമൂഹം അന്വേഷിക്കുന്നു എന്ന് വ്യക്തമാണ്. ആ തസ്തികയിലേക്ക് മനുഷ്യകൃതമായ നിരവധി വ്യാജ വ്യക്തികളേയും മൂർത്തികളേയും പ്രസ്ഥാനങ്ങളേയും മനുഷ്യൻ അവരോധിക്കുന്നു. എന്നാൽ റസൂൽ തിരുമേനി (സ) യുടേ പ്രവചന സാകല്യത്തിന്റെ നിറവിൽ മനുഷ്യന്റെ ആത്മീയമായ സ്വത്വബോധത്തെ സ്പർശിച്ചും തൃപ്തിപ്പെടുത്തിയും ഒരു യഥാർത്ഥ അവധൂതൻ സമാഗതനായിരിക്കുന്നു. ആ മതപുരുഷനാണ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി (അ).

ദൈവ നിയുക്തരാകുന്ന പ്രവാചകന്മാരുടെ പ്രേഷിത ദൗത്യം ദൈവത്തിൽ നിന്നും അകന്ന്പോയ മനുഷ്യരെ ദൈവവുമായി അടുപ്പിക്കുക എന്നതാണ്. അവരെപ്പോഴും സമൂഹത്തിന്റെ തിരസ്കൃത പുത്രന്മാരാണ്. അവർ ഭത്സിക്കപ്പെടുകയും പീഢിപ്പിക്കപ്പെടുകയും മർദ്ദിക്കപ്പെടുകയും വ്യാജാരോപണങ്ങൾ കൊണ്ട് അഭിഷിക്തരാകുകയും ചെയ്യും. ലോകത്തെവിടെയും എക്കാലത്തും പ്രവാചകന്മാർക്കും സത്യാത്മാക്കൾക്കും അവരുടെ സമകാലീന സമൂഹം നൽകിയ സ്വീകരണം അതായിരുന്നു. ഹദ്റത്ത് അഹമദ് (അ)ന്റെ കാര്യത്തിലും മറിച്ചൊന്ന് സംഭവിക്കാൻ തരമില്ലല്ലോ. സാവകാശം അവരുടെ സത്യം സമഗ്രമായി ലോകം തിരിച്ചറിയുകയും അവർ ലോകത്ത് വിജയശ്രീലാളിതരായി മാറുകയും ചെയ്യുമ്പോൾ നിഷേധികളായ നിർഭാഗ്യവാന്മാരുടെ അനേകം

തലമുറകൾ ദൈവിക നിയതിയുടെ അശനിപാതമേറ്റ് കടന്നു കഴിഞ്ഞിട്ടുണ്ടാവും. എല്ലാ മതഗ്രന്ഥങ്ങളും സമൂഹങ്ങൾ ജീർണ്ണിക്കുമ്പോഴുണ്ടാകുന്ന ഈ നവീകരണ പ്രക്രിയയെക്കുറിച്ച് പ്രതിപാദിച്ചിട്ടുണ്ട്.

യദാ യദാഹി ധർമ്മസ്യ
ഗ്ലാനിർ ഭവതി ഭരതാ
അഭ്യുത്ഥാന മധർമ്മസ്യ
തദാത്മനം സൃജാമഹം.
പരിത്രാണായാ സാധൂനാം
വിനാശായ ചതുഷ്കൃതാം
ധർമ്മ സംസ്ഥാപനാർത്ഥാ
യ സംഭവാമി യുഗേ യുഗേ.

എന്ന ഗീതാവചനവും ഖുർആൻ പറഞ്ഞ പ്രവാചക നിയോഗങ്ങളുടെ ചാക്രികമായ പ്രതിഭാസത്തിലേക്ക് തന്നെയാണ് വിരൽ ചൂണ്ടുന്നത്. മതവിശ്വാസികൾ മാത്രമല്ല മതത്തിൽ വിശ്വസിക്കാത്തവർ പോലും ഒരു രക്ഷകനെ കാത്തിരുക്കുന്നു. മനുഷ്യ സമൂഹത്തിന്റെ ഉപബോധമനസ്സിൽ പോലും രക്ഷകനെ കുറിച്ചുള്ള പ്രതീക്ഷ അതിതീവ്രമായിരുന്നു. രക്ഷകനെ കുറിച്ച് മലയാള കവി ഒ എൻ വി കുറുപ്പ് രക്ഷകൻ എന്ന തന്റെ കവിതയിൽ ആഗതനാകുന്ന രക്ഷകന്റെ ആകാര വർണ്ണനകളെ പറ്റി പ്രതീക്ഷാപൂർവ്വം ആരായുന്നുണ്ട്. രക്ഷകന്റേത് ഗോതമ്പിന്റെ വർണ്ണമുള്ള ദേഹമാണോ കായാമ്പൂ നിറമാണോ എന്നൊക്കെ ഒ എൻ വി ചോദിക്കുന്നുണ്ട്. ഒടുവിൽ അദ്ദേഹത്തിന്റെ നിഗമനം രക്ഷകൻ ജനങ്ങളിൽ നിന്നു തന്നെ ഒരാളായിരിക്കും എന്നാണ്. കമ്മ്യൂണിസ്റ്റ് തത്വശാസ്ത്രത്തിൽ വിശ്വസിക്കുന്ന ഒ എൻ വി പറഞ്ഞത്. വരുന്നയാൾ ജനങ്ങളിൽ നിന്നുള്ള ഒരാളായിരിക്കും എന്നാണ്. മതവിശ്വാസിയല്ലാത്ത കവിയുടെ രക്ഷകനെ കുറിച്ചുള്ള പ്രതീക്ഷയും ദൈവപ്രേഷിതനായ ഒരു രക്ഷകന്റെ ആവശ്യകതയിലേക്കാണ് വിരൽ ചൂണ്ടുന്നത്.

ഹദ്റത്ത് അഹ്മദ് (അ) നിയോഗിതനാവുമ്പോൾ പൊതുവേ ലോകത്തിന്റെ സ്ഥിതി ആത്മീയമായ എല്ലാ ചൈതന്യവും നശിച്ച് ദൈവവിശ്വാസം പോലും സാർവ്വത്രികമായി ചോദ്യം ചെയ്യപ്പെടുന്ന ഒരവസ്ഥയിലായിരുന്നു. ശാസ്ത്ര സാങ്കേതിക പുരോഗതിക്കും ഭൗതിക തത്ത്വശാസ്ത്രങ്ങളുടെ മുന്നേറ്റങ്ങൾക്കും മുമ്പിൽ അതിജീർണ്ണവും അന്ധവിശ്വാസ ജഡിലവുമായ മതവിശ്വാസങ്ങൾക്ക് പിടിച്ചു നിൽക്കാനാവില്ല എന്നത് വ്യക്തം. അതിന് ഒന്നാമതായി പ്രതിക്കൂട്ടിൽ നിർത്തപ്പെടേണ്ടത് മതങ്ങളെ തന്നെയാണ്. അന്തസാര ശൂന്യമായിരുന്നു അവരുടെ മതസങ്കൽപ്പങ്ങൾ. അതോടൊപ്പം ലൗകിക ആസക്തിയിൽ അഭിരമിക്കുന്ന മതനേതൃത്വവുമാണ് മതത്തെ ഭരിച്ചിരുന്നത്.

ദൈവവും മനുഷ്യനും തമ്മിലുള്ള ആത്മീയ ബന്ധം തീരെ അറ്റുപോയിരുന്നു. ഈ ബന്ധത്തെ പുനസ്ഥാപിക്കുകയും അതിനെ സംസ്ക്കരിക്കുകയും ജ്ഞാനപരമായി അവരെ ഉയർത്തുകയും ചെയ്യുക എന്നതാണ് ഒരു ദൈവ നിയോഗിതന്റെ ലക്ഷ്യം. ഇതിനർത്ഥം ഭൗതിക വിജ്ഞാനങ്ങളുടെ വർദ്ധനയല്ല. അല്ലാഹുവിനെ സംബന്ധിച്ച് അറിവും അവൻ അരുളുന്ന വിജ്ഞാനാനുഭൂതികളും ലഭ്യമാകും വിധം മനുഷ്യനെ സംസ്ക്കരിക്കുക എന്നതാണ്. വിശുദ്ധ ഖുർആൻ പറയുന്നു: **അല്ലാഹു സത്യവിശ്വാസികളിൽ അവരിൽ നിന്ന് തന്നെയുള്ള ഒരു ദൂതനെ നിയോഗിക്കുക വഴി തീർച്ചയായും അവർക്ക് ഔദാര്യം ചെയ്തിരിക്കുന്നു. അദ്ദേഹം അവർക്ക് അവന്റെ ദൃഷ്ടാന്തങ്ങൾ വിവരിച്ചുകൊടുക്കുകയും അവരെ സംസ്ക്കരിക്കുകയും അവർക്ക് തത്ത്വജ്ഞാനം പഠിപ്പിക്കുകയും ചെയ്യുന്നു. ഇതിനു മുമ്പാകട്ടെ അവർ പ്രത്യക്ഷമായ ദുർമാർഗ്ഗത്തിലായിരുന്നു. (3:165)** ഹദ്റത്ത് അഹ്മദ് (അ)ന്റെ ദൈവജ്ഞാനപരമായ അറിവ് ഈ കാലഘട്ടത്തിന്റെ അത്ഭുതമാണ്. അവിടുത്തെ ജീവിതത്തിലെ ആത്മീയ പ്രഭാവവും അദ്ദേഹം എഴുതിയ ജ്ഞാന നിർഭരമായ ഗ്രന്ഥങ്ങളും അതിന് സാക്ഷിയാണ്. അദ്ദേഹത്തിന്റെ പ്രകൃഷ്ട കൃതിയായ ഇസ്‌ലാം മത തത്വജ്ഞാനം എന്ന ഒരു ഗ്രന്ഥം തന്നെ വായിച്ചാൽ ആർക്കും അത് ബോദ്ധ്യമാവും.

അലിഗഢ് മുസ്‌ലിം സർവ്വകലാശാലയുടെ സ്ഥാപകനും പ്രഗല്ഭ പണ്ഡിതനുമായിരുന്നു സർ സയ്യിദ് അഹ്മദ് ഖാൻ. ബ്രിട്ടീഷ് ഭരണം അദ്ദേഹത്തിന് സ്റ്റാർ ഓഫ് ഇന്ത്യ എന്ന പദവി നൽകി ആദരിക്കുകയുണ്ടായി. സർ സയ്യിദ് വിശ്വാസപരമായി ഒരു പ്രകൃതി വാദിയായിരുന്നു എങ്കിലും തികഞ്ഞ ഒരു സമുദായാഭിമാനിയും പരിഷ്ക്കരണ വാദിയുമായിരുന്നു. അദ്ദേഹം റസൂൽ തിരുമേനി (സ)യുടെ വിശുദ്ധാദ്ധ്യാപനങ്ങൾക്ക് വിരുദ്ധമായ ചില സിദ്ധാന്തങ്ങളും അഭിപ്രായങ്ങളും ആവിഷ്ക്കരിക്കുകയും പ്രചരിപ്പിക്കുകയുമുണ്ടായി. ഇസ്‌ലാം മതം സ്വതന്ത്ര ചിന്തയെ ഇല്ലായ്മ ചെയ്യുന്നുവെന്നും ദുആ കേവലം അധര വ്യായാമം മാത്രമാണെന്നും അത് യാതൊരു ഫലവും പ്രദാനം ചെയ്യുന്നില്ല എന്നും അദ്ദേഹം വാദിച്ചു. വെളിപാടുകളും പ്രവചനങ്ങളും മിഥ്യയാണെന്നും അദ്ദേഹം പറഞ്ഞു. ദൈവികജ്ഞാനത്തിന്റെ ഏറ്റവും ആധികാരികമായ തെളിവ് അല്ലാഹുവിൽനിന്നും അവന്റെ പ്രിയ ദാസന് ലഭിക്കുന്ന വെളിപാടുകളും ആത്മീയ സാന്ത്വനങ്ങളുമാണെന്ന് വിശ്വസിക്കുകയും അതിന്റെ സ്വീകർത്താവുമായിരുന്നു വാഗ്ദത്ത മസീഹ്(അ). അവിടുന്ന് സർ സയ്യിദിന്റെ ഈ വാദത്തെ ഖണ്ഡിക്കുകയും അദ്ദേഹത്തിന് സമയവും സൗകര്യവുമുണ്ടെങ്കിൽ തന്റെ സവിധത്തിൽ വന്നു അതിന് നേരിട്ട് സാക്ഷിയാവാൻ ആഹ്വാനം ചെയ്യുകയും ആത്മീയ പരീക്ഷണത്തിന് വെല്ലുവിളിക്കുകയും ചെയ്തു. വാസ്തവത്തിൽ ഒരു പിടി മൺ

കട്ടയെ പൊൻകട്ടയാക്കുന്ന രാസ പ്രക്രിയയാണ് ദുആ. സർ സയ്യിദി നെ അഭിസംബോധന ചെയ്തു കൊണ്ട് വാഗ്ദത്ത മസീഹ് (അ) ഒരു പാർസിക്കവിതയിൽ എഴുതി:

**'പ്രാർത്ഥനക്ക് വല്ല ഫലവു മുണ്ടെങ്കിൽ അതെവിടെ എന്ന് ചോദിക്കുന്ന ഹേ മനുഷ്യാ, ത്ധടുതിയിൽ എന്റെ അടുത്തേക്ക് വരിക ഞാൻ ഉച്ചസൂര്യനെപ്പോലെ പ്രാർത്ഥനയുടെ ഫലം കാണിച്ചു തരാം ഭദ്രം! ദൈവത്തിന്റെ ശക്തി രഹസ്യങ്ങളെ നിഷേധിക്കല്ലാ. വാക്കുകൾ മതിയാക്കൂ. സ്വീകൃത മായി തീർന്ന എന്റെ പ്രാർത്ഥനയു ടെ പുലർച്ച നോക്കിപ്പാർക്കൂ.'**

പിന്നീട് ഹദ്റത്ത് അഹ്മദ് (അ) ന് എതിരായി ഒരക്ഷരം സർ സയ്യിദ് ഉരിയാടിയിട്ടില്ല. മാത്രമല്ല ഹദ്റത്ത് അഹ്മദി(അ)നെ വിമർശി ക്കുന്നവർ ബുദ്ധികെട്ടവരാണെന്ന് അദ്ദേഹം പറയുകയും ചെയ്തു. പിന്നീട് വാഗ്ദത്ത് മസീഹ് (അ) അദ്ദേഹത്തെ ഒരു മിത്രമായിട്ടാണ് കരുതിയത്. പ്രാർത്ഥനയുടെ സ്വീകാര്യതക്ക് സാക്ഷ്യമായി എണ്ണമറ്റ ദൃഷ്ടാന്തങ്ങൾ ആ മഹാത്മാവിന്റെ ജീവിതത്തിൽ ദർശിക്കാവുന്നതാണ്. ആകാശത്തി ലെ ചന്ദ്രക്കല പോലെ അവ പ്രകടമാണ്. അവിടുത്തെ ജീവിതം തന്നെ ദുആ സ്വീകാര്യതയുടെ ഒരു അത്ഭുത ദൃഷ്ടാന്തമായിരുന്നു.

ഹദ്റത്ത് അഹ്മദ് (അ)ന് കാലത്തിന്റെ നിഗൂഢചെപ്പിലെ ഭവിഷ്യൽ സംഭവങ്ങളുടെ പ്രവചന സിദ്ധി അല്ലാഹു നൽകി. അക്കാലത്ത് പ്രതാപത്തിന്റെ ഉച്ചസ്ഥായിയിൽ പരിലസിച്ചിരുന്ന റഷ്യയിലെ മുടിചൂടാ മന്നനായിരു ന്ന സാർ ചക്രവർത്തിയുടെ ദാരുണമായ അന്ത്യത്തെക്കുറിച്ചു ള്ള ഹദ്റത്ത് അഹ്മദിന്റെ(അ) പ്രവചനം അതിനുദാഹരണമാ ണ്. ആ ഭയം നിമിത്തം ആ വേളയിൽ ജിന്നും ഇൻസും ഉന്നതന്മാരും എളിയവരുമെല്ലാം- കിടിലം കൊള്ളുന്നതായിരിക്കും. സാർ ചക്രവർത്തിയായാലെന്ത് അദ്ദേഹവും ആ സമയത്ത് അത്യന്തം ദാരുണ നിലയിലായിരി ക്കും. റഷ്യയിലെ കമ്മ്യൂണിസ്റ്റ് വിപ്ലവവും സാർ ചക്രവർത്തിയു ടെ അന്ത്യവും അത്തരത്തിലുള്ള തായിരുന്നു. അതുപോലെ തുർക്കീ വിപ്ലവം, ഇറാൻ വിപ്ലവം, കൊറിയൻ വിപ്ലവം, ബംഗാൾ വിഭജനം, ബ്രിട്ടീഷ് സാമ്രാജ്യ തകർച്ച മുതലായ ലോക സംഭവങ്ങളെ സംബന്ധിച്ച പ്രവചനങ്ങൾ അത്ഭു തകരമായ രീതിയിൽ പുലരുകയു ണ്ടായി. അതുപോലെ റസൂൽ തിരുമേനി(സ)യേയും ഇസ്ലാമി നേയും അതിനിന്ദ്യമായി വിമർശിച്ചി രുന്ന ലേഖ്റാം എന്ന തന്റെ പ്രതിയോഗിയുടെ അന്ത്യത്തെ കുറിച്ചുള്ള പ്രവചനം ഒരു ദിവ്യാത്ഭുതമായി ഇന്നും അവശേ ഷിക്കുന്നു.

ഇസ്ലാം മതത്തിന്റെ യുക്തി ഭദ്രമായ അദ്ധ്യാപനങ്ങളുടെ ധൈഷണിക ഗരിമ വാഗ്ദത്ത മസീഹ്(അ) അനിഷേധ്യമാം വിധം സ്ഥാപിക്കുകയുണ്ടായി. ഇസ്ലാമി നെ നിശിതമായി വിമർശിച്ചിരുന്ന ക്രിസ്തുമതത്തിനെതിരെയും ആര്യ സമാജത്തിനെതിരെയും ഭൗതിക വാദത്തിന്നെതിരെയും ഹദ്റത്ത് അഹ്മദ്(അ) നടത്തിയ ആശയ സംവാദങ്ങളും വിശദീകരണങ്ങളും ഇസ്ലാമിന്റെ ധൈഷണിക മേധാശക്തിയുടെ വൈജയന്തി കളാണ്. ഇസ്ലാം മതത്തിന്റെ അപ്രമാദിത്വം സകല മതങ്ങളുടെ യും പ്രത്യയശാസ്ത്രങ്ങളുടേയും മേൽ ഹദ്റത്ത് അഹ്മദ് (അ) സ്ഥാപിക്കുകയും നിറം മങ്ങിക്കി ടന്ന ഇസ്ലാം എന്ന ദിവ്യജ്യോതി യെ ഉജ്ജ്വല പ്രഭയോടെ ജ്വലിപ്പിക്കു കയും ജ്ഞാനപ്രപഞ്ചമാകെ പ്രഭാ പൂരിതമാക്കുകയും ചെയ്തു.

തന്റെ ആത്മീയ ഗുരുവായ ഹദ്റത്ത് മുഹമ്മദ് നബി (സ) യെ അനുഗമിക്കുന്നതിലും അപദാന ങ്ങൾ വാഴ്ത്തുന്നതിലും ആമഗ്നാ യിരുന്നു ഹദ്റത്ത് അഹ്മദ് (അ). തന്റെ ജീവിത സർവ്വസ്വവും റസൂൽ തിരുമേനി(സ)ക്ക് അവിടുന്ന് സമർപ്പിക്കുകയുണ്ടായി. മാനവ രാശിയുടെ മഹിത പ്രവാചകനായ തിരുമേനി (സ) യുടെ അത്യന്തം ഹൃദയ ഹാരിയായ വ്യക്തിത്വം ലോകത്തിന് മുമ്പിൽ സമർപ്പിക്കുന്ന തിൽ അവിടുന്ന് വിജയിക്കുകയു ണ്ടായി. ആത്മീയത നിറഞ്ഞു തുളുമ്പുന്ന ശീലുകളിൽ തന്റെ ഗുരുവായ നബി തിരുമേനി (സ) യോടുള്ള ഭക്തിയാദരങ്ങൾ അദ്ദേഹ ത്തിന്റെ കവിതകളിൽ നിറഞ്ഞു നിന്നു. വോ പേശ് വാ ഹമാരാ ജിസ്സെ ഹെ നൂറ് സാരാ നാം ഉസ്കേ കാഹെ മുഹമ്മദ് ദിൽ ബർ മേരാ യഹീ ഹെ (ഏതൊരു വ്യക്തിയിൽ നിന്നാണോ എല്ലാ പ്രകാശവും നിർഗളിച്ചത് അതാണ് നമ്മുടെ നേതാവ് അദ്ദേഹത്തിന്റെ നാമം മുഹമ്മദ് എന്നാണ്. എന്റെ ഹൃദയം അദ്ദേഹത്താൽ നിർഭര മാണ്) റസൂൽ തിരുമേനി(സ) യാകുന്ന സൂര്യബിംബത്തിൽ നിന്നുമുള്ള ഒരു തേജോപുഞ്ജം മാത്രമാണ് താൻ എന്ന് അദ്ദേഹം ലോകത്തോട് പറഞ്ഞു. ഖാതമുന്ന ബിയ്യീൻ എന്ന അഭിധാനം കൊണ്ട് ഉദ്ദേശിക്കുന്നത് അവസാനത്തെ പ്രവാചകൻ എന്നല്ല എന്നും ഒരിക്കലും അവസാനിക്കാത്ത പ്രവാചക ശ്രേഷ്ഠനാണെന്നും അദ്ദേഹം ലോകത്തെ പഠിപ്പിച്ചു.

ഭൗതിക വാദം ഹദ്റത്ത് അഹ്മദ് (അ)ന്റെ കാലത്താണ് കരുത്താർജിച്ചത്. ഭൗതിക തത്ത്വ ശാസ്ത്രത്തിന്റെ പരമാചാര്യനായി കരുതപ്പെടുന്ന കാറൽ മാർക്സ് ഹദ്റത്ത് അഹമദ് (അ) ന്റെ സമകാലികനായിരുന്നു. ഭൗതിക വാദവും നിരീശ്വരത്വവും കരുത്താർ ജ്ജിക്കാനുള്ള മുഖ്യകാരണം അയുക്തികവും അന്ധവിശ്വാസ ജഡിലവുമായ മതവിശ്വാസം തന്നെയായിരുന്നു. ഒന്നാമതായി മനുഷ്യനെ ദൈവം മണ്ണു കുഴച്ചു സൃഷ്ടിച്ചു സ്വർഗ്ഗത്തിൽ പാർപ്പി ച്ചുവെന്നും വിലക്കപ്പെട്ട കനി ഭക്ഷിച്ചതിനാൻ ബഹിഷ്കൃതനായി ഭൂമിലേക്ക് എത്തി എന്നുമാണ്

മനുഷ്യോൽപത്തിയെ കുറിച്ചുള്ള ബൈബിൾ കഥ. ഏതാണ്ട് ഇതേ ഇതിവൃത്തത്തോടു കൂടിയതാണ് മുസ്‌ലിം ബഹുഭൂരിപക്ഷവും മനുഷ്യോൽപ്പത്തിയെ കുറിച്ച് വെച്ച് പുലർത്തുന്ന വിശ്വാസവും. സൃഷ്ടിവാദം എന്നറിയപ്പെടുന്ന ഈ വിശ്വാസം തികച്ചും ഖുർആന് വിരുദ്ധമാണെന്നും മനുഷ്യൻ ഭൂമിയിൽ നിന്നും പരിണമിച്ച് ഘട്ടം ഘട്ടമായാണ് ആവിർഭവിച്ചതെന്ന് ഹദ്റത്ത് അഹ്മദ്(അ) ഖുർആൻ ഉദ്ധരിച്ച് വിശദീകരിക്കുകയുണ്ടായി. അങ്ങനെ മതലോകവും ജീവ ശാസ്ത്രവും തമ്മിലുണ്ടായിരുന്ന ഭിന്നത വിശുദ്ധ ഖുർആനിലൂടെ ഹദ്റത്ത് അഹ്മദ്(അ) പരിഹരിക്കുകയുണ്ടായി.

അത്പോലെ ഹദ്റത്ത് അഹ്മദ് (അ) ഖുർആന് നൽകിയ നിസ്തുല സേവനം ഇരുണ്ട യുഗങ്ങളെ പ്രകാശമാനമാക്കാൻ ശേഷിയുള്ളതാണ്. ബുദ്ധിയുടെയും ഹൃദയത്തിന്റെയും ദാഹങ്ങളെ ശമിപ്പിക്കുന്ന ദിവ്യഔഷധമാണ് വിശുദ്ധ ഖുർആൻ. ആ വിശുദ്ധ ഗ്രന്ഥത്തിന്റെ പദമൂലങ്ങളിലടങ്ങിയ അനർഘങ്ങളായ ജ്ഞാന മുത്തുകൾ മുങ്ങിയെടുത്ത് കോർത്ത് ജ്ഞാന ഹാരങ്ങളായി അദ്ദേഹം ലോകത്തിന് സമർപ്പിച്ചു. **“ദാലിക്കൽ കിതാബു ലാ റയ്ബ ഫീഹി ഹുദൻ ലിൽ മുത്തഖീൻ”** ദോഷബാധയെ സൂക്ഷിക്കുന്നവർക്ക് നിശ്ചയം ആ ഗ്രന്ഥം മാർഗ്ഗദർശകമാണ് എന്ന വചനം അന്വർത്ഥമാക്കുമാറ് ഹദ്റത്ത് അഹ്മദ് (അ) ഖുർആനെ വ്യാഖ്യാനിച്ച് നൽകിയ അർത്ഥം അനേകം ദുഷ്ടാത്മാക്കളെ മലാഖമാരെ പോലെ ആത്മീയ വിഹായസ്സിലെ പതംഗങ്ങളാക്കി മാറ്റി. ഭൗതിക ജീവിതം അതിന്റെ കനകചിലങ്ക കിലുക്കുമ്പോൾ ജീവിതകാമനകളെ പ്രതിരോധിക്കാൻ കഴിയാതെ ലൗകികോന്മുഖരായിപ്പോയ അനേകംപേരെ ഹദ്റത്ത് അഹ്മദ്(അ) അനുഗൃഹീതമായ സ്വർഗ്ഗീയ ജീവിതത്തിലേക്ക് പ്രത്യാനയിച്ചു. അത് തന്നെയായിരുന്നു വാഗ്ദത്ത മസീഹിന്റെ യഥാർത്ഥ നിയോഗോദ്ദേശ്യം. സത്യത്തിന്റെ രാജപാതയും വഴികേടിന്റെ ഹീനപാതയും വേർതിരിച്ചു കാട്ടുകയായിരുന്നു അദ്ദേഹം. അതോടൊപ്പം ഇസ്‌ലാം സമാധാനത്തിന്റെ മതമാണെന്ന് അദ്ദേഹം തെളിയിച്ചു കാട്ടി. സമാധാനം ശാന്തി എന്നെല്ലാം അർത്ഥമുള്ള ഇസ്‌ലാം എന്ന നാമം സ്വന്തം സംജ്ഞാ നാമമായി സ്വീകരിച്ച ഒരു മതമാണ് ഇസ്‌ലാം. സമാധാനവുമായി ഇസ്‌ലാമിനുള്ള ബന്ധം അഗാധവും അവിഛിന്നവുമാണ്. ഹദ്റത്ത് അഹ്മദ് (അ) എല്ലാ അർത്ഥത്തിലും അത് വാക്കിലും പ്രവർത്തിലും അനിഷേധ്യമാം വിധം സ്ഥാപിക്കുകയുണ്ടായി. ഇസ്‌ലാമിനെ അതിന്റെ തനത് രൂപത്തിൽ ശാന്തിയുടെ സന്ദേശമാക്കി മാറ്റുക എന്നത് തന്റെ മസീഹീ ദൗത്യത്തിന്റെ ഭാഗം കൂടിയായിരുന്നു. ഇസ്‌ലാം മതത്തെ ജിഹാദിന്റെയും ഭീകര യുദ്ധത്തിന്റെയും മതമാക്കി മാറ്റിയ മുല്ലായിസത്തിന്നെതിരായ വിട്ടുവീഴ്ച്ചയില്ലാത്ത ആശയ സമരമായിരുന്നു ഹദ്റത് അഹ്ദി(അ) ന്റെ ജീവിതം. അവിടുന്ന് എഴുതിയ ഒരു ഉദ്ധരണിയോടെ ഞാനീ ലേഖനം അവസാനിപ്പിക്കാം **“മനുഷ്യനും അവന്റെ സ്രഷ്ടാവിനുമിടയിൽ ഉണ്ടാക്കിവെച്ചിട്ടുള്ള എല്ലാ തടസ്സങ്ങളെയും തട്ടി മാറ്റിക്കൊണ്ട് ദൈവത്തോടുള്ള സ്നേഹത്തെയും ഭക്തിവിശ്വാസങ്ങളേയും മനുഷ്യ ഹൃദയങ്ങളിൽ വീണ്ടും ഉറപ്പിച്ച് സത്യത്തെ വ്യക്തമായും വെളിപ്പെടുത്തിക്കൊണ്ടും എല്ലാ മതയുദ്ധങ്ങളും പോരാട്ടങ്ങളും അവസാനിപ്പിക്കുകയും ശാശ്വത സമാധാനത്തിനുള്ള അടിസ്ഥാനമിടുകയും ചെയ്യുന്നതിനായിട്ടത്രെ ഞാൻ എഴുന്നേൽപ്പിക്കപ്പെട്ടിരിക്കുന്നത് ” (റൂഹാനി കസായിൻ)**

ആകാശസമാനമായ ഒരു വിശാലതയിലേക്കും ഉന്നതിയിലേക്കും ഇസ്‌ലാമിന്റെ ബൗദ്ധികവും ആത്മീയവുമായ ലോകത്തെ പ്രപഞ്ചസീമകളോളം വിതാനിക്കുകയും ആത്മ സൗന്ദര്യത്തിന്റെ നിറമാലകൾ ചാർത്തുകയും ചെയ്ത മതമഹാലോകത്തെ ദൈവ നിയോഗിതനായ ഒരു വിശ്വജേതാവായിരുന്നു ഹദ്റത്ത് അഹ്മദ് (അ).

---

**പേജ് 10 ൽ നിന്ന് തുടർച്ച**

വരും സംരക്ഷകരുമായിരിക്കും. മാത്രമല്ല എനിക്കവർ ഈസാ(അ)യുടെ ഹവാരികളെപ്പോലെയായിരിക്കും. എന്റെ മുന്നിൽ അവർ തങ്ങളുടെ സമൂഹത്തെ സംബന്ധിച്ച് ഉത്തരം പറയേണ്ടവരായിരിക്കും. അതുകൊണ്ട് നിങ്ങളെല്ലാവരും ചേർന്ന് അവരുടെ പേരുകൾ എന്റെ മുന്നിൽ വയ്ക്കുക. അങ്ങനെ പന്ത്രണ്ട് ആളുകളുടെ പേരുകൾ നിർദ്ദേശിക്കപ്പെട്ടു. അത് അവിടന്ന് അംഗീകരിക്കുകയും ചെയ്തു. അവരെ ഓരോരോ ഗോത്രത്തിന്റെയും മേൽനോട്ടക്കാരായി നിയമിക്കുകയും അവരവരുടെ കടമകൾ പറഞ്ഞു മനസ്സിലാക്കുകയും ചെയ്തു. ചില ഗോത്രങ്ങൾക്കുവേണ്ടി ഈരണ്ട് പ്രതിനിധികളെ നിശ്ചയിച്ചു. ഈ പന്ത്രണ്ടു പ്രതിനിധികളെയും നിയമിച്ചു കഴിഞ്ഞപ്പോൾ നബിതിരുമേനിയുടെ പിതൃസഹോദരനായിരുന്ന അബ്ബാസുബ്നു അബ്ദുൽമുത്ത്വലിബ് അൻസ്വാറുകളെ ഉദ്ബോധിപ്പിച്ചു കൊണ്ട് പറഞ്ഞു; ഇത് വളരെ സൂക്ഷിച്ചും സമർത്ഥമായും കൈകാര്യം ചെയ്യേണ്ടതാണ്. കാരണം ഖുറൈശികളുടെ ചാരൻമാർ നാനാഭാഗത്തും കണ്ണും നട്ടിരിക്കുകയാണ്. ഈ സംസാരിക്കുന്നതും ഏറ്റു പറയുന്നതുമായ വാർത്ത ചോർന്നു പോകുകയും ബുദ്ധിമുട്ടുണ്ടാകുകയുമരുത്.

www.alislam.org

അഹ്മദിയ്യ പ്രസ്ഥാനം- 4

# ഇസ്‌ലാമിന്റെ പുനരജ്ജീവനം വാഗ്ദത്ത മസീഹിലൂടെ

1924ൽ ലണ്ടനിലെ വെംബ്ലി എക്സിബിഷൻ ഓർഗനൈസേഷന്റെ ആഭിമുഖ്യത്തിൽ നടന്ന മതസമ്മേളനത്തിൽ അഹ്മദിയ്യാ ജമാഅത്തിന്റെ രണ്ടാം ഖലീഫ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) അവതരിപ്പിച്ചതും സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ ഇംഗ്ലീഷിൽ വായിച്ചു കേൾപ്പിച്ചതുമായ പ്രബന്ധമാണ് Ahmadiyya Movement അഥവാ അഹ്മദിയ്യാ പ്രസ്ഥാനം എന്ന ഈ ലഘുകൃതി. ഇംഗ്ലീഷിൽ നിന്ന് വിവർത്തനം: ആരിഫ് മുഹമ്മദ് ബി.എം.

ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

വാഗ്ദത്ത മസീഹ്(അ) ഒരു പുതിയ മതമല്ല കൊണ്ടു വന്നതെന്ന് ഞാൻ മുൻപേ പറഞ്ഞുവല്ലൊ. ഇസ്‌ലാമിന്റെ സേവനത്തിനും സമുദ്ധാരണത്തിനും ഇസ്‌ലാം മതപ്രചാരണത്തിനും ഇസ്‌ലാമിലൂടെ ജനങ്ങളെ ദൈവത്തിലേക്ക് നയിക്കുന്നതിനും വേണ്ടിയാണ് അദ്ദേഹം അയക്കപ്പെട്ടത്. ഇസ്‌ലാമിനെ അദ്ദേഹം ഏതു നിലയിലാണ് സമുദ്ധരിച്ചതെന്നും അതിൽ കടന്നു കൂടിയിട്ടുള്ള അബദ്ധവിശ്വാസങ്ങളെ എങ്ങനെയാണ് ശുദ്ധീകരിച്ചതെന്നുമുള്ള സംഗതി ഇനി ഞാൻ വിശദീകരിക്കാം. എനിക്ക് അനുവദിച്ചിട്ടുള്ള സമയത്തിനുള്ളിൽ അദ്ദേഹം ചെയ്ത പരിഷ്കരണങ്ങളെ എണ്ണിത്തീർക്കാൻ പോലും തികയുകയില്ല. ആയതിനാൽ, കഴിയുന്നിടത്തോളം ചുരുങ്ങിയ നിലയിൽ പ്രതിപാദിച്ചു കൊണ്ട്, എന്റെ വിഷയത്തിലെ മറ്റു ഭാഗങ്ങളിലേക്ക് ഞാൻ പ്രവേശിച്ചു കൊള്ളാം.

### ഏകദൈവവിശ്വാസം

മതവുമായിബന്ധപ്പെട്ട പ്രഥമ ചോദ്യം ദൈവത്തിന്റെ ഏകത്വത്തെ സംബന്ധിച്ചുള്ളതാണ്. ദൈവത്തെക്കുറിച്ചു ശരിയായ കാഴ്ചപ്പാടില്ലാത്ത മതത്തെ മതമെന്ന് വിളിക്കാൻ കഴിയില്ല. വാഗ്ദത്ത മസീഹിന്റെ ആഗമനകാലത്ത് ഏകദൈവ സിദ്ധാന്തത്തെക്കുറിച്ചുള്ള തിരിച്ചറിവ് ലോകത്തു നിന്ന് പൂർണമായും അപ്രത്യക്ഷമായിരുന്നു. എല്ലാ മതങ്ങളും ഏകദൈവ വിശ്വാസത്തിന്റെ പ്രചാരകരാണെന്ന് വാദിക്കുന്നുണ്ടെങ്കിലും ആ തത്ത്വത്തിന്റെ യഥാർഥ പൊരുൾ മുൻപത്തെക്കാളുപരി അവഗണിക്കപ്പെട്ടിരിക്കുകയാണ്. ഏകദൈവ സിദ്ധാന്തത്തിനു മേൽ ബഹുദൈവ വിശ്വാസത്തിന്റെ വിവിധ തലങ്ങൾ മറ സൃഷ്ടിച്ചു. അല്ലെങ്കിൽ ഏകദൈവത്തിന്റെ ആസ്തികൃത്തിലുള്ള വിശ്വാസം എന്ന നിലയ്ക്ക് മാത്രം അതിനെ വിവക്ഷിച്ചു. ആരാധനക്കർഹൻ അല്ലാഹുവല്ലാതെ മറ്റാരുമില്ല എന്ന ഏകദൈവസിദ്ധാന്തം പ്രചരിപ്പിക്കുന്നതിനു വേണ്ടി മാത്രമല്ല അല്ലാഹു പ്രവാചകരാരെ നിയോഗിച്ചത് എന്ന വസ്തുതയിലേക്ക് വാഗ്ദത്ത മസീഹ്(അ) ലോകശ്രദ്ധയെ ക്ഷണിക്കുകയുണ്ടായി. കാരണം, ഈ തത്ത്വം അംഗീകരിക്കുന്നതു കൊണ്ടു മാത്രം അതിനു മനുഷ്യ ജീവിതത്തിൽ ഗാഢമായ സ്വാധീനം ചെലുത്താൻ കഴിയില്ല. ധാർമികവും ആധ്യാത്മികവുമായ പൂർണതയിലേക്ക് ആനയിക്കും വിധം ഏകദൈവവിശ്വാസത്തിന് അനുരൂപമായ നിലയിൽ മനുഷ്യൻ തന്റെ ജീവിതത്തെ ക്രമീകരിക്കുക എന്നതാണ് ലക്ഷ്യം. അതായത്, ദൈവത്തെ സ്നേഹിക്കും പോലെ മറ്റൊരു വസ്തുവിനെയോ അസ്തിത്വത്തെയോ സ്നേഹിക്കരുത്. മറ്റേതെങ്കിലും

വസ്തുവോ സംഗതിയോ തന്റെ ജീവിതത്തെ നിയന്ത്രിക്കുന്നതായി വിശ്വസിക്കുകയും അരുത്. ഈ രീതിയിൽ ദൈവത്തിന്റെ ഏകത്വ ത്തിൽ വിശ്വസിക്കുകയും അതനു സരിച്ച് പ്രവർത്തിക്കുകയും ചെയ്യു ന്ന വ്യക്തിയിൽ ധാർമികമായ വിപ്ലവം അനുഭവവേദ്യമാകുന്ന താണ്. രണ്ടു കാരണങ്ങളാലാണ് ലോകത്ത് പാപങ്ങളും ദൗർബല്യങ്ങ ളും ഉണ്ടാകുന്നത്. ഒന്ന്, ഒരു വസ്തു കൂടാതെ തന്റെ അസ്തിത്വം തന്നെ നിഷ്പ്രയോജനമെന്ന് ഗണിക്കുമാറ് ഒരാൾ അതിനെ സ്നേഹിക്കുന്നു. രണ്ട്, ഒരു കാര്യത്തെ വളരെ ഹാനികരവും വെറുക്കപ്പെട്ടതുമാണെന്ന് ഒരുവൻ കരുതുന്നു. എത്രത്തോളമെന്നാൽ, അതിന്റെ നാശത്തിലാണ് തന്റെ മുക്തി ആശ്രയിച്ചിരിക്കുന്നതെന്ന് അയാൾ വിശ്വസിക്കുന്നു. സ്നേഹ ത്തിന്റെയും വെറുപ്പിന്റെയും അസംഗതമായ ഈ ആധിക്യമാണ് പവിത്രതയ്ക്ക് ചേരാത്ത കാര്യങ്ങൾ ചെയ്യാൻ അവനെ പ്രേരിപ്പിക്കുന്നത്. അതേസമയം, ദൈവത്തിന്റെ ഏകത്വത്തിൽ പൂർണമായി വിശ്വ സിക്കുന്ന ഒരാൾ ദൈവസ്നഹ മല്ലാതെ മറ്റൊരു വസ്തുവിനോ വ്യക്തിക്കോ പ്രാമുഖ്യം നല്കുന്ന തല്ല; ദൈവത്തിൽ നിന്ന് അകറ്റുന്ന തു കൊണ്ട് ഒന്നിനെയും തീവ്രമായി വെറുക്കുന്നതുമല്ല. അത്തരം വ്യക്തിയെ സംബന്ധിച്ചിടത്തോളം പാപം ചെയ്യുക എന്നത് അസാധ്യ മാണ്. ഇതാണ് യഥാർഥ ഏകദൈവ സിദ്ധാന്തം; മതം പഠിപ്പിക്കുന്ന പരമ മായ ലക്ഷ്യം. ദൈവം തൃപ്തിപ്പെടാ ത്തതോ മനുഷ്യജീവിതത്തിൽ പ്രായോഗികമായി യാതൊരു സ്വാധീനവും ചെലുത്താത്തതോ ആയ ഏകനായ ദൈവം ഉണ്ടെന്ന വെറും അധരവ്യായാമമല്ല ഇത്. ഈ മൗലിക തത്ത്വം സ്ഥാപിക്കുന്ന തോടൊപ്പം മതവ്യവസ്ഥിതി യിൽ കടന്നു കൂടിയിട്ടുള്ള എല്ലാവിധ ശിർക്കുകളെയും ഹദ്റത്ത് അഹ്മദ്(അ) ഉന്മൂലനം ചെയ്തു. ദൈവത്തിന്റെ ഏകത്വത്തിൽ വിശ്വസിക്കുന്നവരാണെന്ന് വാദി ക്കുന്നുവെങ്കിലും പല ശിർക്കൻ (ബഹുദൈവ)കാഴ്ചപ്പാടുകളും മുസ്‌ലിംകൾ വച്ചു പുലർത്തുന്നു ണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ഉദാഹരണമായി, ഈസാ നബി(അ) തന്റെ ജഡികശരീരത്തോടു കൂടി ആകാശത്ത് ജീവിച്ചിരിക്കുന്നു എന്ന വിശ്വാസം. പത്തൊമ്പത് നൂറ്റാണ്ടുകളായി അന്നപാനീയ ങ്ങളൊന്നുമില്ലാതെ മരിക്കാതെ അദ്ദേഹം ജീവിച്ചിരിക്കുന്നു എന്നവർ വിശ്വസിക്കുന്നു. മാത്രമല്ല, ഈസാ നബി(അ) മരിച്ചവരെ ജീവിപ്പിക്കാറുണ്ടെന്നും പക്ഷികളെ സൃഷ്ടിച്ചുവെന്ന വിശ്വാസവും അവർക്കുണ്ട്. ഈ വിശ്വാസത്തിലെ അബദ്ധം ചൂണ്ടിക്കാണിച്ചു കൊണ്ട് മരിച്ചവരെ ജീവിപ്പിക്കാനും സൃഷ്ടി ക്കാനുമുള്ള കഴിവ് ദൈവത്തിന് മാത്രമുള്ള ഗുണങ്ങളാണെന്നും, അവൻ തന്റെ കഴിവുകളെയും ഗുണങ്ങളെയും സൃഷ്ടികളിലാർ ക്കും പതിച്ചു നല്കിയിട്ടില്ലെന്നും അങ്ങനെ വരുന്ന പക്ഷം അവന്റെ ഏകത്വം തന്നെ അസംബന്ധമായി ഭവിക്കുമെന്നും ഹദ്റത്ത് അഹ്മദ് (അ) വിശദീകരിച്ചു. മരിച്ചവർ ഈ ലോകത്ത് വീണ്ടും തിരിച്ചു വരില്ലെ ന്നും സൃഷ്ടിഗുണം ദൈവത്തിന ല്ലാതെ മറ്റാർക്കുമില്ലെന്നും മുസ്‌ലിം പ്രമാണങ്ങളുടെയും യുക്തിയുടെ യും അടിസ്ഥാനത്തിൽ അദ്ദേഹം തെളിയിച്ചു കാണിച്ചു. വെളിപാടു ഗ്രന്ഥങ്ങളിൽ പ്രയുക്തമായിരിക്കു ന്ന മരിച്ചവരെ ജീവിപ്പിക്കുക എന്നതിന്റെ വിവക്ഷ മനുഷ്യരുടെ ആത്മീയ പുനരുജ്ജീവനമോ രോഗം ബാധിച്ച് മരണാസന്നനായ വ്യക്തിയെ പ്രാർഥന മുഖേന സുഖപ്പെടുത്തുകയോ ആണെന്ന് അദ്ദേഹം വിശദീകരിക്കുകയു ണ്ടായി. അതുപോലെ, സൃഷ്ടിപ്പ് എന്നതുകൊണ്ടുദ്ദേശിക്കുന്നത് ആത്മീയ പുനർജന്മമോ ഏകാഗ്ര മായ ചിന്തയുടെ ഫലമായുണ്ടാകു ന്ന ആത്മീയ പരിവർത്തനമോ ആണ്. സൃഷ്ടിക്കാനും പുനരുജ്ജീ വിപ്പിക്കാനുമുള്ള അത്തരം കഴിവു കൾ എല്ലാ പ്രവാചകന്മാർക്കും ഉണ്ടായിരുന്നു.

## ഈസാ നബി(അ) മരണപ്പെട്ടു

അതുപോലെത്തന്നെ, ഈ സാനബി(അ) മരണപ്പെട്ടിരിക്കുന്നു വെന്ന് വിശുദ്ധ ഖുർആനിലെ സൂക്തങ്ങളുടെ വെളിച്ചത്തിൽ അദ്ദേഹം സ്ഥാപിച്ചു. ഒരാൾ ദൈവ ത്തെപ്പോലെ ആകാശത്തിരിക്കുന്നു എന്ന വിശ്വാസം ശിർക്കിന് തുല്യമാണെന്നും ദൈവത്തിൽ യഥാർഥമായി വിശ്വസിക്കുന്ന ഒരുവനെ സംബന്ധിച്ചിടത്തോളം അങ്ങനെയുള്ള വിശ്വാസം ജുഗു പ്സാവഹമാണെന്നും അദ്ദേഹം വ്യകതമാക്കി. ഈസാനബി(അ) ജീവനോടെ ആകാശത്തേക്ക് ഉയർത്തപ്പെട്ടു എന്ന മുസ്‌ലിം കളുടെ വിശ്വാസത്തെ അദ്ദേഹം ഖണ്ഡിച്ചു കൊണ്ട് അദ്ദേഹത്തെ കുരിശിൽ തറച്ച് കൊല്ലാൻ ശ്രമിച്ച പ്പോൾ സ്ഥൂലദേഹത്തോടെ ആകാശത്തേക്ക് കരേറി പോയിട്ടി ല്ലെന്ന് അദ്ദേഹം തെളിയിച്ചു. അതുപോലെ ക്രിസ്ത്യാനികൾ വിശ്വസിക്കുന്നതു പോലെ, അദ്ദേ ഹം കുരിശിൽ വെച്ച് മരിക്കുകയോ ശേഷം ജീവനോടെ ഉയർത്തെഴു ന്നേൽക്കുകയോ ചെയ്തിട്ടില്ല. എന്നാൽ, വിശുദ്ധ ഖുർആന്റെയും ഈസാ നബി(അ)യുടെ തന്നെ വാക്കുകൾ അനുസരിച്ച് അദ്ദേഹം കുരിശിൽ തറക്കപ്പെട്ടുവെങ്കിലും കുരിശിൽ വെച്ച് മരിച്ചില്ല. ജീവനോ ടെയായിരുന്നു അദ്ദേഹത്തെ കുരിശിൽ നിന്ന് ഇറക്കിയത്. ബൈബിളിന്റെയും മറ്റു രേഖകളു ടെയും അടി സ്ഥാനത്തിൽ തന്റെ നിലപാട് അദ്ദേഹം അസന്ദിഗ്ദ്ധ മായി സ്ഥാപിച്ചു. മുൻപ് അടച്ചു പൂട്ടിയ ഗ്രന്ഥമായിരുന്ന ബൈബിൾ അദ്ദേഹ ത്തിലൂടെ തുറക്കുമാറായി. കുരിശിൽ തറക്കപ്പെട്ടു എന്ന ക്രിസ്ത്യാനികളുടെയും റോമക്കാരു ടെയും യഹൂദികളുടെയും ഐകക ണ്ഠേനയുള്ള സാക്ഷ്യത്തെ നിരാകരിക്കാനാവില്ല, പ്രത്യേകിച്ചും അതിനെ നിഷേധിച്ചു കൊണ്ടുള്ള ഒരൊറ്റ വചനവും വിശുദ്ധ ഖുർആ നിലില്ലെന്നു വരുമ്പോൾ. ഇതാണ് അദ്ദേഹം മുസ്‌ലിംകളോട് പറഞ്ഞ

ത്. യേശുവിന്റെ താഴെ കൊടുത്തിരിക്കുന്ന വാക്കുകളിലേക്ക് അദ്ദേഹം ക്രിസ്ത്യാനികളുടെ ശ്രദ്ധ ക്ഷണിക്കുകയുണ്ടായി:

ദുഷ്ടവും അവിശ്വസ്തവുമായ തലമുറയാണ് അടയാളം അന്വേഷിക്കുന്നത്. യോനാ പ്രവാചന്റെ അടയാളമല്ലാതെ മറ്റൊരടയാളവും അതിനു നല്കപ്പെടുകയില്ല. യോന മൂന്നു രാവും മൂന്ന് പകലും തിമിംഗലത്തിന്റെ ഉദരത്തിലായിരുന്നു. അതുപോലെ മനുഷ്യ പുത്രൻ മൂന്നു രാവും മൂന്നു പകലും ഭൂമിയുടെ ഉള്ളിലായിരിക്കും.

യോനാ പ്രവാചകന്റെ അടയാളം, അദ്ദേഹം ജീവനോടെ തിമിംഗലത്തിന്റെ ഉദരത്തിൽ പ്രവേശിക്കുകയും ജീവനോടെ അതിൽ കഴിയുകയും ജീവനോടെ തന്നെ പുറത്തു വരികയും ചെയ്തു എന്നതാണ്. ആ പ്രതികൂല സാഹചര്യത്തിൽ ജീവനോടെ കഴിച്ചുകൂട്ടുക എന്നതാണ് യഥാർഥ അടയാളം. അങ്ങനെ വരുമ്പോൾ യേശു മൃതനായി കല്ലറയിൽ പ്രവേശിക്കുന്നതെങ്ങനെ? കുരിശിൽ വെച്ച് മരിച്ച യേശുവിന്റെ മൃതശരീരമാണ് കല്ലറയിൽ പ്രവേശിച്ചിരുന്നതെങ്കിൽ യോനാ പ്രവാചകന്റെ അടയാളത്തെക്കുറിച്ച് യേശു പ്രവചിച്ചത് അബദ്ധമായേനെ. കാരണം യോനാ മൃതനായിട്ടല്ല തിമിംഗലത്തിന്റെ ഉദരത്തിൽ പ്രവേശിച്ചത്; അദ്ദേഹം മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റതുമായിരുന്നില്ല. യേശുവിനെക്കുറിച്ച് പിലാത്തോസിന്റെ ഭാര്യ കണ്ട ഒരു സ്വപ്നവും ഇതിലേക്ക് തെളിവായി ഹദ്റത്ത് അഹ്മദ്(അ) പരാമർശിക്കുകയുണ്ടായി. യേശുവിനോട് ദയ യോടെ പെരുമാറണമെന്ന് അവർ തന്റെ ഭർത്താവിനെ അറിയിച്ചു. യഹൂദികളെ സംബന്ധിച്ച് പിലാത്തോസ് ഭയപ്പെട്ടിരുന്നെങ്കിലും അയാളുടെ മനസ്സിൽ യേശുവിനോട് അനുകമ്പ ഉണ്ടായിരുന്നിരിക്കണം. മാത്രമല്ല, വെള്ളിയാഴ്ച ഏതാണ്ട് ഉച്ചയോടെയാണ് യേശുവിനെ കുരിശിലേറ്റിയത്. വേദന സംഹാരികളായ ചില മരുന്നും നല്കപ്പെട്ടിരുന്നു. അടുത്ത ദിവസം ശബ്ബത് ദിവസമായിരുന്നു. വൈകുന്നേരമായപ്പോൾ പൊടിക്കാറ്റ് അടിക്കാൻ തുടങ്ങിയതിനെത്തുടർന്ന് ശബ്ബത് നാളിൽ യേശുവിനെ കുരിശിൽ വെച്ചു കൊണ്ടിരിക്കുന്നത് അബദ്ധമായോ എന്ന് യഹൂദികൾ ഭയപ്പെട്ടു. അങ്ങനെ ഉടനെത്തന്നെ യേശുവിനെ കുരിശിൽ നിന്ന് ഇറക്കുകയായിരുന്നു. അദ്ദേഹത്തിന്റെ എല്ലുകൾ ഒടിച്ചില്ല. അദ്ദേഹത്തിന്റെ ശരീരഭാഗത്ത് കുന്തം കൊണ്ട് കുത്തിയപ്പോൾ ആ മുറിവിൽ നിന്ന് രക്തം പുറത്തു വന്നു. അദ്ദേഹത്തിന് അപ്പോഴും ജീവനുണ്ടായിരുന്നു എന്നാണ് ഇത് തെളിയിക്കുന്നത്.

ആളുകൾ ചിലപ്പോൾ ഒരാഴ്ചയോളം കുരിശിൽ തന്നെ കിടന്നു കൊണ്ട് ഒടുവിൽ മരണം അവരെ ആ പീഡാനുഭവത്തിൽ നിന്ന് മുക്തി നല്കിയതായിട്ടാണ് ആ കാലത്തെ ചരിത്രം വായിച്ചാൽ വ്യക്തമാകുന്നത്. കുരിശിൽ വെച്ച് മരിക്കാൻ മൂന്നു ദിവസമെങ്കിലും എടുക്കാറുണ്ട്. അല്ലാത്ത പക്ഷം എല്ലൊടിച്ച് കളയാറാണ് പതിവ്. കുരിശിലേറ്റപ്പെട്ട വ്യക്തി അന്ന പാനീയങ്ങൾ കിട്ടാതെ പട്ടിണി മൂലമാണ് മരണപ്പെടുന്നത്; കുരിശിൽ തറക്കപ്പെട്ടതു കൊണ്ടല്ല. ചില സന്ദർഭങ്ങളിൽ ഒരാഴ്ച കഴിഞ്ഞാലും അയാൾ മരിച്ചിട്ടുണ്ടാവില്ല. അപ്പോൾ കുറ്റവാളിയെ എല്ലൊടിച്ച് കൊല്ലാറാണ് പതിവ്. എന്നിരിക്കെ, വെറും ആറു മണിക്കൂർ കുരിശിൽ കിടന്നതിനെ തുടർന്നു യേശു മരണപ്പെട്ടുവെന്ന് നമുക്കെങ്ങനെ പറയാനാവും? തന്നെയുമല്ല, അദ്ദേഹത്തെ രക്ഷപ്പെടുത്താനുള്ള ശ്രമങ്ങളും നടത്തിയിട്ടുണ്ടായിരുന്നു. അദ്ദേഹം കുരിശിൽ വെച്ച് മരിച്ചെങ്കിൽ കുന്തം കൊണ്ട് ശരീരഭാഗത്ത് കുത്തിയപ്പോൾ രക്തം ചാടിയത് എന്തു കൊണ്ട്? അദ്ദേഹം മരിച്ചതിനു ശേഷം ജീവനോടെ ഉയിർത്തെഴുന്നേറ്റതാണെങ്കിൽ യഹൂദികളെ ഭയപ്പെടേണ്ട ആവശ്യമില്ല, കാരണം അവരുടെ ശക്തി ഇനി അദ്ദേഹത്തെ ബാധിക്കുകയില്ല. എങ്കിൽ, അദ്ദേഹം പരമ രഹസ്യമായി സഞ്ചരിച്ചത് എന്തുകൊണ്ട്? തോമസ് വിരൽ കൊണ്ട് സ്പർശിച്ച മുറിവുകൾ അദ്ദേഹത്തിന് ഉണ്ടാകാവുന്നതെങ്ങനെ? അദ്ദേഹത്തിനെങ്ങനെയാണ് അപ്പവും മീനും കഴിക്കാനാവുക? ഭൂതം തിന്നുകയും കുടിക്കുകയും ചെയ്യുമോ? ഈ അടയാളങ്ങളൊക്കെ വ്യക്തമാക്കുന്നത് താൻ തന്നെ ചെയ്ത പ്രവചനത്തിന്റെ അടിസ്ഥാനത്തിൽ യേശു കുരിശിൽ നിന്ന് ജീവനോടെ ഇറക്കപ്പെട്ടു എന്നാണ്. യോനാ പ്രവാചകനെപ്പോലെ മൂന്നു ദിവസം അദ്ദേഹം കല്ലറയിൽ ജീവനോടെ കഴിഞ്ഞു. അക്കാ ലത്തെ കല്ലറ എന്നത് ഇക്കാലത്തെ അപേക്ഷിച്ച് വളരെ വിശാലമായ മുറി പോലുള്ളതാണ്. ആ മുറിയിൽ നിന്നാണ് അദ്ദേഹം ജീവനോടെ പുറത്തു വന്നത്. അങ്ങനെ ശത്രുക്കളുടെ ഗൂഢ തന്ത്രങ്ങൾ പരാജയത്തിൽ കലാശിച്ചു.

ഇതിലേക്ക് ഉപോൽബലകമായ മറ്റൊരു സംഗതി കൂടി ഹദ്റത്ത്(അ) ഉദ്ധരിക്കുന്നുണ്ട്. യേശു കുരിശിൽ നിന്ന് ജീവനോടെ രക്ഷപ്പെടേണ്ടത് അനിവാര്യമായിരുന്നു. എന്തെന്നാൽ, താൻ ഇസ്രായേൽ ഗൃഹത്തിലെ കാണാതെ പോയ ആടുകളെ അന്വേഷിച്ചാണ് വന്നിരിക്കുന്നതെന്നാണ് യേശു തന്നെ പറയുന്നത്. യേശുവിന്റെ ആഗമന കാലത്ത് രണ്ടു ഗോത്രങ്ങൾ മാത്രമേ സിറിയയിലും പലസ്തീനിലും നിവസിച്ചിരിന്നുള്ളു എന്നാണ് ബൈബിളും ചരിത്ര രേഖകളും തെളിയിക്കുന്നത്. നെബുകദ്നെസ്സറിന്റെ ഭരണകാലത്ത് തടവുകാരായി പിടിക്കപ്പെടുകയും പേർഷ്യയുടെ കിഴക്കൻ രാജ്യങ്ങളിലേക്ക് നാടുകടത്തപ്പെടുകയും ചെയ്യപ്പെട്ട ബാക്കി ഗോത്രങ്ങൾ അഫ്ഗാനിസ്ഥാനിലും കാശ്മീരിലും വസിക്കുന്നതായി കാണാം. അഫ്ഗാനി

സ്താനിലെ പട്ടണങ്ങളുടെ പേരുകൾ, പുരാവസ്തു ശേഷിപ്പുകൾ, കാശ്മീരിലെ ഗോത്രപ്പേരുകൾ, അവരുടെ പൗരാണിക ദേശീയ ആചാരങ്ങൾ മുതലായവ ഈ നിഗമനത്തെ സ്ഥിരീകരിക്കുന്നുണ്ട്. കാശ്മീരിനെ അവിടത്തെ നിവാസികൾ കാശീർ എന്നും വിളിക്കാറുണ്ട്. അതൊരു ഹീബ്രു പദമാണ്. ശീർ പോലുള്ളത് എന്നാണ് അതിന്റെ അർഥം. ശീർ എന്നത് സിറിയയുടെ പേരാണ്. 'പൂക്കളുടെ നാട്' എന്നാണ് അതിനർഥം. വളരെ ഫലഭൂയിഷ്ടമായ താഴ്‌വരയാണല്ലോ കാശ്മീർ. ബഹിഷ്കൃതരായ യഹൂദഗോത്രങ്ങൾ തങ്ങളുടെ സ്വദേശത്തെ സ്മരിച്ചു കൊണ്ട് അതിനെ കാശീർ എന്നു വിളിച്ചു. പഠാനുകളുടെയും കാശ്മീരികളുടെ ലക്ഷണങ്ങൾ യഹൂദികളുടെ മുഖലക്ഷണവുമായി സവിശേഷമായ നിലയിൽ തന്നെ താദാമ്യം പുലർത്തുന്നു. ചുരുക്കത്തിൽ ഇസ്രാഈലിലെ പത്തു ഗോത്രങ്ങൾ അഫ്ഗാനിസ്താനിലും കാശ്മീരിലുമാണ് താമസിക്കുന്നത്. അതുകൊണ്ട് തന്റെ ദൗത്യനിർവഹണത്തിനായി ഈ രാജ്യങ്ങളിൽ യാത്ര ചെയ്യേണ്ടത് യേശുവിന് അനിവാര്യമായിരുന്നു. ചരിത്ര രേഖകളിൽ നിന്ന് അഫ്ഗാനിസ്താനിലും കാശ്മീരിലും യേശു യാത്ര ചെയ്തത് കണ്ടെത്താനവുമെന്ന് ഹദ്‌റത്ത് അഹ്‌മദ്(അ) സമർഥിച്ചു.

മെസപ്പൊട്ടാമിയയിലെ പട്ടണമായ നസീബിനിൽ ഒരുയർന്ന സ്ഥലത്ത് യേശു തന്റെ യാത്രാവേളയിൽ ഒരിക്കൽ വിശ്രമിച്ചിരുന്നു എന്നാണ് പരമ്പരാഗത വിശ്വാസം. എന്നാൽ വിസ്മയകരമെന്നു പറയട്ടെ, കാശ്മീരിന്റെ തലസ്ഥാനമായ ശ്രീനഗരിലെ ഖാൻയാർ തെരുവിൽ പടിഞ്ഞാറു നിന്ന് വന്ന യൂസ് ആസഫ് എന്ന് പേരുള്ള പ്രവാചകന്റെ ശവകുടീരം സ്ഥിതി ചെയ്യുന്നതായി പൗരാണിക രേഖകളും പരമ്പരാഗത വിശ്വാസവും വ്യക്തമാക്കുന്നു. മിശിഹാ, ഈസാ സാഹിബ്, രാജകുമാരനായ പ്രവാചകൻ എന്നിങ്ങനെയാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്. ഈ രേഖകളിൽ നിന്ന് വ്യക്തമാകുന്ന പ്രവാചകന്റെ കാലഘട്ടവും യേശുവിന്റേതുമായി വളരെ കൃത്യമയി സാമ്യം പുലർത്തുന്നുണ്ട്. ചുരുക്കിപ്പറഞ്ഞാൽ, യേശുവിന്റെ ജീവിതമത്രയും കണ്ടെത്തിക്കൊണ്ട് കഴിഞ്ഞ പത്തൊമ്പത് നൂറ്റാണ്ടുകളായി ചരിത്രത്തിൽ അജ്ഞാതമായിരുന്ന ഒരു സംഗതിയിലേക്ക് ഹദ്‌റത്ത് അഹ്‌മദ്(അ) വെളിച്ചം വീശിയിരിക്കുകയാണ്. ഒടുവിൽ ഒരു തരത്തിലുള്ള ശിർക്കിന്റെ കവാടം അദ്ദേഹം അടയ്ക്കുകയും ദൈവത്തിന്റെ ഏകത്വവും മഹത്ത്വവും സ്ഥാപിച്ചുകൊണ്ട് ആത്മീയോത്ക്കർശത്തിന്റെ കവാടങ്ങൾ തുറന്നിടുകയും ചെയ്തിരിക്കുന്നു.

## ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധം

ഏകദൈവസിദ്ധാന്തം കഴിഞ്ഞാൽ മനുഷ്യനെ ഏറ്റവും കൂടുതൽ സ്വാധീനിക്കുന്ന മറ്റൊരു ചോദ്യം മനുഷ്യനും അവന്റെ സ്രഷ്ടാവും തമ്മിലുള്ള ബന്ധത്തെപ്പറ്റിയുള്ളതാണ്. ദൈവവുമായി എന്റെ ബന്ധം എന്താണ്? ഞാൻ ജനിച്ചതു തൊട്ട് എന്തു ലക്ഷ്യമാണ് ദൈവം തന്റെ സ്നേഹാതിരേകത്താൽ എനിക്കു വേണ്ടി നിശ്ചയിച്ചിട്ടുള്ളത്? ഇത്യാദി ചോദ്യങ്ങൾ മനുഷ്യജീവിതത്തിലെ നാനാവശങ്ങളെയും ആഴത്തിൽ സ്പർശിക്കുന്നു. ഈ ചോദ്യങ്ങളെപ്പറ്റിയുള്ള ശരിയായ ഗ്രാഹ്യം മനുഷ്യന് ധർമനിഷ്ഠയുടെ കവാടങ്ങൾ തുറക്കുമ്പോൾ, അതിലെ പിഴവുകൾ പുരോഗതിയുടെ കവാടങ്ങൾ അവനുമേൽ കൊട്ടിയടക്കുന്നു. ഈ ചോദ്യങ്ങളെ സംബന്ധിച്ച് മാനവരാശിക്ക് ശരിയായ അവബോധം ഇല്ലാത്തതായി ഹദ്‌റത്ത് അഹ്‌മദ് (അ) കാണുകയും വളരെ ഉത്തരവാദിത്വത്തോടു കൂടി ആ അവബോധത്തിലേക്ക് അവരെ നയിക്കുകയും ചെയ്തു. അറ്റമില്ലാത്ത, അതിരില്ലാത്ത ഔന്നത്യങ്ങൾ താണ്ടുക എന്നതാണ് മനുഷ്യസൃഷ്ടിപ്പിന്റെ ലക്ഷ്യമെന്ന് അദ്ദേഹം വിശദീകരിച്ചു. ഏതൊരു ലക്ഷ്യത്തിനു വേണ്ടിയാണോ മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത് ആ ലക്ഷ്യത്തിൽ ദൈവം തന്നെ പരാജായപ്പെടുക എന്നത് അചിന്ത്യമാണ്.

ഭേദിക്കാനാകാത്ത ബന്ധനങ്ങളാലല്ല മനുഷ്യൻ ജന്മം കൊണ്ടിരിക്കുന്നത്. ദൈവം സ്വാതന്ത്ര്യത്തിന്റെ കവാടം അവനുമേൽ കൊട്ടിയടച്ചിട്ടുമില്ല. മനുഷ്യൻ തന്നെയാണ് സ്വകർമങ്ങളാൽ അപ്രകാരം ചെയ്യുന്നത്. എന്നല്ല, മനുഷ്യൻ സ്വയം കൊട്ടിയടക്കുമ്പോൾ പോലും അതു വീണ്ടും തുറക്കപ്പെടാനുള്ള സംവിധാനവും ദൈവം തന്നരുളുന്നു. മനുഷ്യരെല്ലാവരും തുല്യനിലയിലാണ് ദൈവത്തോടു ബന്ധപ്പെട്ടിരിക്കുന്നതെന്നും ചിറ്റമ്മ നയം അവൻ ആരോടും കാണിക്കുന്നില്ലെന്നും അദ്ദേഹം വിശദീകരിച്ചു. പ്രവാചകന്മാരിലും പരിഷ്ക്കർത്താക്കളിലും പെട്ട മാഹാത്മാക്കൾ പോലും വെറും മനുഷ്യരെന്ന നിലയിലാണ് ദൈവവുമായി ബന്ധപ്പെട്ടിരിക്കുന്നത്. അവരെപ്പോലെത്തന്നെ മാനവരാശിക്കാകമാനം ആത്മീയോന്നതിയുടെ കവാടങ്ങൾ തുറക്കപ്പെട്ടിരിക്കുന്നു. താനും തന്റെ സൃഷ്ടികൾക്കും ഇടയിൽ ഒരു മധ്യവർത്തിയെയും ദൈവം അനു വദിക്കുന്നില്ല. മാർഗദർശികളുടെ സ്ഥാനമാണ് പ്രവാചകന്മാർക്കുള്ളത്. അവരാരും മധ്യവർത്തികളല്ല. കാരണം, പ്രവാചകന്മാരുടെ ക്ഷേമം പോലെ, അവർ അയക്കപ്പെട്ട ജനങ്ങളുടെ ക്ഷേമവും ദൈവത്തിന് പ്രിയങ്കരമാണ്. ഒരാൾ തന്റെ സമസൃഷ്ടികളെ അപേക്ഷിച്ച് പരിശുദ്ധിയും ഭയഭക്തിയും മുഖേന ദൈവസാമീപ്യം കരസ്ഥമാക്കുന്നു. പക്ഷേ, അയാൾ എത്ര തന്നെ സാമീപ്യം കരസ്ഥമാക്കിയാലും, എത്ര തന്നെ ഉന്നത സ്ഥാനം കൈവരിച്ചാലും ആ സ്ഥാനത്തിന്റെയും ശ്രേഷ്ഠതയുടെയും കവാടം മറ്റുള്ളവരുടെ

മേൽ കൊട്ടിയടക്കാൻ അയാൾക്കാവില്ല. ആത്മീയോത്ക്കർശത്തിന്റെ ഏറ്റവും ഉയർന്ന കവാടങ്ങൾ എല്ലായ്പ്പോഴും ഏവർക്കും തുറക്കപ്പെട്ടിരിക്കുന്നു. മുട്ടുന്നവർക്കെല്ലാം സ്വർഗത്തിലെ കവാടങ്ങൾ തുറക്കപ്പെടുന്നതാണ്.

## ദൈവികഗുണങ്ങൾ കാലഹരണപ്പെട്ടിട്ടില്ല

ദൈവത്തിന്റെ കാരുണ്യവും അനുഗ്രഹങ്ങളും ഭൂതകാലങ്ങളിൽ മാത്രം പരിമിതപ്പെട്ടിരിക്കുന്നുവെന്ന ജനങ്ങളിൽ പൊതുവെ പ്രചരിച്ചിട്ടുള്ള വിശ്വാസമാണ് വാഗ്ദത്ത മസീഹ്(അ) നീക്കം ചെയ്ത മറ്റൊരു അബദ്ധവിശ്വാസം; ദൈവികാനുഗ്രഹങ്ങളുടെ വാതിൽ മാനവരാശിക്കായി അടയ്ക്കപ്പെട്ടിരിക്കുന്നു എന്ന വിശ്വാസം. ദൈവത്തിന്റെ ഏതെങ്കിലും ഗുണം ഏതെങ്കിലും കാലത്ത് ദുർബലപ്പെട്ടുപോയി എന്ന് വിശ്വസിക്കുന്നത് പാപവും ധിക്കാരവുമാ ണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ജീവനുള്ള ഒരു വസ്തു ജീവന്റെ അടയാളം കാണിക്കണമല്ലോ. ജീവൻ പ്രദാനം ചെയ്യുന്ന വസ്തുക്കളെ തന്റെ വ്യവസ്ഥിതിയിലേക്ക് ആഗിരണം ചെയ്യുക എന്നത് ജൈവവസ്തുക്കളുടെ ലക്ഷണമാകുന്നതുപോലെ, ജീവൽദായക ഗുണങ്ങളുടെ പ്രതിഫലനങ്ങൾ തന്റെ സൃഷ്ടികളിൽ വാർക്കുക എന്നത് സ്രഷ്ടാവായ ദൈവം ജീവിച്ചിരിക്കുന്നതിന്റെ ലക്ഷണമാണ്. എന്തെന്നാൽ, ജീവിച്ചിരിക്കുന്ന ഒരു ദൈവമുണ്ടെങ്കിൽ അവന്റെ ഗുണങ്ങളുടെ ചൈതന്യവത്തായ സ്വാധീനം ലോകത്ത് നിരന്തരം പ്രകടമാകേണ്ടതാണ്. അതുകൊണ്ട് ദൈവികാനുഗ്രഹങ്ങളെ മുൻകാലങ്ങളിൽ മാത്രം പരിമിതപ്പെട്ടവയാണെന്നും ഈ കാലത്ത് അതു തുടരുന്നില്ലെന്നും സങ്കല്പിക്കുന്നത് ജീവചൈതന്യം നഷ്ടപ്പെട്ട, നിർജീവനായ ദൈവത്തിൽ വിശ്വസിക്കുന്നതിന് തുല്യമാണ് എന്നാൽ, അവൻ എക്കാലത്തും പരിപൂർണനും അവന്റെ ഗുണങ്ങൾ ഒരു വിധത്തിലും നാശോന്മുഖമാകാത്തവയുമാണ്. മുൻകാലങ്ങളിലെന്ന പോലെ അവൻ ഇന്നും തന്റെ ദാസരോട് സംസാരിക്കുന്നു. മുൻകാലങ്ങളിൽ അവൻ പ്രാർഥനകൾ കേട്ടിരുന്നതു പോലെ ഇന്നും അവൻ പ്രാർഥനകൾ കേൾക്കുന്നു. മുൻകാലങ്ങളിൽ അടയാളങ്ങൾ കാണിച്ചിരുന്നതു പോലെ ഇന്നും അവൻ അടയാളങ്ങൾ കാണിക്കുന്നു. മുൻകാലങ്ങളിലെന്നപോലെ അവൻ തന്റെ ദാസരുടെ ഹൃദയങ്ങളിൽ തന്റെ പരിശുദ്ധിയുടെ പ്രതിഫലനങ്ങൾ പ്രകാശിപ്പിക്കുന്നു. ഈ ഗുണങ്ങളൊന്നും ദൈവം ഇനി പ്രകടിപ്പിക്കുന്നില്ല എന്ന വിശ്വാസം ഉണ്ടായത് ദൈവവും മനുഷ്യനും തമ്മിലുള്ള അകല്ചയിൽ നിന്നാണ്. വിവിധ മതങ്ങൾക്ക് സ്വായത്തമായിട്ടുണ്ടായിരുന്ന ജീവൽദായക ഗുണങ്ങൾ അവയ്ക്ക് നഷ്ടപ്പെട്ടിരിക്കുന്നുവെന്ന വസ്തുതയാണ് ഇതു കാണിക്കുന്നത്. അതുകൊണ്ടു തന്നെ ഈ നഷ്ടം മറച്ചു വെയ്ക്കുന്നതിന് ആ മത ങ്ങളുടെ വക്താക്കളാണ് ഇക്കാലത്ത് മുൻകാലങ്ങളിലെന്ന പോലെ അത്തരം ദൈവികഗുണങ്ങൾ വെളിപ്പെടേണ്ട ആവശ്യമില്ലെന്ന വിശ്വാസം പ്രചരിപ്പിച്ചത്. എന്നാൽ, ഇക്കാലത്തെ ജനങ്ങളിൽ നാം എന്താണ് കാണുന്നത്? മുൻകാലങ്ങളിൽ ദൈവികഗുണങ്ങളുടെ സാക്ഷാത്കാരം ദർശിച്ച ആളുകളേക്കാൾ സ്നേഹത്തിലും ആത്മാർഥതയിലും വിശ്വാസത്തിലും മുൻ കടന്നവരായിട്ടാണോ നാം കാണുന്നത്? അവർ തങ്ങളുടെ ശീലങ്ങളും രീതികളും ആഗ്രഹങ്ങളും കാഴ്ചപ്പാടുകളും ദൈവപ്രീതിക്കു വേണ്ടി ത്യജിക്കുവാൻ മുൻകാലങ്ങളിൽ ദൈവികഗുണങ്ങളുടെ സാക്ഷാത്കാരം ദർശിച്ച ആളുകളേക്കാൾ തയ്യാറാണോ? ഇക്കാലത്തെ ജനങ്ങൾക്ക് മൂസാ(അ), ഇല്യാസ്(അ), ദാവൂദ്(അ), യഹ്‌യാ(അ), ഈസ(അ), ശ്രീകൃഷ്ണൻ(അ), മുഹമ്മദ്(സ) എന്നീ പ്രവാചകന്മാരെക്കാൾ വിശ്വാസത്തിലും ദൈവഭക്തിയിലും കരുത്തുള്ളവരാണെന്ന് സമ്മതിച്ചാൽ തന്നെ ലോകത്തിന് ദൈവികഗുണങ്ങളുടെ പ്രകടനം ആവശ്യമില്ലെന്ന് വരുന്നില്ല. കാരണം, മനുഷ്യഹൃദയങ്ങളിൽ ദൈവാസ്തിക്യം ഉടലെടുക്കാൻ വേണ്ടി മാത്രം ഉള്ളതല്ല അത്തരം വെളിപ്പെടലുകൾ; മനുഷ്യരാശിയുടെ തന്നെ പരമമായ ലക്ഷ്യമാണത്. സൗന്ദര്യം സ്നേഹത്തെ സൃഷ്ടിക്കുന്നു എന്നത് ശരി തന്നെ. എന്നാൽ, തന്റെ സ്നേഹഭാജനത്തിന്റെ സൗന്ദര്യം കാണാൻ സ്നേഹിക്കുന്ന വ്യക്തിയെ കൂടുതൽ പ്രേരിപ്പിക്കുന്നു എന്നതും ശരിയാണ്. സ്നേഹത്തിനുള്ള ഒരേയൊരു പ്രതിഫലം പ്രേമഭാജനത്തെ പ്രേമിയുമായി അടുപ്പിക്കുക എന്നതാണ്. ഇക്കാലത്തെ ജനങ്ങൾ ദൈവത്തോട് മുൻഗാമികളെക്കാൾ കൂടുതൽ സ്നേഹം വെച്ചു പുലർത്തുന്നവരാണെങ്കിൽ ദൈവികഗുണങ്ങളുടെ സാക്ഷാത്കാരം ദർശിക്കാൻ കൂടുതൽ അർഹത അവർക്കാണല്ലോ. അവരുടെ സ്നേഹം സഫലമാവുകയും ആ വിശ്വാസത്തിനു പ്രതിഫലം ലഭിക്കുകയും ചെയ്യേണ്ടതാണ്. ദൈവസ്നേഹിക്ക് തന്റെ സ്നേഹഭാജനത്തിന്റെ വെളിപ്പെടൽ തന്നെയാണ് സ്വർഗം. സംഭ്രാന്തനായി ദൈവത്തെ അന്വേഷിക്കുന്നവന്റെ യഥാർഥ പ്രതിഫലം ആ സ്നേഹഭാജനത്തിന്റെ സാമീപ്യമാണ്. മുൻകാലങ്ങളിലെപ്പോലെ ദൈവം ഇന്നും തന്റെ ദാസർക്ക് വെളിപ്പെടുമെന്ന് പ്രഖ്യാപിക്കുന്ന മതത്തിനു മാത്രമേ സത്യമതം എന്ന് അവകാശപ്പെടാനാവുകയുള്ളൂ. അങ്ങനെ ഒരു വാദം ഉന്നയിക്കുന്ന ഏക മതം ഇസ്‌ലാം ആണ്. (തുടരും)

www.alislam.org

# ഇസ്‌ലാമും സെക്കുലര്‍ ഡെമോക്രസിയും

സെക്കുലര്‍ സങ്കല്‍പങ്ങളും ഇസ്‌ലാമുമായുള്ള ബന്ധം സമഗ്രമായി വിശകലനം ചെയ്യുന്ന ലേഖന പരമ്പര

എ. എം. മുഹമ്മദ് സലീം

ആധുനിക ലോകത്ത് മതവും രാഷ്ട്രവും തമ്മിലുള്ള ബന്ധം നിര്‍ണ്ണയിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു ഭരണതത്വവും രാഷ്ട്രീയ ദര്‍ശനവുമാണ് സെക്കുലരിസം. സമാധാനവും നീതിയും മനുഷ്യ ക്ഷേമവും കൈവരിക്കാനുള്ള ഒരു ഭരണ തത്വം എന്ന നിലക്ക് ഇസ്‌ലാമിന്റെ പിന്തുണ അതിനുണ്ട്. ജനാധിപത്യത്തില്‍ വൈവിധ്യങ്ങളെ സമഞ്ജസമായി സമന്വയിപ്പിക്കാനും വൈരുദ്ധ്യങ്ങളെ സംഘര്‍ഷരഹിതമായി ഏകോപിപ്പിക്കാനും സെക്കുലരിസത്തിന്ന് കഴിയും. മത വൈവിധ്യങ്ങളുടെ പ്രദര്‍ശനശാല എന്ന് വിശേഷിപ്പിക്കപ്പെട്ട നമ്മുടെ രാജ്യം അതിന്റെ ചിരപുരാതനമായ നാനാത്വത്തില്‍ ഏകത്വം എന്ന സാമൂഹിക ദര്‍ശനത്തിന്റെ നൈരന്തര്യം ആധുനിക കാലത്ത് ഫലപ്രദമായി നിലനിര്‍ത്തിയത് നമ്മുടെ ആദരണീയമായ ഭരണഘടനയിലൂടെയാണ്. സെക്കുലരിസത്തിന്റെ രാഷ്ട്രീയാര്‍ത്ഥത്തിലുള്ള പ്രകാശനമായിരുന്നു അത്. നമ്മുടെ രാഷ്ട്രത്തിന്റെ വിശേഷണമായി ഭരണഘടനയുടെ ആമുഖത്തില്‍ എഴുതി ചേര്‍ത്ത സെക്കുലരിസം എന്ന പദവും മത സ്വാതന്ത്ര്യത്തെ സംബന്ധിച്ച വകുപ്പുകളും സെക്കുലരിസത്തെ ഇന്ത്യന്‍ ജീവിതത്തില്‍ സജീവമായൊരു പ്രായോഗിക തത്വമാക്കി മാറ്റുന്നു.

1949 നവംബര്‍ 25ന്ന് ഇന്ത്യന്‍ ഭരണഘടന നിലവില്‍ വരുമ്പോള്‍ **'സെക്കുലരിസം'** എന്ന പദം ഭരണഘടനയിലില്ലായിരുന്നു. എങ്കിലും സെക്കുലരിസം വിഭാവന ചെയ്യുന്ന എല്ലാ ആശയങ്ങളും ഇതിനകം നമ്മുടെ ഭരണഘടന ഉള്‍ക്കൊണ്ടിരുന്നു. അതായത് ഭരണ ഘടന അംഗീകരിച്ച 7 മൗലികാവകാശങ്ങളില്‍പെട്ട മത സ്വാതന്ത്ര്യത്തിന്നുള്ള അവകാശവും അതിനെ വിശദീകരിച്ചുകൊണ്ടുള്ള 25 മുതല്‍ 28 വരെയുള്ള വകുപ്പുകളും നല്‍കുന്ന ഉറപ്പ് സെക്കുലരിസം വാഗ്ദാനം ചെയ്യുന്ന ഉറപ്പ് തന്നെയായിരുന്നു. സെക്കുലരിസത്തോട് ഭാരതീയ സമൂഹത്തിന്റെ ഉല്‍ക്കടമായ അഭിവാഞ്ച അവിടം കൊണ്ടും അവസാനിച്ചില്ല. 1976 ല്‍ 42-ാമത് ഭരണ ഘടനാ ഭേദഗതിയിലൂടെ സെക്കുലരിസം എന്ന പദം ഇന്ത്യാ റിപ്പബ്ലിക്കിന്റെ വിശേഷണമായി കൊണ്ട് ഇപ്രകാരം ഭരണഘടനയുടെ ആമുഖത്തില്‍ എഴുതി ചേര്‍ക്കുകയുണ്ടായി. **'ഇന്ത്യയിലെ ജനങ്ങളായ ഞങ്ങള്‍, ഇന്ത്യയിലെ ഒരു പരമാധികാര സോഷ്യലിസ്റ്റ് സെക്കുലര്‍ ഡമോക്രാറ്റിക്ക് റിപ്പബ്ലിക്കായി സംഘടിക്കുന്നതിന്നും....'**

### സെക്കുലരിസത്തിന്റെ അര്‍ത്ഥ കല്‍പ്പനയും മതങ്ങളുടെ വിമുഖതയും


മുസ്‌ലിം ഭൂരിപക്ഷ രാജ്യങ്ങളുടെയും മതന്യൂനപക്ഷമായി മറ്റു രാജ്യങ്ങളില്‍ കഴിയുന്ന മുസ്‌ലിംകളുടെയും ക്ഷേമത്തിന്നും സുരക്ഷക്കും സെക്കുലരിസം അനിവാര്യമാണെങ്കിലും ഒരു ഭരണ രീതി എന്ന നിലക്ക് സെക്കുലരിസം ഹൃദയാത്മനാ അംഗീകരിക്കാന്‍ മുസ്‌ലിം സമൂഹം മടിച്ചു നില്‍ക്കുന്നു. ഇതിന്ന് കാരണം ആ പദത്തിന്നുണ്ടായ മതവിരുദ്ധമായ ഒരു പ്രതിഛായയാണ്. സാമൂഹിക രാഷ്ട്രീയ വിജ്ഞാനീയത്തിലെ ഇത്തരം പദാവലികളുടെ അര്‍ത്ഥം ചരിത്രം മാറിമറിയുന്നതിനനുസരിച്ച് പരിണാമ വിധേയമാണ്. സോഷ്യലിസം, ജനാധിപത്യം എന്നീ സംജ്ഞകള്‍ പോലെ അത് വ്യഖ്യാനിക്കുന്നവരുടെ മനോവിലാസമനുസരിച്ചോ പ്രത്യയ ശാസ്ത്ര പ്രതിബദ്ധതക്കനുകൂലമായോ മാറാവുന്നതാണ് . ഇത്തരം പദങ്ങള്‍ പദനിഷ്പത്തിയുടെ അടിസ്ഥാനത്തിലല്ല അര്‍ത്ഥകല്‍പ്പന നടത്തുന്നത്. സമൂഹത്തിന്റെ ക്ഷേമകരമായ നിലനില്‍പ്പിന്നുള്ള ആവശ്യത്തെ മുന്‍നിര്‍ത്തി പുതിയ ഉള്ളടക്കം നല്‍കി സെക്കുലരിസം എന്ന സങ്കല്‍പ്പത്തിന്റെ അര്‍ത്ഥം പുഷ്ടിപ്പെടുത്തേണ്ടതുണ്ട്. സെക്കുലരിസത്തെ പുനര്‍ വ്യാഖ്യാനിക്കാനും അതിന്റെ സമകാലീന പ്രസക്തി മനസ്സിലാക്കാനും മുസ്‌ലിം സമൂഹം തയ്യാറായിട്ടില്ല. അതാണ് ഈ അകല്‍ച്ചക്ക് കാരണം. മതയാഥാസ്ഥിതികത്വവും ഇസ്‌ലാം മത രാഷ്ട്ര വാദത്തെ കുറിച്ചുള്ള

പ്രചാരണവും സാമൂഹ്യ ശാസ്ത്ര ങ്ങളെ സംബന്ധിച്ച തെറ്റിദ്ധാരണ കളും പൗരോഹിത്യത്തിന്റെ ദുസ്സ്വാധീനങ്ങളും മുസ്‌ലിം സമൂഹ ത്തെ അത് ഉൾക്കൊള്ളുവാൻ അനുവദിക്കുന്നില്ല എന്നതാണ് യാഥാർത്ഥ്യം. ഇസ്‌ലാം മത രാഷ്ട്ര വാദത്തിന്റെ ഉപജ്ഞാതാവായ മൗലാനാ മൗദൂദിയെ പോലെയുള്ള പണ്ഡിതന്മാർ സെക്കുലരിസത്തെ ഇസ്‌ലാം വിരുദ്ധമായ ഒന്നാക്കിയി ട്ടുള്ള ചിത്രീകരണവും ഈ അകൽച്ചക്ക് കാരണമായിട്ടുണ്ട്. ആ വിഷയം പിന്നീട് വിശദീകരിക്കാം.

സെക്കുലരിസത്തെ സംബ ന്ധിച്ച് പറയുമ്പോൾ ആ പദത്തിന്റെ മലയാള വിവർത്തനത്തിലും ചില പ്രശ്നങ്ങളുണ്ട്. Secularism എന്ന ഇംഗ്ലീഷ് പദം ആദ്യമായി ഉപയോഗിച്ചത് 1851 ൽ ബ്രിട്ടീഷ് സ്വതന്ത്ര ചിന്തകനായ ജോർജ് ജേക്കബ് ഹോളിയോക്ക് (George Jacob Holyoake) ആണ്. secular എന്ന പദത്തിന്റെ വിശേഷണമാണ് സെക്കുലറിസം. ലാറ്റിനിലെ Saecularis എന്ന പദത്തിൽ നിന്നും നിഷ്പന്നമായതാണ് ഈ പദം. അതിനർത്ഥം Worldly (ലൗകികം) Temporal (ഭൗതികം) എന്നൊക്കെ യാണ്. സെക്കുലരിസത്തിന്ന് മതേതരത്വം, മതനിരപേക്ഷത എന്നിങ്ങനെയാണ് മലയാളത്തിൽ അർത്ഥം നൽകിയിരിക്കുന്നത്. പക്ഷേ ഈ അർത്ഥ കൽപ്പന ഒരു സാമൂഹിക ദർശനം എന്ന നിലയിൽ സെക്കുലരിസം വിഭാവന ചെയ്യുന്ന ആദർശം സാക്ഷാത്ക്കരി ക്കാനും രാഷ്ട്രനിർമിതിയിൽ മതവിശ്വാസികളെ ഹൃദയാത്മനാ പങ്കെടുപ്പിക്കാനും തടസ്സം നിൽക്കു ന്ന ഒന്നാണ് എന്ന് പറയേണ്ടിയിരി ക്കുന്നു. ചുരുങ്ങിയത് ഇന്ത്യൻ ഭരണ ഘടനയിൽ അത് എഴുതി ചേർത്തവരുടെ വിഭാവനക്ക് പോലും ഈ അർത്ഥ കൽപ്പന ചേരുന്നതല്ല. സെക്കുലരിസം കൊണ്ട് ഏതൊന്നാണ് ഉദ്ദേശിച്ചത് ആ ലക്ഷ്യം പ്രാപിക്കുവാൻ ഈ അർത്ഥ സങ്കൽപ്പത്തിന് സാധിക്കു ന്നുണ്ടോ എന്നതാണ് ശ്രദ്ധേയമായ പ്രശ്നം. സെകുലരിസത്തിന് മതേതരത്വം എന്ന മലയാള അർത്ഥം നൽകിയാലും അത് വിഭാവന ചെയ്യുന്ന സങ്കൽപ്പത്തിൽ അതിന്റെ ഉദ്ദേശ്യശുദ്ധിയെ മാനിച്ച് നാം സർവ്വാത്മനാ സഹകരിക്കുക തന്നെ വേണം.

വ്യക്തി ജീവിതത്തിലും സാമൂഹ്യ ജീവിതത്തിലും മതത്തി ന് നിർണ്ണായക സ്വാധീനമുള്ള മത വിശ്വാസികളാണ് നമ്മുടെ രാജ്യ ത്തെ ബഹുഭൂരിപക്ഷം ജനങ്ങളും. അങ്ങിനെ വരുമ്പോൾ സെക്കുലരി സത്തിന്ന് മതേതരത്വം, മതനിര പേക്ഷത, മതവിരുദ്ധം, മതമില്ലാത്ത ത് എന്നിങ്ങനെ മതത്തിന്നെതിരായ ധ്വനികളുള്ള അർത്ഥം കൽപ്പിച്ചു കൊടുക്കുകയും മതസമൂഹങ്ങ ളോട് സമൂഹ-രാഷ്ട്ര നിർമാണ പ്രക്രിയയിൽ പങ്കെടുക്കണമെന്ന് പറയുകയും ചെയ്യുന്നത് എത്ര ത്തോളം ഫലപ്രഥമാവും? അധികാ ര ശക്തിയുള്ള ഭരണകൂടം അഥവാ ഗവൺമെന്റ് മതപക്ഷപാതിത്വങ്ങളി ല്ലാത്തവിധം മതനിർമുക്തമാവണ മെന്നത് മാനവ നീതിയുടെ താൽപര്യമാണെന്ന കാര്യത്തിൽ സംശയമില്ല. പക്ഷേ കുറെ കൂടി വിശാലാർത്ഥത്തിൽ ഒരു രാഷ്ട്രീയ സാമൂഹിക ദർശനം എന്ന നിലക്ക് സെക്കുലരിസം അവതരിപ്പിക്കു മ്പോൾ ഈ അർത്ഥ സങ്കൽപ്പത്തി ൽ ചില പരിമിതികളും സംശയങ്ങ ളും വന്നു ചേരുന്നു.

ഈ പ്രശ്നം മറ്റൊരുദാഹര ണത്തിലൂടെ വ്യക്തമാക്കാം. സെക്കുലരിസത്തിന് മലയാളത്തിൽ മതേതരം, മതനിരപേക്ഷത എന്നി ങ്ങനെയാണല്ലോ വിവർത്തനം. എങ്കിൽ ഹിന്ദിയിൽ മതത്തിന്ന് ധർമ്മം എന്ന വിശാലമായ അർത്ഥമാണ് നൽകിയിരിക്കുന്നത്. അപ്പോൾ സെക്കുലരിസത്തിന്റെ ഹിന്ദി വിവർത്തനം ധർമ്മേതരം, ധർമ്മനിരപേക്ഷം എന്നൊക്കെ യായി മാറും. കറകളഞ്ഞ സെക്കുല രിസ്റ്റും മഹാനായ ജനാധിപത്യ വാദിയുമായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഇന്ത്യൻ ഭാഷകളിലുള്ള ഈ പദത്തിന്റെ വിവർത്തനത്തിനു




പണ്ഡിറ്റ് ജവഹർലാൽ നെഹ്റു

ള്ള പരിമിതിയെ പറ്റി പറഞ്ഞത് നോക്കൂ. ***'ഇന്ത്യയിൽ നമ്മൾ സെക്കുലർ ഭരണകൂടത്തെ പറ്റി സംസാരിക്കാറുണ്ട്. ഹിന്ദിയിൽ (മറ്റു ഇന്ത്യൻ ഭാഷകളിലും) സെക്കുലർ എന്ന വാക്കിന്ന് പറ്റിയ ഒരു വാക്കു തന്നെ കണ്ടുപിടിക്കാ ൻ പ്രയാസം. മതത്തിന്ന് എതിരായ എന്തോ ഒന്നാണ് അത് എന്ന വിചാരിക്കുന്നു. അത് ഒട്ടും ശരിയ ല്ല. എല്ലാ വിശ്വാസങ്ങളെയും ഒരു പോലെ അംഗീകരിക്കുന്ന ഭരണ കൂടം എന്നാണ് അതിന്നർത്ഥം. ഒരു ഭരണകൂടം എന്ന നിലക്ക് ഏതെങ്കിലും ഒരു മതത്തേയോ അത് സ്വന്തമായി അംഗീകരിക്കുന്നി ല്ല. അങ്ങിനെ ചെയ്താൽ അത് ഭരണകൂടത്തിന്റെ മതമായി തീരും'*** (ധർമ്മ നിരപേക്ഷ് രാജ് എന്ന രഘു നാഥ് സിംങ്ങിന്റെ പുസ്തക ത്തിന്നെഴുതിയ അവതാരികയിൽ നിന്ന്.)

## സെക്കുലരിസമെന്നാൽ കേവല നീതി

അറബിയിൽ സെക്കുലരിസ ത്തിന് **'**മതവിഭിന്നമായ ഒന്ന്**'**, **'**മതവിരുദ്ധമായത്**'** എന്ന ഒരു അർത്ഥ കൽപനയില്ല. **'**ആലം**'** (ലോകം) എന്ന പദത്തിൽ നിന്നും നിഷ്പന്നമായ **'**അൽമാനിയ്യ:**'** എന്നും **'**ഇൽമ്**'** (വിജ്ഞാനം, ശാസ്ത്രം) എന്ന പദത്തിൽനിന്നും നിഷ്പന്നമായ **'**ഇൽമാനിയ്യ:**'**



ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റ)

എന്നും സെക്കുലരിസത്തിന് പകരമായ അറബി പദമായി ഉപയോഗിക്കുന്നു. ചിലർ ദീനി (മതം)ന്റെ എതിർ വാക്കായ **'ദുൻയ്യ വിയ്യ്'** (ഇഹലോക സംബന്ധിയായ ത്) എന്ന പദം ഉപയോഗിക്കുന്നു. അഹ്മദിയ്യാ ഖലീഫ ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്(റഹ്) സെക്കുലരിസത്തിന്ന് **'കേവല നീതി'** (Absolute Justice) എന്ന അർത്ഥമാണ് ഉപയോഗിച്ചത്. സെക്കുലരിസത്തിന്ന് മാനവീയ നൈതികതയിലൂന്നിയ ഒരാശയ വിവർത്തനമാണിത്. അതായത് ഏത് മതത്തിൽ വിശ്വസിച്ചാലും മതത്തിൽ വിശ്വസിച്ചില്ലെങ്കിലും മനുഷ്യനായി പിറന്നവനെല്ലാം നീതി ബോധമുണ്ട്. അത് മനുഷ്യന്റെ ആത്മാവിൽ ദൈവം നിക്ഷേപിച്ച ഒരു ആത്മീയ ഗുണമാണ്. മതപരമായും സാംസ്കാരികവുമായ എല്ലാ വൈവിധ്യങ്ങളെയും വൈരുദ്ധ്യങ്ങളെയും ഉൾക്കൊള്ളാൻ ഈ അർത്ഥ വിവക്ഷക്ക് സാദ്ധ്യമാവുന്നു. ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റ) എഴുതുന്നു:

ഇസ്‌ലാമികാദ്ധ്യാപനങ്ങളിൽ നിന്ന് ഞാൻ മനസ്സിലാക്കിയത് പ്രകാരം എല്ലാ രാഷ്ട്രങ്ങളും കേവല നീതിയുടെ തത്വങ്ങളായിരിക്കണം പാലിക്കേണ്ടത് എന്നാണ്. ഈ വിധത്തിൽ എല്ലാ രാഷ്ട്രങ്ങളും മുസ്‌ലിം രാഷ്ട്രങ്ങളായി തീരുന്നു.

ഈ വാദമുഖങ്ങളുടെ വെളിച്ചത്തിൽ വിശ്വാസകാര്യങ്ങളിൽ യാതൊരു നിർബന്ധവും പാടില്ല എന്ന സാർവ്വത്രികമായ ഇസ്‌ലാമിക സങ്കൽപ്പത്തിന്റെ അടിസ്ഥാനത്തിൽ മതം ഒരു രാഷ്ട്രത്തിലെ രാഷ്ട്രീയ കാര്യങ്ങൾക്കായുള്ള നിയമ നിർമാണത്തിൽ ഒരു പ്രമുഖ സ്ഥാനിയാവുന്നില്ല.

എന്റെ പഠനത്തിൽ എനിക്കും അസന്ദിഗ്ദമായി മനസ്സിലാക്കാൻ കഴിഞ്ഞത് വിശുദ്ധ ഖുർആൻ ഭരണ കൂടങ്ങളുടെ (ഗവൺമെന്റ്) വിഷയം കൈകാര്യം ചെയ്യുമ്പോൾ മുസ്‌ലിം രാഷ്ട്രം, അമുസ്‌ലിം രാഷ്ട്രം എന്നീ വേർതിരിവ് കൽപ്പിക്കുന്നില്ല എന്നാണ്. ഒരു രാഷ്ട്രം എങ്ങനെ നടത്തിക്കൊണ്ട് പോകണം എന്ന കൽപ്പനകൾ മനുഷ്യ സമൂഹത്തിന് പൊതുവേയുള്ളതാണ്. അത്കൊണ്ട് വിശുദ്ധ ഖുർആൻ പ്രാഥമികമായി ഇക്കാര്യം മുസ്‌ലിം വിശ്വാസികളെയാണ് അഭിസംബോധന ചെയ്തത് എന്ന് മാത്രം. വിശുദ്ധ ഖുർആൻ പറഞ്ഞ രാഷ്ട്ര തന്ത്രം ഹിന്ദുക്കൾ , സിക്കുകാർ, ബൗദ്ധർ, കൺഫ്യൂഷ്യസ്, ക്രിസ്ത്യാനികൾ, ജൂതന്മാർ, മുസ്‌ലിംകൾ മുതലായവർക്കെല്ലാം ഒരു പോലെ ബാധകമാണ്. (ഇസ്‌ലാമും സമകലീന പ്രശ്നങ്ങളും- ഹദ്റത്ത് മിർസാ ത്വാഹിർ അഹമദ് പേ-306)

സാമൂഹ്യ രാഷ്ട്രീയ തത്ത്വചിന്തകന്മാരും രാഷ്ട്രീയ പ്രവർത്തകരും സെക്കുലരിസത്തിന് **മതേതരത്വം** എന്നതിന് പകരം **'കേവല നീതി'** എന്ന അർത്ഥം നൽകിയാൽ സെക്കുലരിസത്തിന്ന് ഇന്ത്യയിലുള്ളത്പോലെ മതാഭിമുഖ്യമുള്ള സമൂഹത്തിന് സെക്കുലരിസം സ്വീകാര്യമായ ഒരു രാഷ്ട്രീയ സിദ്ധാന്തമായി മാറും. മുസ്‌ലിംങ്ങളെ സംബന്ധിച്ചിടത്തോളം ഒരു ഖുർആനിക തത്വം ഇത് മുഖേന വ്യാപകമായി സാക്ഷാത്ക്കരിക്കാനും സാധ്യമാകും. വിശുദ്ധ ഖുർആൻ പറയുന്നു: ***'നീതി പുലർത്താൻ നിങ്ങളോട് കൽപ്പിക്കപെട്ടിരിക്കുന്നു' (വി. ഖുർആൻ. 16:91)***

## പേപ്പസിയും സെക്കുലരിസവും

സെക്കുലരിസത്തിന് മതലോകം കൽപ്പിക്കുന്ന അയിത്തത്തിന്ന് ചരിത്ര പരമായ ഒരു കാരണമുണ്ട്. സെക്കുലരിസം പ്രതിനിധാനം ചെയ്യുന്ന ആശയം പുരാതന കാലം മുതൽ തന്നെ നിലവിലുണ്ടായിരുന്നെങ്കിലും ആധുനിക കാലത്ത് ആ പദം യൂറോപ്പിൽ നിന്നാണ് വന്നത്. മദ്ധ്യകാല യൂറോപ്പിൽ സെക്കുലരിസം നേടിയതെല്ലാം മതവുമായി നിരന്തരം മല്ലടിച്ചുകൊണ്ടാണ്. ക്രിസ്ത്യൻ തിയോക്രസി എല്ലാസ്വതന്ത്ര ചിന്തയേയും ശാസ്ത്ര ബോധത്തെയും അടിച്ചമർത്തുന്ന രീതിയിൽ യൂറോപ്പിൽ മനുഷ്യ സ്വാതന്ത്ര്യത്തിന്നെതിരായി നിന്നപ്പോൾ അതിൽ നിന്നുള്ള വിമോചകനായാണ് സെക്കുലരിസം കടന്നുവന്നത്. അത്കൊണ്ടാണ് സെക്കുലരിസം മതത്തിനെതിരാണ് എന്ന വ്യാപകമായ പ്രചാരണമുണ്ടായത്.

**'സീസറിന്നുള്ളത് സീസറിന്നും ദൈവത്തിന്നുള്ളത് ദൈവത്തിന്നും' (മാർക്കോസ്12:17)** എന്ന് സെക്കുലരിസത്തിന്ന് അനുയോജ്യവും ഉജ്ജ്വലവുമായ വചനം ഉരുവിട്ടത് മഹാനായ യേശുവായിരുന്നു. അദ്ദേഹത്തിന്റെ അനുയായികൾ മദ്ധ്യനൂറ്റാണ്ടുകളിൽ ദൈവത്തിന്റെ പേരിൽ സീസറിന്റെ സ്ഥാനം കൂടി കൈയടക്കിക്കൊണ്ടാണ് മനുഷ്യസ്വാതന്ത്ര്യത്തെ ആവോളം ഹനിച്ചത്. ക്രിസ്തു മതം റോമിൽ പ്രചരിപ്പിച്ചത് ക്രിസ്തു ശിഷ്യനായ പത്രോസും ക്രിസ്തുവിനെ പിന്നീട് വിശ്വസിച്ച പൗലോസും ആയിരുന്നു. **'പൊന്നും വെള്ളിയുമെനിക്കില്ല' (അപ്പോസ്തല പ്രവ: 3:6)** എന്ന് പറഞ്ഞ പത്രോസ് സ്ഥാപിച്ച സഭ പിന്നീട് റോമിൽ പേപ്പൽ സ്റ്റേറ്റുകൾ സ്ഥാപിച്ച് വലിയ രാഷ്ട്രീയ അധികാരത്തിന്റെയും സ്വത്തുക്കളുടെയും അധിപരാകുകയും അക്കാലത്തെ മുഴുവൻ രാഷ്ട്രീയ സംവിധാനങ്ങൾക്കും മേലും ചോദ്യം ചെയ്യാൻ കഴിയാ

ത്ത അധ്യക്ഷ്യ സ്ഥാപനമായി മാറുകയുമായിരുന്നു.

## സെക്കുലരിസവും ക്രൈസ്തവ സഭയും

സെക്കുലരിസത്തിന്റെ ജനന പശ്ചാത്തലം വിവരിക്കുമ്പോൾ യൂറോപ്പിലെ ക്രൈസ്തവ മത ഭരണ ചരിത്രം അൽപ്പം വിവരിക്കേണ്ടിയിരിക്കുന്നു. പുരാതന റോമാ സാമ്രാജ്യം; റോം ആസ്ഥാനമായി യൂറോപ്പും വടക്കനാഫ്രിക്കയും മദ്ധ്യ പൗരസ്ത്യ ദേശവും ഉൾപ്പെട്ട ചരിത്രത്തിലെ ഏറ്റവും വിശാലമായ സാമ്രാജ്യങ്ങളിലൊന്നായിരുന്നു. ആ റോമൻ ചക്രവർത്തിമാരുടെ കീഴിൽ അതീവ പീഢിതാവസ്ഥയിൽ ആരംഭിച്ച ആദിമ ക്രിസ്തു സഭ കോൺസ്റ്റന്റയിൻ ചക്രവർത്തിയുടെ മിലാൻ വിളംബരത്തോടെ സ്വതന്ത്രമായി. പിന്നീട് ക്രിസ്തു മതം റോമിന്റെ ഔദ്യോഗിക മതമായി മാറുകയും ചെയ്തു. കോൺസ്റ്റന്റയിന്റെ കാലത്തുണ്ടായ മറ്റൊരു സംഭവ വികാസം കിഴക്കൻ റോമാ സാമ്രാജ്യത്തിന്ന് (ബൈസാന്റിയം) തുടക്കം കുറിച്ചു എന്നതാണ്. വിശാലമായ റോമാ സാമ്രാജ്യത്തിന്റെ തലസ്ഥാനം റോമിൽ നിന്നും കോൺസ്റ്റന്റയിൻ ഇന്നത്തെ തുർക്കിയിലെ കോൺസ്റ്റാന്റിനോപ്പിൾലേക്ക് (ഇസ്താംബൂൾ) മാറ്റി. അന്ന് റോമാ സാമ്രാജ്യത്തിൽ പ്രധാനപ്പെട്ട അഞ്ച് പാത്രിയാർക്കേറ്റുകൾ (Partriarchate) ഉണ്ടായിരുന്നു. റോമാ, അലക്സാൺഡ്രിയ, അന്തിയോഖ്യാ, കോൺസ്റ്റാന്റിനോപ്പിൾ, ജെറുസെലേം എന്നിവയായിരുന്നു അവ. ഈ അഞ്ചു പാത്രിയാർക്കേറ്റുകളുടെ(Pentarchy) സ്ഥാനവും തുല്യമായിരുന്നു. അതിന്റെ അധിപന്മാരെല്ലാവരും പാത്രിയാക്കീസ് എന്നായിരുന്നു അറിയപെട്ടിരുന്നത്. പിന്നീടാണ് റോമൻ സഭ ശക്തമാവുകയും മറ്റു പാത്രിയാർക്കേറ്റുകൾ ചരിത്രത്തിൽ അപ്രസക്തമാവുകയും ചെയ്തത്. **'പോപ്പ് '** എന്ന അഭിധാനത്തോടെ റോമൻ സഭയുടെ അധിപനും റോമൻ സഭയും മാത്രം പിന്നീട് റോമാ സാമ്രാജ്യത്തിന്റെ സഭയായി അംഗീകരിക്കപ്പെട്ടു. അതിന് രാഷ്ട്രീയ കാരണങ്ങളുണ്ടായിരുന്നു. പുരാതന റോമാ സാമ്രാജ്യത്തിന്റെ തലസ്ഥാനം കോൺസ്റ്റാന്റിനോപ്പിളിലേക്ക് മാറ്റിയപ്പോൾ പശ്ചിമ റോമാ സാമ്രാജ്യം രാഷ്ട്രീയമായി അനാഥമാവുകയായിരുന്നു. പിന്നീട് പേപ്പൽ സ്റ്റേറ്റിന്റെ രൂപികരണത്തോടെ രാഷ്ട്രീയ അധികാരവും റോമൻ സഭ കൈയ്യേറ്റു. അതിലേക്ക് നയിച്ച വസ്തുതകൾ റവ: ഡോ. സേവ്യർ കൂടപ്പുഴ തിരുസഭാ ചരിത്രം എന്ന ഗ്രന്ഥത്തിൽ വിവരിക്കുന്നത് കാണുക.

*'പേപ്പൽ സ്റ്റേറ്റിന്റെ രൂപീകരണത്തിന്ന് വഴിതെളിയിച്ച സംഭവങ്ങൾ പലതാണ്. അതിൽ മുഖ്യമായത് ബാഹ്യസമ്മർദ്ദവും അതേ തുടർന്നുണ്ടായ സുരക്ഷിതത്വത്തിന്റെ ആവശ്യകതയുമാണ്. ലൊംബാർഡുകൾ (Lombards) എന്നറിയപ്പെടുന്ന ജർമ്മൻ വംശജരായ ഒരു വർഗ്ഗം എ.ഡി 568 ൽ ഇറ്റലിയുടെ വടക്ക് ഭാഗത്ത് നിന്ന് ആക്രമണം ആരംഭിച്ചു. ഇറ്റലിക്കാകമാനം ഇതൊരു ഭീഷണിയായിത്തീർന്നു. ഇറ്റലിയുടെ ഐക്യത്തെയും സുരക്ഷിതത്വത്തേയും ഇത് സാരമായി ബാധിച്ചു. അന്ന് ഇറ്റലി ബൈസന്റയിൻ (കിഴക്കൻ റോമാ) സാമ്രാജ്യത്തിലായിരുന്നു. പക്ഷേ ലൊംബാർഡുകളെ തടയാൻ ചക്രവർത്തിക്ക് കഴിഞ്ഞില്ല. ഇക്കാര്യത്തിൽ ചക്രവർത്തി തീരെ ശ്രദ്ധ ചെലുത്തിയില്ല. കാരണം മുഹമ്മദീയരുടെ കൂടെക്കൂടെയുള്ള ആക്രമണത്തിന്നെതിരെ യുള്ള പ്രതിരോധ നീക്കങ്ങളിലായിരുന്നു അദ്ദേഹം ശ്രദ്ധയൂന്നിയിരുന്നത്. ബൈസന്റിയൻ ചക്രവർത്തിയിൽ നിന്ന് സുരക്ഷിതത്വം ലഭിക്കയില്ലെന്ന് മനസ്സിലാക്കിയ ജനങ്ങൾ ഇറ്റലിയിലെ അന്നത്തെ പ്രബല ശക്തിയായ മാർപ്പാപ്പയുടെ നേതൃത്വം ഇറ്റലിയിൽ അംഗീകരിക്കപ്പെട്ടു. മഹാനായ ഗ്രിഗറി ഒന്നാമൻ മാർപ്പാപ്പ (590–604) ലൊംബാർഡുകളുമായി ഒരു സഖ്യത്തിലേർപ്പെടുകയും ആക്രമണം ഭാഗികമായി തടയുകയും ചെയ്തു, ഈ സംഭവത്തോടെ മാർപ്പാപ്പയുടെ ശക്തി ഇറ്റലിയിൽ പ്രബലപ്പെടുകയും രാഷ്ട്രീയ രംഗത്തുള്ള അദ്ദേഹത്തിന്റെ നേതൃത്വം അംഗീകരിക്കുകയും ചെയ്തു. തുടർന്ന് മാർപ്പാപ്പ ചക്രവർത്തിയുടെ ഇറ്റലിയിലേക്കുള്ള അനൗദ്യോഗിക പ്രതിനിധിയെന്നവണ്ണം പ്രവർത്തിച്ചുവന്നു'*



ഷാർലമെയിൻ (എ.ഡി. 742- 814)

കോൺസ്റ്റന്റയിൻ ചക്രവർത്തിയുടെ ഒരു ശാസനം വഴി ക്രൈസ്തവ പള്ളികൾക്ക് ഭൂസ്വത്തുടമാവകാശവും മജിസ്ട്രേറ്റ് അധികാരവും നൽകിയിരുന്നു. റോമാ നഗരത്തിന്ന് തെക്കും വടക്കുമുള്ള സമുദ്ര തീരപ്രദേശങ്ങൾ റോമൻ സഭയുടെ കീഴിലായി. പത്രോസ് അപ്പോസ്തലന്റെ പൈതൃക സ്വത്ത് (Patrimony of (Saint) Peter) എന്നാണ് ഇത് അറിയപ്പെട്ടിരുന്നത്. കുമിഞ്ഞു കൂടിയ ഭൂസ്വത്തിന്റെ ഭരണമടക്കമുള്ള പരമാധികാരവും റോമൻ സഭക്ക് സിദ്ധിച്ചു. ഇങ്ങിനെയാണ് പോപ്പിന് പരമാധികാരമുള്ള സഭയുടെ പേപ്പൽ സ്റ്റേറ്റുകൾ രൂപംകൊണ്ടത്. പുരാതന റോമാ സാമ്രാജ്യം നാശഗർത്തത്തിൽ പതിച്ചിരുന്നപ്പോൾ ആ സാമ്രാജ്യ

**ശേഷം പേജ് 30 ൽ**

ഭാഗം – 4

# ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി

## (ഖലീഫത്തുൽ മസീഹ് അവ്വൽ (റ))

വാഗ്ദത്ത മഹ്ദി(അ)യുടെ പ്രഥമ ശിഷ്യനും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പ്രഥമ ഖലീഫയും മഹാ പണ്ഡിതനുമായ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി(റ) യുടെ ജീവചരിത്ര പരമ്പര.

ഇബ്നു വഫാ ബേപ്പൂർ

### ഉന്നതവിദ്യാഭ്യാസത്തിനായി റാംപൂരിലേക്ക്

ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് ലാഹോറിൽ പഠനം തുടങ്ങിയ വിവരം ഇതിനു മുമ്പു വിവരിച്ചുവല്ലോ. അവിടെ പഠനം ഏതാനും ദിവസങ്ങൾ തുടർന്നതേയുള്ളൂ സഹപാഠികളിലൊരാളുടെ പ്രചോദനത്താൽ മൂന്നുപേർ ഉപരിപഠനാർത്ഥം റാംപൂർ പോകാൻ തീരുമാനിച്ചു. ആ കാലത്തു ഭൗതികവും മതപരവും ഭാഷാപരവുമായ അറിവുകൾ നൽകുന്ന ദറസുകളുടെ കേന്ദ്രമായിരുന്നു റാംപൂർ. ഇത്തരത്തിൽ പല അറിവുകളും കരസ്ഥമാക്കിട്ടുള്ള ഉന്നതരായ ധാരാളം പണ്ഡിതരും ആലിമീങ്ങളും അവിടെ ഉണ്ടായിരുന്നു. നല്ല റോഡുകളോ കൃത്യമായ വഴികളോ മറ്റു സൗകര്യങ്ങളോ ഒന്നും ഇല്ലാത്ത ആ പഴയ കാലത്ത് പത്തുനാനൂറിൽ പരം മൈൽ അകലെ കേട്ടുകേൾവി മാത്രമുള്ള സ്ഥലത്തേക്കുള്ള യാത്ര അറിവു നേടാനുള്ള അദ്ദേഹത്തിന്റെ അടങ്ങാത്ത തൃഷ്ണയും വാഞ്ഛയുമാണു കാണിക്കുന്നതെന്നു ആർക്കും മനസ്സിലാകും. അനുവാദത്തിന്നായി വിവരം പിതാവിനെ അറിയിച്ചപ്പോൾ അനുവാദം നൽകിക്കൊണ്ട് നന്നായി പഠിക്കാൻ ഉപദേശിക്കുകയും ഞങ്ങളിലാരെങ്കിലും മരിച്ചാലും ജീവിച്ചാലും അതു ശ്രദ്ധിക്കേണ്ടതില്ലെന്നും തൽക്കാലം ഈ കാര്യം മാതാവിനെ അറിയിക്കരുതെന്നും നിർദ്ദേശിക്കുകയുണ്ടായി. ഇത്ര ദൂരെ പഠനത്തിനായി പോകുന്നത് മാതാവ് ഒരുപക്ഷേ, സമ്മതിച്ചെന്നു വരില്ല. അതുകൊണ്ടാണു പിതാവ് അങ്ങനെ പറഞ്ഞത്. ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് പറയുകയാണ് ഞാൻ നേരത്തെ പറഞ്ഞതു പോലെ എന്റെ പിതാവ് (അല്ലാഹു അദ്ദേഹത്തിനു മേൽ അതിയായ കാരുണ്യം വർഷിക്കുമാറാകട്ടെ) തന്റെ മക്കളുടെ വിദ്യാഭ്യാസത്തിനായി ധാരാളം പണം ചെലവഴിച്ചിരുന്നു. എല്ലാ സൗകര്യങ്ങളും ചെയ്തു തന്നിരുന്നു.

യാത്രക്കുള്ള ഒരുക്കങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നതിനിടയിൽ വളരെ ആദരണീയനായ ഒരു ഭക്തൻ ഒരിക്കൽ എനിക്കു നൽകിയ ഉപദേശം ഞാൻ ഓർത്തു. അദ്ദേഹം പറഞ്ഞു, നീ ഒരു പുതിയ സ്ഥലത്തു ചെന്നാൽ ആ പട്ടണത്തിലെ പോലീസ് ഉദ്യോഗസ്ഥൻ, പ്രശസ്തനായ ഡോക്ടർ, ശ്രേഷ്ഠനായ ഒരു മഹാപുരുഷൻ, ആ നാട്ടിലെ ജനസമ്മതനായ ഒരു നേതാവ് എന്നിവരുമായി ഒട്ടും വൈകാതെ സുഹൃദ് ബന്ധം ഉണ്ടാക്കണം. അങ്ങനെ സാധിക്കുകയില്ല എന്നു കരുതുന്ന പക്ഷം നീ അവിടെ പോകരുത്.

യാത്രയുടെ കാര്യങ്ങൾ വിവരിച്ചു കൊണ്ട് ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് പറയുകയാണ്. ലാഹോറിൽ നിന്ന് റാംപൂരിലേക്കുള്ള യാത്ര ഏറെക്കുറെ കാൽനടയായിരുന്നു. ഞങ്ങൾ മൂന്നു പേരായിരുന്നു സംഘത്തിലുണ്ടായിരുന്നത്. ഒരാൾ മൗലവി മുഹമ്മദ് മുസ്തഫാ മറ്റൊരാൾ മൗലവി അലാഉദ്ദീൻ പിന്നെ ഞാനും. റസൂൽ തിരുമേനി (സ) യുടെ സുന്നത്തനുസരിച്ചു ഒരാളെ യാത്രയിൽ ഞങ്ങൾ അമീറാക്കി. എത്രയോ ദിവസത്തെ കഷ്ടപ്പാടും ദുരിതവും നിറഞ്ഞ യാത്രക്കൊടുവിൽ ഞങ്ങൾ മൂന്നു പേരും റാംപൂർ എത്തി. റാംപൂർ ഞങ്ങളെ സംബന്ധിച്ചിടത്തോളം പുതിയ നാടാണ്. പരിചയക്കാർ അവിടെ ആരുമില്ല. അവിടെ പട്ടണത്തിൽ നിന്നും അൽപം അകലെ ഒഴിഞ്ഞു കിടന്ന ഒരു പള്ളി ഞങ്ങൾ കണ്ടെത്തി. അങ്ങനെ താമസം അവിടെ ആരംഭിച്ചു. പള്ളിയിൽ ഞങ്ങളെ സ്ഥിരമായി കണ്ടതുകൊണ്ടായിരിക്കാം തൊട്ടടുത്തുള്ള വീട്ടിൽ നിന്നും ഏഴെട്ടു വയസ്സു പ്രായമുള്ള ഒരു പെൺകുട്ടി ഞങ്ങൾക്കു വേണ്ടി ഭക്ഷണം കൊണ്ടു വരാൻ തുടങ്ങി. മൂന്നാം ദിവസം ആ കുട്ടി പറഞ്ഞു, എന്റെ ഉപ്പയും ഉമ്മയും നല്ല സ്വരച്ചേർച്ചയിലും ബന്ധത്തിലുമല്ല. അതുകൊണ്ട് ബന്ധം നന്നാകുവാനായി ദുആ ചെയ്യണമെന്നു ഉമ്മ അപേക്ഷിച്ചിരിക്കുന്നു. ഞാൻ

ചെന്നു ആ സ്ത്രീയോടു കാര്യങ്ങൾ തിരക്കി. പിന്നീട് അവരുടെ ഭർത്താവിനെ കണ്ടുപിടിച്ച് അയാൾക്ക് എന്നാൽ കഴിയുന്ന ഉപദേശങ്ങൾ നൽകി. അയാൾ ഉപദേശങ്ങൾ ചെവികൊണ്ടു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവരുടെ ബന്ധം മെച്ചപ്പെട്ടു. അവർ വീണ്ടും സ്നേഹത്തിലും സന്തോഷത്തിലുമായി. അത്തരത്തിൽ ഒരു നന്മ ചെയ്യാൻ അല്ലാഹു എനിക്ക് കഴിവു തന്നതിനു ഞാൻ അല്ലാഹുവിനെ ധാരാളമായി സ്തുതിച്ചു.

## ഹാഫിസ് മൌലവി അബ്ദുൽ ഹഖ് സാഹിബിന്റെ സഹായവും പഠനവും

റാംപൂർ എത്തിയശേഷം സ്ഥിരമായ താമസത്തെ കുറിച്ചായി ചിന്ത. മാത്രവുമല്ല പഠനത്തിന്നായി പ്രശസ്തരായ ഉസ്താദുമാരേയും കണ്ടെത്തണം. ഈ രണ്ടു കാര്യങ്ങൾക്കും അല്ലാഹു തന്നെ പരിഹാരമുണ്ടാക്കി. ആ കാര്യം വിവരിച്ചു കൊണ്ട് ഹദ്റത്ത് മൗലവി സാഹിബ് പറയുകയാണ്. ഒരു ദിവസം വൈകുന്നേരം ഞാൻ തനിച്ചു പഞ്ചാബികളുടെ മഹല്ലയിലെ ഒരു ഇടവഴിയിലൂടെ നടന്നു പോകുകയായിരുന്നു. യാദൃച്ഛികമായി ഒരാളെ കണ്ടുമുട്ടി. പരിചയപ്പെട്ടു. സംസാരമദ്ധ്യേ അയാൾ പറഞ്ഞു എനിക്കൊരു പള്ളി ഉണ്ട്. അവിടെ വന്നു താമസിച്ചോളൂ. ഞാൻ പറഞ്ഞു ഞങ്ങൾ മൂന്നുപേരുണ്ട്. മാത്രവുമല്ല ഞങ്ങൾ വന്നിരിക്കുന്നതു പഠിക്കാൻ വേണ്ടിയാണ്. അതിനു പുസ്തകം വേണം ഉസ്താദുമാരെ കണ്ടെത്തണം. അദ്ദേഹം പറഞ്ഞു. സാരമില്ല. മൂന്നു പേരുടേയും താമസം ഭക്ഷണം പഠനം എന്നീ ഉത്തരവാദിത്വങ്ങൾ ഞാൻ ഏറ്റെടുക്കുന്നു. എനിക്കതു വിശ്വസിക്കാൻ പ്രയാസമായിരുന്നു. ഞാൻ ചോദിച്ചു. ഞങ്ങൾക്കു ഇടയ്ക്കു വെച്ചു ഉപജീവനത്തിനായി പഠനം ഉപേക്ഷിച്ചു അലയേണ്ടി വരില്ലല്ലോ? ഭക്ഷണത്തിന്നായി വീടു വീടാന്തരം കയറി ഇറങ്ങേണ്ടി വരില്ലല്ലോ അല്ലേ? അദ്ദേഹം പറഞ്ഞു ഒന്നു കൊണ്ടും പേടിക്കേണ്ട. എല്ലാ ഏർപാടുകളും ഞാൻ ചെയ്യുന്നതായിരിക്കും.

അദ്ദേഹം പറഞ്ഞതനുസരിച്ചു ഞങ്ങൾ താമസം അദ്ദേഹത്തിന്റെ പള്ളിയിലേയ്ക്കു മാറ്റി. വാഗ്ദാനമനുസരിച്ചു ഞങ്ങൾ മൂന്നുപേർക്കും ആവശ്യമായ എല്ലാ സഹായ സഹകരണങ്ങളും അദ്ദേഹം ചെയ്തു തന്നു. പഠനത്തിനുള്ള ഗ്രന്ഥങ്ങളും ഉസ്താദുമാരേയും ഏർപെടുത്തി തന്നു. അല്ലാഹു അദ്ദേഹത്തിനു തക്കതായ പ്രതിഫലം നൽകുമാറാകട്ടെ. ആ വലിയ മനസ്സിന്റെ ഉടമയുടെ പേര് ഹാഫിസ് മൗലവി അബ്ദുൽ ഹഖ് സാഹിബ് എന്നായിരുന്നു. എല്ലാ സൗകര്യങ്ങളും ലഭ്യമായതു കൊണ്ട് ഒരു വർഷത്തെ ചെറിയ കാലയളവിൽ ഞങ്ങൾക്കു കൂടുതലായി പഠിക്കാൻ സാധിച്ചു. ഞങ്ങളെ പഠിപ്പിച്ച അവിടത്തെ പ്രഗല്ഭരായ ഉസ്താദുമാർ ഇവരായിരുന്നു. മിശ്ക്കാത്ത് മൌലവി ഹസ്സൻ ശാഹ് സാഹിബ്, ഫിക്കഹ് മൗലവി അബ്ദുൽ അസീസുല്ലാഹ് സാഹിബ് അഫ്ഗാനി, ഫൽസഫ (ഫിലോസഫി) മൗലവി ഇർഷാദ് ഹുസ്സൈൻ സാഹിബ് മുജദ്ദിദി, ദീവാൻ മുതനബ്ബി (അറബി സാഹിത്യം) മൗലവി മുഹമ്മദ് സഅദുല്ലാഹ് സാഹിബ്, മൻത്വിക്ക് (തർക്ക ശാസ്ത്രം) മൗലവി അബ്ദുൽ അലി സാഹിബ്, മുല്ലാ ഹുസൈൻ അസദുല്ലഹ് സാഹിബ്. ലാഹോറിൽ പഠിക്കുന്ന അവസരത്തിൽ കൂടെ പഠിക്കുന്ന ഒരു സ്നേഹിതന്റെ ശക്തമായ പ്രേരണ മൂലമായിരുന്നു വല്ലോ അവിടെ നിന്നു ഇത്രയും ദൂരെ കഷ്ടപ്പാടും ദുരിതവും സഹിച്ചു കൊണ്ട് വന്നത്. പക്ഷേ, ആ സ്നേഹിതൻ റാംപൂർ എത്തി കുറച്ചു കഴിഞ്ഞപ്പോൾ തന്നെ പതുക്കെ ആരേയും അറിയിക്കാതെ ഇവിടെ നിന്നും മുങ്ങി. ഇപ്പോൾ ഞങ്ങൾ രണ്ടുപേർ മാത്രമായി. എന്നിരുന്നാലും ഞങ്ങൾ കൂടുതലും മറ്റു വിദ്യാർഥികളുമായി നല്ല സഹവാസത്തിലായിരുന്നു.

ഒരിക്കൽ പഠനകാലത്തു ഒരിടത്തു കുറെ വിദ്യാർത്ഥികൾ അറബി ഭാഷാപരമായ ഒരു പ്രശ്നത്തിൽ സംവാദം നടത്തുന്നതായി കണ്ടു. സർഫ് വ നഹവ് (അറബി ഗ്രാമർ) ആയിരുന്നു ചർച്ചാ വിഷയം. അൽപനേരം അവരുടെ സംസാരം ശ്രദ്ധിച്ച ശേഷം ഇതിനു ഞാൻ ഉത്തരം പറയാമെന്നു അവരോടു പറഞ്ഞു. അവർ മൗലവി സാഹിബിനെ ഒന്നു നോക്കി. ഹദ്റത്ത് മൗലവി സാഹിബിന്റെ ലളിതവും മോടിയില്ലാത്തതുമായ വേഷവിധാനം കണ്ടപ്പോൾ ഇയാൾ എന്തു പറയാനാണെന്ന ഭാവത്തിൽ ഹദ്റത്ത് മൗലവി സാഹിബിനെ അവർ പരിഹസിക്കാൻ തുടങ്ങി. അയാൾ പറയട്ടെ ഒന്നു കേട്ടു നോക്കാമല്ലോ അതിലെന്താണു തെറ്റെന്നു അവരിലുണ്ടായിരുന്ന ചില പഞ്ചാബി വിദ്യാർത്ഥികൾ പറഞ്ഞപ്പോൾ ബാക്കിയുള്ളവരും അതു സമ്മതിച്ചു. അപ്പോൾ ഹദ്റത്ത് മൗലവി സാഹിബ് പറഞ്ഞു ഞാൻ പറയാം പക്ഷേ, വിധി കർത്താവായി അറബി വ്യാകരണ വിദഗ്ധനായ ഒരാളെ നിയമിക്കണം. അങ്ങനെ അവിടെ അറിയപ്പെട്ടിരുന്ന വളരെ ആദരണീയനായ മൗലവി ഗുലാം നബി സാഹിബിനെ വിധി കർത്താവാക്കി. നൂറുദ്ദീൻ സാഹിബിന്റെ ഉത്തരം കേട്ടപ്പോൾ അവരെല്ലാം വളരെയധികം സന്തോഷിക്കുകയും വളരെയധികം പുകഴ്ത്തുകയും ഇത് തികച്ചും ആധികാരിക ഗ്രന്ഥമനുസരിച്ചുള്ളതു തന്നെയാണെന്നു വിധി എഴുതുകയും ചെയ്തു. പിന്നീട് ആദരസൂചകമായി അവരെല്ലാം കൂടി മൗലവിജി എന്ന സ്ഥാനപ്പേരു നൽകുകയും ചെയ്തു. ഹദ്റത്ത് മൗലവിസാഹിബ് പറയുകയാണു എനിക്കാപേര് വളരെ ഇഷ്ടപ്പെട്ടു.

## ശാഹ്ജി അബ്ദുർ റസ്സാഖ് സാഹിബിന്റെ ഉപദേശം

റാംപൂരിൽ ശാഹ് ജി അബ്ദുർറസ്സാഖ് സാഹിബ് എന്നു

(റ) റാംപൂരിൽ ഏകദേശം രണ്ടു മൂന്നു വർഷം താമസിച്ചുകൊണ്ട് പഠനം തുടർന്നു. ഇനിയും അവിടെ ദീർഘകാലം താമസിച്ചു പഠിക്കുമായിരുന്നുവെങ്കിലും ആയിടയ്ക്ക് അദ്ദേഹം കഠിനമായി രോഗഗ്രസ്ത നായി. പകൽ മുഴുവനും പഠനവും രാത്രികാലങ്ങളിൽ ദീർഘമായ വായനയുമായിരുന്നു ഹദ്റത്ത് മൗലവി സാഹിബിന്റെ പതിവു രീതി. അതു കാരണം ആരോഗ്യം ക്ഷയിച്ചു. (ഹുസൂറിനുണ്ടായ അസുഖത്തെ ഉറുദുവിൽ സഹർ എന്നു വിളിക്കുന്നു. രാത്രിയിൽ ഉറക്കമില്ലായ്മയാണു അതിന്റെ പ്രധാന ലക്ഷണം. ഇംഗ്ലീഷിൽ ഇത് insomnia എന്നു അറിയപ്പെടുന്നു. ലേഖകൻ) ഈ അസുഖം ഹദ്റത്ത് നൂറുദ്ദീൻ സാഹിബിന്റെ വൈദ്യം പഠിക്കുവാനുള്ള ആഗ്രഹത്തെ ഒന്നുകൂടി ഉത്തേജിപ്പിച്ചു. അതിനായി രാജ്യത്ത് വളരെ സമർത്ഥനും പ്രശസ്തനുമായ ഭിഷഗ്വരൻ ആരാണെന്നന്വേഷിച്ചപ്പോൾ ലഖ്നൗവിലുള്ള ഹകീം അലി ഹുസൈൻ സാഹിബാണെന്ന് മനസ്സിലായി. പിന്നെ ഒട്ടും വൈകിയില്ല. ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് അദ്ദേഹത്തെ അന്വേഷിച്ചു ലഖ്നൗവിലേക്കു പുറപ്പെട്ടു.

## മൗലവി അബ്ദുർറഷീദ് സാഹിബിന്റെ ഭക്തിയും അല്ലാഹുവുമായുള്ള ബന്ധവും

ലഖ്നൗവിലേക്കുള്ള യാത്രാമദ്ധ്യേ ഹദ്റത്ത് മൗലവി സാഹിബ് മുറാദാബാദിൽ ഇറങ്ങി. അവിടെ ബനാറസ് സ്വദേശിയായ മൗലവി അബ്ദുർ റഷീദ് സാഹിബിനെ സന്ദർശിക്കുകയായിരുന്നു ഉദ്ദേശ്യം. അദ്ദേഹം വലിയ ഭക്തനും സിദ്ധനും സാത്വികനുമായ ഒരു മഹൽവ്യക്തിയാണ്. ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് അദ്ദേഹത്തിന്റെ വ്യക്തിത്വത്തിൽ പ്രഭാവിതനായി അദ്ദേഹത്തോടൊപ്പം കുറച്ചു നാൾ താമസിക്കാൻ തീരുമാനിച്ചു. രോഗിയായിരുന്ന ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബി(റ) നെ

## അസാധാരണമായ ഒരനുഭവവും പരിഹാരവും

ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് റാംപൂർ ജീവിത കാലത്ത് തനിക്കുണ്ടായ വളരെ അസാധാരണമായ ഒരനുഭവം വിവരിച്ചു കൊണ്ട് പറയുകയാണ്. പഠനത്തിൽ വളരെ സമർത്ഥനായ എന്റെ ഒരു കൂട്ടുകാരൻ ഉണ്ടായിരുന്നു. അവനു എന്തോ കാരണത്താൽ പഠനത്തിൽ തീരെ താൽപര്യമില്ലാതാവുകയും പുറകോട്ടു പോവുകയും ചെയ്തു. ഞാനവനോട് കാരണം തിരക്കി. അവൻ പറഞ്ഞു ഞാൻ സുന്ദരനായ ഒരു ആൺകുട്ടിയുമായി പ്രണയബദ്ധനാണ്. എനിക്കവനെ എപ്പോഴും കണ്ടു കൊണ്ടിരിക്കണം. അവനെ കാണാതാവുമ്പോൾ ഞാൻ അസ്വസ്ഥനാകുന്നു. അതു കൊണ്ടാണു പഠനത്തിൽ ശ്രദ്ധയില്ലാതായിപ്പോയത്. അവനോടു കൂടുതൽ കാര്യങ്ങൾ തിരക്കിയ ശേഷം ഞാനവനേയും കൂട്ടി പ്രസ്തുത കുട്ടിയുടെ അടുക്കൽ ചെന്നു. എന്നിട്ട് ആ കുട്ടിയോടു പറഞ്ഞു. ഇതെന്റെ സ്നേഹിതനാണ്. ഇവൻ നിന്നെ പ്രേമിക്കുന്നെന്നും എപ്പോഴും നിന്നെ കണ്ടു കൊണ്ടിരിക്കണമെന്നും അതു സാധിക്കാത്തതു കൊണ്ട് പഠനത്തിൽ ശ്രദ്ധിക്കാൻ സാധിക്കുന്നില്ലെന്നും ഇവൻ പറയുന്നു. അതിനാൽ ഇവന്റെ പഠനത്തിൽ തടസ്സം നേരിടാതിരിക്കാനായി എന്റെ ഒരപേക്ഷയുണ്ട്. ഇവൻ എല്ലാ ദിവസവും വൈകുന്നേരം അസർ നമസ്ക്കാരാനന്തരം ഇവിടെ താങ്കളുടെ കടയിൽ വരും മഗ്രിബിന്നു തിരിച്ചു പോയിക്കൊള്ളും. അതിനു സമ്മതം നൽകണം.ഞാൻ പറഞ്ഞതു കേട്ട് നല്ലവനായ ആ ചെറുപ്പക്കാരനു ആശ്ചര്യം തോന്നിയെങ്കിലും അതിനവൻ സമ്മതിച്ചു. ഏതൊരാൾ അല്ലാഹുവിന്റെ തൃപ്തിക്കായി പ്രവർത്തിക്കുമോ അല്ലാഹു തീർച്ചയായും എല്ലായിപ്പോഴും അനുഗ്രഹവും വിജയവും നൽകുന്നതായിരിക്കും.

ഹദ്റത്ത് നൂറുദ്ദീൻ സാഹിബ്

പേരുള്ള ഒരു ഭക്തനുണ്ടായിരുന്നു. നൂറുദ്ദീൻ സാഹിബ് അദ്ദേഹത്തെ ഇടയ്ക്കിടയ്ക്കു സന്ദർശിക്കാറുമുണ്ട്. ഒരിക്കൽ ദീർഘമായ ഇടവേളയ്ക്കു ശേഷം അദ്ദേഹത്തെ കാണാൻ ചെന്നപ്പോൾ അദ്ദേഹം ചോദിച്ചു നൂറുദ്ദീൻ എന്തു പറ്റി. ഇത്രയും നാൾ എവിടെയായിരുന്നു. മൗലവി നൂറുദ്ദീൻ സാഹിബ് പറഞ്ഞു. ഹദ്റത്ത്, ഞങ്ങൾ വിദ്യാർത്ഥികളല്ലേ. പുസ്തകങ്ങളും പഠനങ്ങളുമായി കഴിഞ്ഞു പോകുന്നതു കൊണ്ട് സമയം കിട്ടാറില്ല. കുറച്ചു അലസതയും എന്നിൽ വന്നുപോയിട്ടുണ്ട്. അപ്പോൾ അദ്ദേഹം പറഞ്ഞു നീ എപ്പോഴെങ്കിലും ഇറച്ചിക്കട കണ്ടിട്ടുണ്ടോ? നൂറുദ്ദീൻ സാഹിബ് പറഞ്ഞു ധാരാളം. എങ്കിൽ ഇറച്ചി വെട്ടിവെട്ടി കത്തിക്കുമേൽ കൊഴുപ്പു പറ്റിപ്പിടിച്ച് അതിന്റെ മൂർച്ച കുറഞ്ഞു പോയാൽ ഇറച്ചി വെട്ടുകാരൻ മൂർച്ചകൂട്ടാനായി കത്തികളെ പരസ്പരം അണയ്ക്കുകയും മൂർച്ച കൂട്ടുന്നതും കണ്ടിട്ടുണ്ടാകുമല്ലോ അല്ലേ? അപ്പോൾ ഹക്കീം നൂറുദ്ദീൻ സാഹിബ് പറഞ്ഞു ഹദ്റത്ത്, താങ്കളെന്താണുദ്ദേശിക്കുന്നതെന്നു മനസ്സിലാകുന്നില്ല. അദ്ദേഹം പറഞ്ഞു തുടർച്ചയായുള്ള മുലാഖാത്ത് നമുക്കിടയിലുള്ള അലസതയുടെയും അജ്ഞതയുടയേും കൊഴുപ്പ് ദൂരീകരിക്കുന്നു. രണ്ടു പേരേയും ബുദ്ധിപരമായി മൂർച്ചയാക്കുന്നു. ശാഹ് ജി അബ്ദുർറസ്സാഖ് സാഹിബിന്റെ ഈ ഉപദേശം തന്റെ ജീവിതത്തിൽ വളരെയധികം ഉപകരിച്ചിട്ടുണ്ടെന്നും സാത്വികരും നല്ലവരുമായ ആളുകളുടെ അടുക്കൽ ഇടയ്ക്കിടക്കെങ്കിലും ചെന്നിരിക്കേണ്ടതാണെന്നും അത്തരക്കാരുമായി ആശയവിനിമയം നടത്തുന്നതിലൂടെ പല അലസതയും ദൂരീകരിക്കപ്പെടുന്നതോടൊപ്പം പുതിയ പുതിയ അറിവുകൾ നേടാൻ അതു സഹായകരമായിരിക്കുമെന്നും മൌലവി നൂറുദ്ദീൻ സാഹിബ് പറയുമായിരുന്നു.

അദ്ദേഹം വളരെ നല്ല നിലയിൽ പരിചരിക്കുകയും ശുശ്രൂഷിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ പരിചരണത്തിൽ ഒന്നര മാസം കൊണ്ട് തന്നെ നൂറുദ്ദീൻ സാഹിബ് ആരോഗ്യം വീണ്ടെടുത്തു. ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് പറയുകയാണ് മൗലവി അബ്ദുർ റഷീദ് സാഹിബ് എന്നോടു കാണിച്ച അനുകമ്പയ്ക്കും സഹായത്തിനും ഞാൻ അദ്ദേഹത്തോട് അങ്ങേയറ്റം കടപ്പെട്ടിരിക്കുന്നു.

മൗലവി അബ്ദുർറഷീദ് സാഹിബിന്റെ ഭക്തിയും തഖ്വയും അല്ലാഹുവുമായുള്ള ബന്ധവും കാണിക്കുന്ന ഒരു സംഭവത്തിനു ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് (റ) നേരിട്ടു സാക്ഷിയായിരുന്നു. ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ് വിവരിക്കുകയാണ്. മൗലവി അബ്ദുർ റഷീദ് സാഹിബ് പള്ളിയോടുചേർന്നുള്ള ഒരു ചെറിയ മുറിയിലായിരുന്നു താമസിച്ചിരുന്നത്. അദ്ദേഹം വിവാഹം കഴിച്ചിരുന്നില്ല. ഒരിക്കൽ രാത്രിസമയത്ത് ദൂരെ നിന്നു ഒരതിഥി വന്നു. അതിഥിയെ ഈ രാത്രി എങ്ങനെ സൽക്കരിക്കുമെന്നാലോചിച്ചു അദ്ദേഹം ആകെ അസ്വസ്ഥനായി. അതിഥിക്കു നൽകാൻ അദ്ദേഹത്തിന്റെ പക്കൽ ഒന്നും ഉണ്ടായിരുന്നില്ല. എങ്കിലും അദ്ദേഹം അതിഥിയെ വളരെ ഉപചാരപൂർവ്വം സ്വീകരിച്ചിരുത്തി. എന്നിട്ട് കിടക്കാനുള്ള സ്ഥലം കാണിച്ചു കൊടുത്തു കൊണ്ട് പറഞ്ഞു, ഭക്ഷണം തയ്യാറാകുന്നതു വരെ താങ്കൾ ഇവിടെ വിശ്രമിച്ചോളൂ. അതിഥി അവിടെ ഒരുസ്ഥലത്തു തൽക്കാലം കിടന്നു. പക്ഷേ, യാത്രാക്ഷീണം കാരണം അദ്ദേഹം ഉറങ്ങിപ്പോയി. അതിനു ശേഷം മൗലവി അബ്ദുർറഷീദ് സാഹിബ് വുളു എടുത്തു വന്നു ഖിബ്‌ലയുടെ ഭാഗത്തു തിരിഞ്ഞിരുന്നു ഈ ആയത്ത് ചൊല്ലാൻ തുടങ്ങി.

أُفَوِّضُ أَمْرِي إِلَى اللَّهِ ۚ إِنَّ اللَّهَ بَصِيرٌ بِالْعِبَادِ

''ഞാൻ എന്റെ കാര്യം അല്ലാഹുവിൽ അർപ്പിക്കുന്നു. തീർച്ചയായും അല്ലാഹു തന്റെ എല്ലാ ദാസന്മാരേയും നല്ലപോലെ നോക്കി കാണുന്നവനത്രെ” (ഖുർആൻ 40:45).

ഈ ആയത്ത് നിർത്താതെ ചൊല്ലികൊണ്ടിരുന്നു. സാധാരണ നിലയിൽ ഭക്ഷണം പാകമാകാൻ ആവശ്യമുള്ള സമയം ഏകദേശം കഴിഞ്ഞപ്പോൾ ഒരാൾ പുറത്തു നിന്നു വിളിക്കുന്നതു കേട്ടു. ഓ ഹദ്റത്ത്, ഒന്നു വേഗം വരൂ. എന്റെ കൈ പൊള്ളുന്നു. മൗലവി റഷീദ് സാഹിബ് വേഗം പുറത്തേക്കു ചെന്നു. അവിടെ ഇരുട്ടിൽ ചെമ്പിന്റെ ഒരു തളികയിൽ നല്ല ചൂടുള്ള പുലാവു (ബിരിയാണി) മായി ഒരാൾ നിൽക്കുന്നു. മൗലവി റഷീദ് സാഹിബ് അയാളോടു പാത്രം വാങ്ങി മുറിയിലേക്കു വന്ന് ഉറങ്ങിക്കൊണ്ടിരിക്കുന്ന അതിഥിയെ വിളിച്ചുണർത്തി അതു അദ്ദേഹത്തിനു നൽകി. ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് പറയുകയാണു, ആ സ്ഥലവും ചെറിയ മുറിയും ഇപ്പോഴും എന്റെ കൺമുന്നിലിരിക്കുകയാണ്. ചെമ്പു തളിക അദ്ദേഹം പള്ളിയിൽ തന്നെ സൂക്ഷിച്ചു. ഇതാരുടേതാണെങ്കിലും കൊണ്ടുപോയ് കൊള്ളാൻ അദ്ദേഹം എപ്പോഴും പറയുമായിരുന്നു. പക്ഷേ, ആ തളികക്ക് ഒരു ഉടമസ്ഥനും ഉണ്ടായില്ല.

## അല്ലാഹുവിൽ നിന്നുള്ള വിരുന്ന്

ഹദ്റത്ത് ഹക്കീംനൂറുദ്ദീൻ സാഹിബ്(റ) അറിവു സമ്പാദനത്തിന്നായി റാംപൂർ, ലഖ്നൗ, ഗ്വാളിയോർ, ഭോപാൽ, ഡൽഹി, മീററ്റ്, ബനാറസ്, മുറാദാബാദ് തുടങ്ങിയ ഭാരതത്തിലെ പല പട്ടണങ്ങൾക്കും പുറമെ ഇസ്‌ലാമിന്റെ പരിശുദ്ധ കേന്ദ്രങ്ങളായ മക്ക മുകർറമ, മദീന മുനവ്വറ എന്നിവിടങ്ങളിലേക്കും യാത്ര ചെയ്യുകയും ദീർഘകാലം പലയിടങ്ങളിലും താമസിച്ചുകൊണ്ട് വളരെ പ്രസിദ്ധരായ ഉസ്താദുമാരുടെ സഹായത്തോടെ വിവിധ വിഷയങ്ങളും ഗ്രന്ഥങ്ങളും വളരെ ആഴത്തിൽ പഠിക്കുകയും ചെയ്തിട്ടുണ്ട്. ആ യാത്രയിൽ അദ്ദേഹത്തിന് പല ബുദ്ധിമുട്ടുകളും കഷ്ടപ്പാടുകളും പരീക്ഷണങ്ങളും നേരിടേണ്ടി വന്നിട്ടുമുണ്ടായിരുന്നു. അപ്പോഴെല്ലാം അല്ലാഹു ആ മഹാത്മാവിനെ അതിശയകരമായ രീതിയിൽ സഹായിക്കുകയും അത്ഭുതകരമായ രീതിയിൽ പിന്തുണക്കുകയും ചെയ്തിട്ടുമുണ്ട്. ഹദ്റത്ത് മൌലവി നൂറുദ്ദീൻ സാഹിബിനോടുള്ള അല്ലാഹുവിന്റെ ഈ പ്രത്യേക കാരുണ്യവും സമീപനവും അദ്ദേഹത്തിന്റെ ജീവിതത്തിലുടനീളം നമുക്കു കാണുവാൻ സാധിക്കും. അത്തരമൊരു പഴയ കാല അനുഭവം വിവരിച്ചുകൊണ്ട് ഹദ്റത്ത് മൗലവി സാഹിബ് (റ) പറയുകയാണ്.

ഞാനൊരിക്കൽ പ്രഗല്ഭരായ ഉസ്താദുമാരുടെ ശിഷ്യനായി കൊണ്ട് അവരിൽ നിന്നും അറിവു സമ്പാദിക്കുവാനുള്ള അടങ്ങാത്ത ആഗ്രഹത്തോടെ അത്തരം ഉസ്താദുമാരെ അന്വേഷിച്ചു സ്വദേശമായ ഭേരയിൽ നിന്നും വളരെ അകലെ ചെന്നു. ഒരു സ്ഥലത്തു നിന്നു മറ്റൊരു സ്ഥലത്തേയ്ക്കു എന്റെ അന്വേഷണം നീണ്ടു. ആ അവസരത്തിൽ ഞാൻ പലപ്പോഴും ഭക്ഷണത്തിനു പോലും വല്ലാതെ ബുദ്ധിമുട്ടിയിട്ടുണ്ടായിരുന്നു. ഒരവസരത്തിൽ എനിക്കു രണ്ടു ദിവസം വരെ ഭക്ഷണമൊന്നും കിട്ടിയില്ല. പക്ഷേ, ഞാനാകാര്യം ആരോടും പറയുകയോ സഹായം തേടുകയോ ചെയ്തില്ല. അല്ലാഹുവിന്റെ സഹായം മാത്രമേ തേടിയുള്ളൂ. മൂന്നാമത്തെ ദിവസം മഗ്‌രിബിനു ഏതോ ഒരു ഗ്രാമത്തിലുള്ള പള്ളിയിലെത്തി. അവിടെ നമസ്ക്കരിച്ചു. അപരിചിതനായിട്ടും ക്ഷീണിതനായിട്ടും ആരും എന്നെ ശ്രദ്ധിക്കുകയോ ഒന്നും തന്നെ ചോദിക്കുകയോ ചെയ്തില്ല.

നമസ്ക്കരിച്ച ശേഷം എല്ലാവരും പിരിഞ്ഞു പോയി. ഞാൻ തനിച്ചായി. വിശന്നു വലഞ്ഞ ഞാൻ

ഇനിയെന്തു ചെയ്യും എന്നാലോചി ച്ചിരിക്കുമ്പോൾ പുറത്തു നിന്നും ഒരാൾ വിളിക്കുന്നതു കേട്ടു. നൂറുദ്ദീൻ, നൂറുദ്ദീൻ വേഗം വരൂ, ഇതാ പിടിക്കൂ. ഞാൻ പുറത്ത് ചെന്നു നോക്കിയപ്പോൾ അരണ്ട വെളിച്ചത്തിൽ ഒരാൾ ഭക്ഷണ ത്തളികയുമായി നിൽക്കുന്നു. ഞാനയാളോട് പെട്ടെന്നു തന്നെ തളിക വാങ്ങി പള്ളിക്കകത്തേക്ക് തിരിച്ചു വന്നു. നോക്കിയപ്പോൾ ആവി പറക്കുന്ന വിഭവ സമൃദ്ധമായ ഭക്ഷണം. ഞാനയാളോടു നിങ്ങൾ ആരാണെന്നോ ഇത് ആരാണു കൊടുത്തയച്ചതെന്നോ ചോദിച്ചില്ല. ഇത് അല്ലാഹുവാണ് അയച്ചതെ ന്നെനിക്ക് നല്ല വിശ്വാസമുണ്ടായിരു ന്നു. കാരണം ഞാനാ ഗ്രാമത്തിൽ തികച്ചും അപരിചിതനാണ്. എന്നെ ആർക്കും പരിചയമില്ല. മാത്രവുമല്ല ഞാൻ ഈ പള്ളിയിലുള്ള കാര്യവും ആരോടും പറഞ്ഞിട്ടില്ല. വേറൊരു കാര്യം, ഭക്ഷണവുമായി വന്നയാൾ എന്നെ പേരെടുത്താണു വിളിച്ചത്. ഞാൻ വയർ നിറയെ അതുകഴിച്ചു. പാത്രങ്ങൾ കഴുകി പള്ളിയുടെ ചുവരിലുണ്ടായിരുന്ന കൊളുത്തിൽ തൂക്കിയിട്ടു. പിറ്റെ ദിവസം രാവിലെ ഞാൻ അവിടെ നിന്നും യാത്ര യായി. എട്ടു പത്തു ദിവസങ്ങൾ ക്കു ശേഷം തിരിച്ചു വീണ്ടും ആ പള്ളിയിൽ തന്നെ വന്നപ്പോൾ പാത്രങ്ങൾ ഞാൻ തൂക്കിയിട്ടതു പോലെ തന്നെ കിടപ്പുണ്ടായിരുന്നു. പാത്രത്തിനു ഒരവകാശിയും ഉണ്ടായില്ല. അതിൽ നിന്നും ഈ വിരുന്നു അല്ലാഹുവിന്റെ വകയായി രുന്നുവെന്നു ഒന്നുകൂടി എനിക്ക് ദൃഢവിശ്വാസമുണ്ടായി.

### മുറാദാബാദിൽ നിന്നും കാൺപൂരിലേക്കു യാത്ര തുടരുന്നു.

ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബ് (റ) വൈദ്യം പഠിക്കണ മെന്ന ആഗ്രഹത്തോടെ റാംപൂരിൽ നിന്ന് ലഖ്നൗവിലേക്ക് യാത്ര തിരിക്കുകയും വഴിയിൽ മൗലവി അബ്ദുർറഷീദ് സാഹിബിനെ കാണുവാനായി മുറാദാബാദിൽ ഇറങ്ങുകയും ചെയ്ത കാര്യമായിരു ന്നു വിവരിച്ചു കൊണ്ടിരുന്നത്. രോഗബാധിതനായിരുന്ന ഹക്കീം നൂറുദ്ദീൻ സാഹിബ്, മൗലവി അബ്ദുർറഷീദ് സാഹിബിന്റെ പരിചരണത്തിൽ അല്ലാഹുവിന്റെ സഹായത്താൽ ആരോഗ്യം വീണ്ടെടുക്കുകയും ഒന്നു രണ്ടു മാസങ്ങൾക്കു ശേഷം വൈദ്യം പഠിക്കുവാനുള്ള തന്റെ പഴയ ഉദ്ദേശ്യത്തോടെ അവിടെ നിന്നും ഹക്കീം അലി ഹുസൈൻ സാഹിബിനെ അന്വേഷിച്ചു കൊണ്ട് ലഖ്നൗവിലേക്ക് പുറപ്പെടുകയും ചെയ്തു.

ഹദ്റത്ത് നൂറുദ്ദീൻ സാഹി ബിന്റെ ജ്യേഷ്ഠ സഹോദരന്റെ വളരെ അടുത്ത ഒരു കൂട്ടുകാരൻ അബ്ദുർറഹ്മാൻ ഖാൻ മാലിക് സാഹിബ് കാൺപൂരിൽ താമസ മുണ്ടായിരുന്നു. അദ്ദേഹത്തെ സന്ദർശിക്കാമെന്നു കരുതി വഴിയിൽ ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് കാൺപൂരിൽ ഇറങ്ങി. അദ്ദേഹത്തെ ചെന്നു കണ്ടു. ഹക്കീം അലി ഹുസ്സൈൻ ലഖ്നവിയുടെ അടുക്കൽ വൈദ്യം പഠിക്കുവാനുള്ള ഉദ്ദേശ്യത്തിൽ ലഖ്നൗവിൽ പോവുകയാണെന്നു പറഞ്ഞപ്പോൾ അതിനദ്ദേഹം വളരെ യോജിച്ച ആൾ തന്നെയാണെന്നു അബ്ദുർറഹ്മാൻ സാഹിബ് അഭിപ്രായപ്പെടുകയും ഹക്കീം അലി സാഹിബിനെ പുകഴ്ത്തി സംസാരിക്കുകയുമുണ്ടായി. ഒന്നു രണ്ടു ദിവസം കാൺപൂരിൽ താമസിച്ച ശേഷം അദ്ദേഹം വീണ്ടും ലഖ്നൗവിലേക്ക് യാത്രയായി. ആ യാത്രയിലും അല്ലാഹു അദ്ദേഹ ത്തെ അസാധാരണമായ രീതിയിൽ സഹായിക്കുകയും തുണക്കുകയും ചെയ്തിട്ടുണ്ട്. ആ യാത്ര തന്നെ വളരെ വിഷമം പിടിച്ചതായിരുന്നു. അവിടെ എത്തി ഹക്കീം അലി ഹുസൈൻ സാഹിബുമായി സംസാരിച്ചപ്പോൾ ആദ്യം തന്റെ സ്വപ്നങ്ങൾ തകരുന്നതായി ഹദ്റത്ത് നൂറുദ്ദീൻ സാഹിബിന് തോന്നിയെങ്കിലും അവിടേയും അല്ലാഹുവിന്റെ അപാരമായ സഹായവും അനുഗ്രഹവും കൂടെ ഉണ്ടായി.

### ഹക്കീം അലി ഹുസൈൻ സാഹിബിന്റെ ശപഥവും എന്റെ ആവേശവും

മുറാദാബാദിൽ നിന്ന് കാൺ പൂർ വഴി ലഖ്നൗവിലേയ്ക്കുള്ള അസുഖകരമായ യാത്രയും അലി ഹുസൈൻ സാഹിബിനെ ആദ്യമാ യി കണ്ട അനുഭവവും വിവരിച്ചു കൊണ്ട് ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബ്(റ) തുടർന്നു വിവരിക്കു കയാണ്. കാൺപൂരിൽ നിന്നു ലഖ്നൗവിലേക്കുള്ള യാത്ര റോഡുമാർഗമായിരുന്നു. കഠിനമായ ഉഷ്ണകാലം. നിരപ്പില്ലാത്തതും ദുർഘടം പിടിച്ചതും പൊടിപടലം നിറഞ്ഞതുമായ പാത. അതുകാര ണം ഞാനാകെ വിയർപ്പിലും മണ്ണിലും പൊടിയിലും കുളിച്ചതു പോലെയായി. ആകെ മുഷിഞ്ഞു നാറി വൃത്തിഹീനമായ ഒരവസ്ഥ യിലാണു ഞാൻ ലഖ്നൗവിൽ എത്തുന്നത്. ലഖ്നൗവിൽ എത്തിയ ശേഷം ഹക്കീം അലി ഹുസൈൻ സാഹിബിന്റെ വീടു ചിലരോട ന്വേഷിച്ചു. അല്ലാഹുവിന്റെ അനുഗ്ര ഹത്താൽ ഞാൻ വാഹനമിറങ്ങിയ റോഡിന്റെ എതിർ വശത്തു തന്നേയായിരുന്നു അദ്ദേഹത്തിന്റെ വീടെന്നു അപ്പോൾ മനസ്സിലായി. ഒരിടത്താവളം ലഭിക്കാതെ കുളി ക്കാനും വസ്ത്രം മാറ്റാനും സാധിക്കാത്തതു കൊണ്ട് ആ മുഷിഞ്ഞു നാറിയ വസ്ത്രത്തോടെ നല്ലതല്ലാത്ത വേഷത്തിൽ മുന്നിൽ കണ്ട വലിയ വീട്ടിൽ ഞാൻ പ്രവേശിച്ചു.

പ്രവേശനകവാടത്തിന്നപ്പുറത്ത് വലിയൊരു ഹാൾ. ഹാളിന്റെ ഒരു ഭാഗത്തു ആരേയും ആകർഷി ക്കുന്ന മുഖകാന്തിയോടു കൂടിയ, ശുഭ്രവസ്ത്രധാരിയും വെളുവെളു ത്ത താടിയും മുടിയുമുള്ള മാലാഖയെ ഓർമപ്പെടുത്തുന്ന ഒരു ദിവ്യാത്മാവ് ഒരു കോസടിയിൽ ഉപവിഷ്ടനാണ്. അദ്ദേഹം തന്ന യാണ് ഹക്കീം സാഹിബെന്നെനി ക്കു മനസ്സിലായി. അൽപം വീതി

കൂടിയതും ഭംഗിയേറിയതുമായ തലയണയിലാണ് അദ്ദേഹം ചാരിയിരിക്കുന്നത്. ഇരിക്കുന്നതിന്റെ ഇരുവശവും ചെറിയ തലയണകൾ വേറേയും ഇരിപ്പുണ്ട്. മുന്നിൽ വെറ്റിലച്ചെല്ലം (വെറ്റിലപ്പെട്ടി) മുറുക്കി തുപ്പാനുള്ള കോളാമ്പി, പേന, മഷിക്കുപ്പി, എഴുതാനുള്ള കടലാസ് ഇതൊക്കെ വളരെ അടുക്കും ചിട്ടയോടും കൂടി വച്ചിട്ടുണ്ട്. ഹാളിനരികിൽ ആദരണീയരായ കുറേ പേർ വളരെ ആകർഷകമായ രീതിയിൽ നമസ്ക്കാരത്തിൽ അത്തഹിയാത്തുവിലെന്ന പോലെ ഭക്തിയാദരവോടെ ഇരിക്കുന്നുണ്ട്. പ്രസ്തുത ഹാളിലെ നിലത്ത് കണ്ണഞ്ചിപ്പിക്കുന്നതും തിളങ്ങുന്നതുമായ തൂവെള്ളനിറത്തിലുള്ള വിരിപ്പാണു വിരിച്ചിരിക്കുന്നത്. പ്രഭാകിരണങ്ങളാൽ പ്രശോഭിതങ്ങളായ ചുവരുകൾ. അവ പുഞ്ചിരിക്കുകയാണോ എന്നെനിക്കു സംശയം തോന്നി. ഇതെല്ലാം കണ്ട് ഞാനാകെ ആശ്ചര്യചകിതനായി. കാരണം പഞ്ചാബിൽ ഇത്തരത്തിലൊന്നു കാണാൻ എനിക്കൊരിക്കലും സാധിച്ചിട്ടില്ല.

കിഴക്കു വശത്തുള്ള വാതിലിനരികിൽ ഞാനെന്റെ കെട്ടും ഭാണ്ഡവും വച്ചു ധൈര്യപൂർവ്വം അകത്തു പ്രവേശിച്ചു. അഴുക്കും പൊടിയും പുരണ്ട എന്റെ പാദങ്ങൾ ഹാളിനകത്ത് നിലത്ത് പതിഞ്ഞപ്പോൾ നിലാവെളിച്ചം പോലെ സുന്ദരമായ തറയിൽ പലതരം കോലങ്ങൾ രൂപം കൊണ്ടു. ഞാൻ നേരെ ഹക്കീം സാഹിബിനടുക്കൽ ചെന്നു യാതൊരു സങ്കോചവും കൂടാതെ ഉച്ചത്തിൽ അസ്സലാമു അലൈ ക്കും വ.വ എന്നു പറഞ്ഞു അദ്ദേഹത്തിനു നേരെ കൈനീട്ടി. അദ്ദേഹവും പതിഞ്ഞ സ്വരത്തിൽ വഅലൈക്കുമുസ്സലാം എന്നു പറഞ്ഞു അഴുക്കു പുരണ്ട എന്റെ കൈ പിടിച്ചു കുലുക്കി. ഉച്ചത്തിലുള്ള എന്റെ സലാം പറച്ചിൽ പൗരാണിക സംസ്ക്കാരത്തിന്റെ ഈറ്റില്ലമായി അറിയപ്പെടുന്ന ലഖ്നൗവിന്റെ പതിവു രീതിക്കു വിരുദ്ധമായോ എന്നറിഞ്ഞില്ല. ഞാൻ ഹാളിന്റെ ഒരു ഭാഗത്ത് ചെന്നിരുന്നു. അൽപ സമയത്തിനു ശേഷം എന്റെ ഈ ഭാവവും നടത്തവും കണ്ടിട്ടാകണം അവിടെ സന്നിഹിതരായിരുന്ന ലഖ്നൗ നിവാസികളിലൊരാൾ ലഖ്നവി ശൈലിയിൽ ചോദിച്ചു, താങ്കൾ സംസ്ക്കാരസമ്പന്നമായ ഏത് നാട്ടിൽ നിന്നുമാണാവോ എഴുന്നെള്ളിയിരിക്കുന്നത്?

ഞാനയാളെ കടക്കണ്ണിട്ടൊന്നു നോക്കി. എന്നിട്ടു യുവത്വത്തിന്റെ ചാപല്യത്തോടെ പറഞ്ഞു, എന്റെ ഈ അനൗപചാരികതയ്ക്കും സങ്കോചം കൂടാതെയുള്ള അഭിവാദനത്തിനും കാരണം തരിശായി കിടക്കുന്ന ഒരു ഭൂപ്രദേശത്ത് ഒരിക്കൽ ആടുകളെ മേയ്ച്ചു നടന്ന അക്ഷരജ്ഞാനമില്ലാത്ത ഒരാട്ടിടയന്റെ അദ്ധ്യാപനങ്ങളാണ്. സല്ലല്ലാഹു അലൈഹി വ സല്ലം എന്റെ മാതാപിതാക്കൾ ആ മഹാത്മാവിനു തെണ്ടമായിരിക്കട്ടെ. എന്റെ വാക്കുകൾ ഹക്കീം സാഹിബിന്റെയും അവിടെ സന്നിഹിതരായിട്ടുള്ളവരുടേയും ഹൃദയത്തിൽ വൈദ്യുത തരംഗങ്ങൾ സൃഷ്ടിച്ചു. അൽപനേരത്തെ നിശ്ശബ്ദതയ്ക്കു ശേഷം വളരെ വികാരഭാവത്തോടെ ഹക്കീം അലി ഹുസൈൻ സാഹിബ് എന്നെ ചോദ്യം ചെയ്ത മാന്യനോട് ചോദിച്ചു, താങ്കൾ രാജസദസ്സിൽ സന്നിഹിതരാകാറുള്ള ഒരു മാന്യദേഹമല്ലേ? താങ്കൾക്ക് ഇത്തരത്തിലുള്ള മാനസികാഘാതം എപ്പോഴെങ്കിലും അഭിമുഖീകരിക്കേണ്ടി വന്നിട്ടുണ്ടോ? അതായത് ഇത്തരത്തിൽ വായടപ്പൻ മറുപടി ആരിൽ നിന്നെങ്കിലും എപ്പോഴെങ്കിലും കിട്ടിയിട്ടുണ്ടോ? അദ്ദേഹം ഒന്നും മിണ്ടിയില്ല. അൽപം കഴിഞ്ഞപ്പോൾ ഹക്കീംഅലി സാഹിബ് എന്നോട് ചോദിച്ചു, താങ്കൾ ഇവിടെ എങ്ങനെ എത്തി. എന്താണുദ്ദേശ്യം. ഞാൻ പറഞ്ഞു വൈദ്യം പഠിക്കാൻ. ഇതു കേൾക്കേണ്ട താമസം ഹക്കീം സാഹിബ് പറഞ്ഞു, നോക്കൂ, ഞാൻ നിങ്ങൾ കാണുന്നതു പോലെ വളരെയേറെ പ്രായാധിക്യത്തിലാണുള്ളത്. എനിക്കിപ്പോൾ പഠിപ്പിക്കാൻ പ്രയാസമുണ്ട്. അതുകൊണ്ട് വൈദ്യം പഠിപ്പിക്കൽ നിർത്തുകയാണെന്നു ഞാൻ സ്വയം നേരത്തെ തന്നെ ഉറച്ച തീരുമാനവും ശപഥവും ചെയ്തിട്ടാണുള്ളത്.

എന്റെ ആഗ്രഹങ്ങളും ഉദ്ദേശ്യങ്ങളും മണൽ കൊട്ടാരം പോലെ തകർന്നടിയുന്നതായി എനിക്കു തോന്നി. എല്ലാം അല്ലാഹുവിന്റെ ഇച്ഛാനുസരണമാണു നടക്കുന്നത്. അങ്ങനെ മാത്രമേ നടക്കുകയുള്ളു എന്നതു സത്യവുമാണ്. ആ സമയത്തൊക്കെ എന്റെ അപക്വമായ പ്രായം കാരണമാകാം ഞാൻ ചിലപ്പോൾ ചില കാര്യങ്ങളിൽ അമിതമായ ആവേശവും ജിജ്ഞാസയും കാണിക്കുന്ന ഒരു പ്രകൃതക്കാരനായിരുന്നു. ഹക്കീം അലി ഹുസൈൻ സാഹിബിന്റെ വാക്കുകൾ കേട്ടപ്പോൾ എന്റെ ഫാർസി ഉസ്താദായിരുന്ന മുൻശി മുഹമ്മദ് ഖാസിം സാഹിബ് പഠിപ്പിച്ചു തന്ന ഫാർസി പാഠങ്ങളാണു എനിക്കോർമ വന്നത്. ഞാനൊരു ഫാർസി ആപ്തവാക്യം വളരെ മനോവിഷമത്തോടെ ചൊല്ലി. എന്നിട്ടു പറഞ്ഞു ഒരാളുടെ ഹൃദയവികാരം വ്രണപ്പെടുത്തുന്നത് പാപമാണെന്നു പറഞ്ഞ തത്വജ്ഞാനിയായ ശീറാസിക്ക് തെറ്റുപറ്റിയിരിക്കുന്നു. ശീറാസി അബദ്ധമാണ് പറഞ്ഞത്. അല്ലായിരുന്നുവെങ്കിൽ എനിക്കിവിടെ ഇത്തരത്തിലുള്ള മനോവേദന നേരിടേണ്ടി വരില്ലായിരുന്നു.

എന്റെ വാക്കുകൾ ഹക്കീം സാഹിബിന്റെ മനസ്സിനെ ആഴത്തിൽ സ്പർശിച്ചു. അദ്ദേഹത്തിന്റെ കണ്ണുകൾ ഈറനണിഞ്ഞു. അൽപനേരത്തെ ഇടവേളയ്ക്കു ശേഷം അദ്ദേഹം പറഞ്ഞു. നോക്കൂ മൗലവി നൂർ ഹക്കീം വളരെ കഴിവും പ്രശസ്തിയുമുള്ള ഒരു ഹക്കീമാണ്. ഞാനദ്ദേഹത്തോട് ശുപാർശ ചെയ്യാം. അദ്ദേഹം തീർച്ചയായും താങ്കളെ നന്നായി പഠിപ്പിക്കുന്നതായിരിക്കും. ഞാനുടനെ മറ്റൊരു ഫാർസി ആപ്ത

വാക്യം ചൊല്ലിക്കൊണ്ട് പറഞ്ഞു, അല്ലാഹുവിന്റെ ഭൂമി വളരെ വിശാലമാണ്. എനിക്കുള്ള രണ്ട് കാലുകൾ അതിശക്തവും. കാര്യം വളരെ വ്യക്തം. അതായതു താങ്കൾക്കു സാധ്യമല്ലെങ്കിൽ വിട്ടേക്കൂ എന്റെ കാര്യം ഞാൻ നോക്കിക്കൊള്ളാം. ഞാൻ ആപ്തവാക്യം ചൊല്ലേണ്ട താമസം ഹക്കീം അലി ഹുസൈൻ സാഹിബ് എനിക്കു പരിപൂർണ്ണമായും കീഴടങ്ങിക്കൊണ്ട് പറഞ്ഞു ഞാനെന്റെ ശപഥം പിൻവലിച്ചിരിക്കുന്നു.

അതിനു ശേഷം ഹക്കീം സാഹിബ് വീടിനകത്തേക്കു പോയി. പല പല ആവശ്യങ്ങളും രോഗങ്ങളുമായി അദ്ദേഹത്തെ കാണാൻ വന്നവരും മെല്ലെ മെല്ലെ പുറത്തേക്കു പോയിക്കൊണ്ടിരുന്നു. അവസാനം അവിടെ ഞാൻ മാത്രം ബാക്കിയായപ്പോൾ ഞാനും എന്റെ കെട്ടും ഭാണ്ഡവുമെടുത്ത് പുറത്തേക്കു നടന്നു. എന്റെ ജ്യേഷ്ഠന്റെ ഒരു കൂട്ടുകാരൻ ഇവിടെ ലഖ്നൗവിൽ ഉണ്ട്. അദ്ദേഹവും ഒരു പ്രിന്റിംങ്ങ് പ്രസ്സ് ഉടമയാണ്. പേര് അലി ബഖ്ശ് ഖാൻ. ഞാൻ നേരെ അദ്ദേഹത്തിന്റെ വീട്ടിൽ ചെന്നു. അദ്ദേഹം എന്നെ കാര്യമായി സ്വീകരിച്ചിരുത്തി. എല്ലാ സൗകര്യങ്ങളും ചെയ്തു തന്നു. അദ്ദേഹം പലതും സംസാരിച്ചു. എനിക്കൊരു ഉറുമാം പഴത്തിന്റെ മരം കാണിച്ചു കൊണ്ട് പറഞ്ഞു ഇത് നിന്റെ ജ്യേഷ്ഠന്റെ ഓർമക്കുള്ളതാണ്. പിന്നീട് ഞാൻ പോയി കുളിച്ചു വസ്ത്രങ്ങൾ മാറി. അതോടെ എന്റെ ക്ഷീണമെല്ലാം പറപറന്നു. ലഖ്നൗവിൽ വച്ചു അവിടത്തെ അറിയപ്പെടുന്ന പല ആലിമീങ്ങളേയും കാണുവാനും പരിചയപ്പെടാനും എനിക്കു സാധിച്ചു. അലി ബഖ്ശ് സാഹിബ് എനിക്കു താമസിക്കാൻ പ്രത്യേകം ക്വാർട്ടർ തന്നു. പക്ഷേ, ഒരു കുഴപ്പം. ഭക്ഷണം ഞാൻ തന്നെ പാകം ചെയ്തു തയ്യാറാക്കണം. എന്നെ സംബന്ധിച്ചിടത്തോളം തീരെ പരിചയമില്ലാത്തതും പ്രയാസമേറിയതുമായ കാര്യമാണു പാചകം.

(തുടരും)

**കടപ്പാട് & അവലംബം**

1. ഹയാത്തെ നൂർ By മൗലാനാ അബ്ദുൽ ഖാദർ സാഹിബ് സൌദാഗർ മൽ. റബ്വാ
2. താരീഖെ അഹ്മദിയ്യത്ത് വാള്യം 3 By മൗലാനാ ദോസ്ത് മുഹമ്മദ് ശാഹിദ് സാഹിബ് റബ്വാ
3. മിർഖാത്തുൽ യഖീൻ ഫീ ഹയാതി നൂറുദ്ദീൻ By അക്ബർ ശാഹ് ഖാൻ സാഹിബ്. നജീബാ ബാദി.
4. ഹദ്റത്ത് മൌലവി നൂറുദ്ദീൻ സാഹിബ് (ഇംഗ്ലീഷ്) By ഹദ്റത്ത് സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ സാഹിബ് (റ)
5. സവാനിഹ് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ By റസിയ ദർദ് സാഹിബ കറാച്ചി.
6. അൽ ഫസ്ൽ ഉറുദു ദിനപത്ര ങ്ങൾ റബ്വാ.

**പേജ് 23 ൽ നിന്ന് തുടർച്ച**

ത്തെ പുനരുജ്ജീവിപ്പിച്ചു കൊണ്ട് ഫ്രാൻസ് കേന്ദ്രീകരിച്ച് 5-ാം നൂറ്റാണ്ടിൽ ഒരു സാമ്രാജ്യം ഉയർന്നു വന്നിരുന്നു. അത് പല രൂപപരിണാമങ്ങൾക്കും വിധേയമായി. ഷാർലമെയിൻ (എ.ഡി. 742–814) എന്ന ഇതിഹാസ പരിവേശമുള്ള ഒരു രാജാവിന്റെ കാലത്താണ് ഈ സാമ്രാജ്യത്തിന്ന് മതപരമായ മാനങ്ങളുള്ള വിശുദ്ധ റോമാ സാമ്രാജ്യം എന്ന പേര് ലഭിച്ചത്. പോപ്പ് ലിയോവിനെ ശത്രുക്കൾ റോമാ നഗരത്തിൽ നിന്ന് തുരത്തിയപ്പോൾ ഷാർലമെയിൻ ചക്രവർത്തിയാണ് ശത്രുക്കളെ തോൽപ്പിച്ച് പോപ്പിനെ വീണ്ടും ആ സ്ഥാനത്ത് അവരോധിച്ചത്. ഇതിന്ന് പ്രത്യുപകാരമായിക്കൊണ്ട് എ. ഡി 800 ൽ ക്രിസ്മസ്സ് ദിനത്തിൽ ഷാർലമെയിൻ സെന്റ് പീറ്റേഴ്സ് പള്ളിയിൽ മുട്ട് കുത്തി പ്രാർത്ഥിച്ചു കൊണ്ടിരിക്കുമ്പോൾ കൃതജ്ഞനായ പോപ്പ് ലിയോ, ഷാർലമെയിന്റെ ശിരസ്സിൽ കിരീടം ചാർത്തി. അദ്ദേഹത്തെ വിശുദ്ധ റോമാ ചക്രവർത്തിയായി പ്രഖ്യാപിക്കുകയായിരുന്നു. ചർച്ചും ചക്രവർത്തിയും തമ്മിലുള്ള ബാന്ധവത്തിന്ന് തുടക്കം കുറിച്ച നിർണ്ണായകമായ സംഭവമായിരുന്നു ഇത്. ഏകദേശം ആയിരം കൊല്ലം യൂറോപ്യൻ ചരിത്രത്തെ ഇത് വമ്പിച്ച തോതിൽ സ്വാധീനിച്ചു. രാജാവിന്ന് കിരീടം വച്ചത് പോപ്പാണെന്നുള്ളത് കൊണ്ട് രാജാവ് ദൈവത്താൽ നിയോഗിതനാണ് എന്ന വാദം പ്രബലപ്പെടുകയും അതേ സമയം രാജാവിനെ വാഴിച്ചത് പോപ്പാണ് എന്നത് കൊണ്ട് സഭയുടെ ശക്തിയും സ്വാധീനവും വർദ്ധിക്കാനും ഇത് കാരണമായി.

അങ്ങനെ ഈ ബാന്ധവം തുടരവേ എ.ഡി. 8ാം നൂറ്റാണ്ടിൽ വിഗ്രഹാരാധനയെ അനുകൂലിച്ച് പാശ്ചാത്യ റോമൻ സഭയും എതിർത്ത് ബൈസന്റയിൻ ചക്രവർത്തിയും തമ്മിൽ ഒരു വിവാദം പൊട്ടിപുറപ്പെട്ടു. മോസസിന്റെ പത്ത് കൽപ്പനകളിൽ വിഗ്രഹങ്ങളെ വണങ്ങരുതെന്ന ആജ്ഞയുണ്ടായിരുന്നു. ഇസ്ലാമിക ദേശത്തോടടുത്ത് നിൽക്കുന്നതായിരുന്നല്ലോ ബൈസാന്റിയം സാമ്രാജ്യം. അതിനാൽ ഇസ്ലാമിക സ്വാധീനമായിരിക്കാം ബൈസാന്റിയിൻ വിഗ്രഹഭഞ്ജന (Byzantine Iconoclasm) പ്രസ്ഥാനത്തിന്ന് കാരണമെന്ന് പ്രശസ്ത ചരിത്രകാരനായ ആൾനോട് ജെ. ടോയൻബി അഭിപ്രായപ്പെട്ടിട്ടുണ്ട്. എതായാലും ഈ വിവാദ ത്തോടനുബന്ധിച്ച് അന്നത്തെ പോപ്പ് ഗ്രിഗറി ബൈസന്റയിൻ ചക്രവർത്തിയായ ലിയോ മൂന്നാമനെ സഭയിൽ നിന്ന് പുറത്താക്കി. അത്രക്ക് പേപ്പൽ സ്റ്റേറ്റുകൾ അധിപനായ പോപ്പ് ശക്തനായി തീർന്നിരുന്നു. പാശ്ചാത്യ രാഷ്ട്രീയ ശക്തികളുടെ പിന്തുണയോടെ പിന്നീട് റോമൻ സഭ കൂടുതൽ ശക്തമായി. 11-ാം നൂറ്റാണ്ടോടുകൂടി സഭ കൂടുതൽ അസഹിഷ്ണുതയോടെ സ്വതന്ത്ര ചിന്തയെ അടിച്ചമർത്താൻ തുടങ്ങി. സഭാ കോടതി (Eclesiastical Court) സ്ഥാപിച്ചു കൊണ്ട് ഇൻക്വിസിഷൻ ആരംഭിച്ചു. മുഖ്യമായും മതനിന്ദക(Heretic)രെയും മത പരിത്യാഗികളെയും (Apostate) ദൈവദൂഷകരേയും (Blasphemies) കണ്ടെത്തി അവരെ ഉന്മൂലനം ചെയ്യുക എന്ന ലക്ഷ്യത്തോടെയായിരുന്നു ഇൻക്വിസിഷൻ ആരംഭിച്ചത്. (തുടരും)

# ഇസ്‌ലാമിന്റെ സുവർണ്ണഭൂതകാലം

ലോക സംസ്കാരത്തിന് അനശ്വരമായ സംഭാവനകൾ നൽകിയ ഒരു ഭൂതകാലം ഇസ്‌ലാമിനുണ്ടായിരുന്നു. ശാസ്ത്രം, സാഹിത്യം, കല എന്നീ രംഗങ്ങളിൽ അത് നിറഞ്ഞു നിന്നിരുന്നു.

**ചൗധരി അബ്ദുസ്സലാം അക്തർ**

മുസ്‌ലിം പ്രതിഭകളെ പറ്റി വിശദീകരിക്കുന്നതിന്ന് മുമ്പായി ഒരു കാര്യം നാം ശദ്ധാപൂർവം ഓർക്കേണ്ടതുണ്ട്. ഇസ്‌ലാമിന്റെ വൈജ്ഞാനിക പുഷ്‌ക്കലകാലത്ത് ഒരു വിഷയവും ഒറ്റപ്പെട്ടു നിന്നില്ല ഒന്നിനോടൊന്ന് ബന്ധപ്പെട്ട നിലയിലായിരുന്നു അവയെല്ലാം. വിശേഷവത്കൃത വിജ്ഞാനം അഥവാ ഒരു പ്രത്യേക വിഷയത്തിൽ വൈദഗ്ദ്യം നേടിയവർ അക്കാലത്തും ഉണ്ടായിരുന്നു. തനിക്ക് ചുറ്റുമുള്ള ലോകത്ത് കൗതുക പൂർവ്വമുള്ള താൽപര്യമാണ് ഒരാളെ വശേവത്കൃതമായ രസതന്ത്ര വിജ്ഞാനിയും ഗോളശാസ്ത്രജ്ഞനും ആക്കുന്നത്, അപ്രകാരം ഒരാളെ തത്വജ്ഞാനിയാക്കുന്നതും ഈ താൽപര്യം തന്നെയാണ്. മഹാനായ ചരിത്രകാരൻ ഇബ്നു ഖൽദൂണ് ഒരേ സമയം തത്വജ്ഞാനിയും ചരിത്ര രചനാശാസ്ത്രകാരനും (Historiographer) ആയിരുന്നു. പ്രശസ്ത പാശ്ചത്യ എഴുത്തുകാരൻ ഫിലിപ്പ് ഹിറ്റി അദ്ദേഹത്തെ വിളിച്ചത് **'ഏക്കാലത്തേയും വലിയ ചരിത്രകാരനായ തത്വശാസ്ത്രകാരൻ'** എന്നാണ്. മറ്റൊരു മുസ്‌ലിം തത്വശാസ്ത്രജ്ഞൻ ഇബ്നു റുഷ്ദാണ്. അദ്ദേഹം സ്വയം ശാസ്ത്ര പഠനത്തിൽ മാത്രം മുഴുകിയ ആളായിരുന്നില്ല. അദ്ദേഹത്തെപറ്റി ഹിറ്റി പറയുന്നത്

*ഇബ്നു റുഷ്ദ് എന്ന വൈദ്യവിജ്ഞാനിയെ മുഴുവനും തത്വജ്ഞാനിയും ഖുർആൻ ഭാഷ്യകാരനുമായ ഇബ്നു റുഷ്ദ് ഗ്രസിച്ചു കളഞ്ഞു വെന്നാണ്. 1.*

മറ്റൊരു ശ്രദ്ധേയമായ വസ്തുത എന്തെന്നാൽ, സാധാരണക്കാരനോട് പോലും അവന്റെ ദൈനംദിന ജീവിത പ്രശ്നങ്ങൾക്കപ്പുറത്തേക്ക് വിശാലമായ വൈജ്ഞാനിക ലോകം നോക്കിക്കാണാൻ ഖുർആൻ ആഹ്വാനം ചെയ്യുന്നു എന്നതാണ്. ഒരു അമുസ്‌ലിം ചിന്തകനെ സംബന്ധിച്ചിടത്തോളം പ്രകൃതിയിൽ നടക്കുന്ന നിയമങ്ങളെപറ്റി ഒരു മതഗ്രന്ഥം പറയുക എന്നത് ഒരു നൂതനമായ ആശയമാണ്. പക്ഷേ ഒരു മുസ്‌ലിമിനെ സംബന്ധിച്ചിടത്തോളം അയാൾ ഒരു തൊഴിലാളിയാവട്ടെ ഒരു ഡോക്ടറാകട്ടെ ഒരു ദിവ്യജ്ഞാനിയാകട്ടെ അയാൾക്ക് ഈ പ്രപഞ്ചം ചിന്തിക്കാനുള്ള വിഭവവും പ്രവർത്തിക്കുവാനുള്ള കളരിയുമാണ്. ഖുർആൻ പറയുന്നു:

***ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം അല്ലാഹുവിന്നുള്ളതാണ്. അല്ലാഹു എല്ലാ കാര്യങ്ങൾക്കും പൂർണ്ണമായും കഴിവുള്ളവനാകുന്നു. ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിപ്പിലും രാവും പകലും മാറി മാറി വരുന്നതിലും തീർച്ചയായും ബുദ്ധിമാന്മാർക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്. നിന്നും ഇരുന്നും കിടന്നും അല്ലാഹുവിനെ സ്മരിച്ചു കൊണ്ടിരിക്കുകയും ആകാശഭൂമികളുടെ സൃഷ്ടിപ്പിനെ സംബന്ധിച്ച് ചിന്തിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നവരായ (ബുദ്ധിമാന്മാർ) ഞങ്ങളുടെ നാഥാ!, നീ ഇതെല്ലാം വ്യർഥമായിട്ടല്ല സൃഷ്ടിച്ചത്. നീ പരിശുദ്ധനാണ്, അതിനാൽ നീ ഞങ്ങളെ നരക ശിക്ഷയിൽ നിന്നും രക്ഷിക്കേണമേ. (വി.ഖു 3:190–192)***

വിശുദ്ധ ഖുർആന്റെ അദ്ധ്യാപന പ്രകാരം പ്രപഞ്ചത്തിന്റെ ഘടനാ സംവിധാനത്തെക്കുറിച്ച് ശാസ്ത്രീയ പഠനം നടത്തണമെന്ന് മാത്രമല്ല ഉന്നത നിലവാരത്തിലുള്ള പ്രതിഭാശാലികളെ വളർത്തിയെടുക്കണമെന്ന് നിർബന്ധിക്കുക കൂടി ചെയ്യുന്നു. അതുകൊണ്ടാണ് പ്രഗല്ഭ ജർമ്മൻ പണ്ഡിതനായ ഹംബോൾട്ട് പറഞ്ഞത് ***'നാം ഇന്ന് അനുഭവിക്കുന്ന ഭൗതിക ശാസ്ത്രത്തിന്റെ യഥാർത്ഥ സൃഷ്ടാക്കളായി അറബികളെയാണ് കണക്കാക്കേണ്ടത്.'*** ശാസ്ത്ര ചരിത്രകാരനായ ജോർജ്ജ് സാർട്ടൺ അറബ് ശാസ്ത്രജ്ഞന്മാർക്ക് നൽകിയ ഉജ്ജ്വലമായ ആദരം നോക്കു.

അസാമാന്യരായ മറ്റു രണ്ട് ചരിത്രകാരന്മാരാണ് ഇബ്നു ഖൽദൂണും തബരിയും. ചരിത്രത്തിലാദ്യമായി കാലവസ്ഥയും ഭൂമിശാസ്ത്രവും മനുഷ്യന്റെ ധാർമിക ഘടകങ്ങളും ചേർന്നാണ് ചരിത്രം നിർമ്മിക്കുന്നതെന്ന സിദ്ധാന്തം ഇബ്നു ഖൽദൂൺ ആവിഷ്ക്കരിച്ചു. അപ്രകാരം ജനവർഗ്ഗങ്ങളുടെ പുരോഗതിയുടെയും ശൈഥില്യത്തിന്റെയും നിയമം കണ്ടെത്തിയതും ഇബ്നു ഖൽദൂണാണ്. ജനതയുടെ ഉയർച്ചയുടെയും താഴ്ച്ചയുടെയും യഥാർത്ഥ കാരണം ആദ്യമായി കണ്ടെത്തിയത് ഈബ്നു ഖൽദൂൺ തന്നെയാണ്.

തബരി ലോകാരംഭം മുതൽ എ. ഡി 915 വരെയുള്ള ലോകത്തിന്റെ ചരിത്രം എഴുതുകയുണ്ടായി. പഠനത്തിന്ന് വേണ്ടി പഠിക്കുക എന്ന തത്വത്തിൽ അദ്ദേഹം വിശ്വസിച്ചു. അദ്ദേഹത്തിന്റെ ചരിത്രം അതുകൊണ്ട് ഒരു മത ശാസ്ത്രിയുടെ ആവേശമുള്ളതും ഒരു ന്യായാധിപന്റെ സൂക്ഷ്മയുള്ളതും രാഷ് ട്രവിജ്ഞാനിയുടെ അന്തർദൃഷ്ടി പ്രകടമാവുന്നതുമായിരുന്നു. തബരിയുടേത് തികച്ചും വിജ്ഞാനാന്വേഷണത്തിന്നുവേണ്ടി ഉഴിഞ്ഞുവെച്ച ജീവിതമായിരുന്നു.

## ചിത്രകലയും വാസ്തുശിൽപ്പവും

കല എന്നത് വിവാദാത്മകമായ ഒരു വിഷയമാണ്. ആധുനിക കാലത്ത് അതിൽ പലതിനും പല രൂപ പരിണാമങ്ങളും സംഭവിച്ചിരിക്കുന്നു. പക്ഷേ ഇന്നു വരെയുള്ള മനുഷ്യന്റെ ചിത്രരചനയോടുള്ള സർഗ്ഗ വാസന പരിഗണിക്കുമ്പോൾ മുസ്‌ലിംകല ഭാവനയുടെ പാരമ്യങ്ങൾ കൈവരിച്ചതായി കാണാം. 13-ാം നുറ്റാണ്ടിലെ പുസ്തകങ്ങൾ പ്രത്യേകിച്ചും കഥാ പുസ്തകങ്ങളും ശാസ്ത്ര സംബന്ധിയായ പുസ്തകങ്ങളും ചിത്രീകരണങ്ങൾ കൊണ്ട് സമൃദ്ധമായിരുന്നു. യഹ്‌യാ ഇബ്നു മഹ്മൂദ് അൽവസീതി (Yahya ibn Mahmud

*ടൊലിഡോ എന്നിവിടങ്ങളിലായിരുന്നു പശ്ചിമ യൂറോപ്പിലെ മുഖ്യ വിദ്യാകേന്ദ്രങ്ങൾ. അവറോസ് എന്ന പേരിലറിയപ്പെട്ട പ്രഗല്ഭനായ മുസ്‌ലിം പ്രതിഭാശാലി ഇബ്നു റുശ്ദി (എ ഡി. 1126-1193) ആണ് അതിന് നേതൃത്വം നൽകിയത്. മുസ്‌ലിംകളായ ജബർ, അവിസെന്ന എന്നിവരിലൂടെയായിരുന്നു റോജർ ബേക്കർ മുതലായ പ്രശസ്തരായ ക്രിസ്ത്യൻ പണ്ഡിതന്മാർ അരിസ്റ്റോട്ടിലിന്റെ തത്വ ശാസ്ത്ര സിദ്ധാന്തങ്ങൾ മനസ്സിലാക്കിയത്.' 4*

## ചരിത്രരചനാ ശാസ്ത്രം (ഹിസ്റ്റോറിയോഗ്രഫി)

ഹിസ്റ്റോറിയോ ഗ്രഫി എന്നാൽ ചരിത്രത്തിലെ വസ്തുതകൾ കാലാനുക്രമമായും ഉദ്ദേശ്യാധിഷ്ഠിതമായും എഴുതുകയും രേഖപ്പെടുത്തുകയും ചെയ്യുക എന്നാണർത്ഥം. സമീപനത്തിൽ ശുദ്ധ തത്വ ശാസ്ത്രകാരന്മാരോട് അടുത്ത് നിൽക്കുന്നവരാണ് മുസ്‌ലിം ഹിസ്റ്റോറിയോഗ്രഫേഴ്സ്. മുസ്‌ലിം ചരിത്ര രചനാശാസ്ത്രജ്ഞന്മാരുടെ കൂട്ടത്തിൽ പ്രാഥസ്മരണീയരും അതുല്യരുമായ മൂന്ന് പേരുണ്ട്. ആദ്യത്തേയാൾ അബൂ അൽ ഹസൻ അലി അൽ മസ്ഊദി. മഹാനായ ഗ്രീക്ക് ചരിത്രകാരൻ ഹെറോഡോട്ടസിനെപോലെ തീർച്ചയായും അദ്ദേഹം അറബികളുടെ ചരിത്രത്തിന്റെ പിതാവാണ്. പക്ഷേ മസ്ഊദിയുടെ രീതി വ്യത്യസ്തമായിരുന്നു. വിഷയാധിഷ്ഠിതമായി ചരിത്രത്തെ സമീപിക്കുന്ന രീതി അദ്ദേഹമാണ് കണ്ടെത്തിയത്. സംഭവങ്ങളെ അദ്ദേഹം വർഷങ്ങളുടെയും തിയ്യതികളുടെയും അടിസ്ഥാനത്തിലല്ല തരം തിരിച്ചത്. വ്യക്തികളുടെയും രാജപരമ്പരകളുടെയും അടിസ്ഥാനത്തിൽ അദ്ദേഹം ചരിത്രത്തെ ചിട്ടപ്പെടുത്തി. ചരിത്ര കഥനത്തിന്ന് സജീവത വരുത്തുവാൻ അദ്ദേഹം ചരിത്ര സംഭവങ്ങൾക്ക് ഉപാഖ്യാനങ്ങളും നൽകുകയുണ്ടായി.

*'8-ാം നുറ്റാണ്ടിന്റെ മദ്ധ്യം മുതൽ 11-ാം നൂറ്റാണ്ടിന്റെ അവസാനം വരെ അറബിയായിരുന്നു മനുഷ്യ സമൂഹത്തിന്റെ ശാസ്ത്രത്തിന്റേയും പുരോഗമനത്തിന്റെയും ഭാഷ. അക്കാലത്ത് ഏറ്റവും മൂല്യവത്തായതും ഏറ്റവും അർത്ഥഗർഭിതവും ഏറ്റവും മൗലികവുമായ രചനകൾ എഴുതപ്പെട്ടത് അറബിയിലായിരുന്നു. ആ നാളുകളിൽ ഒരാൾ കൂടുതൽ അറിവ് നേടാനും സമകാലീന ജ്ഞാനം ആർജ്ജിക്കാനും അറബി പഠിക്കേണ്ടതുണ്ടായിരുന്നു. ശാസ്ത്രരംഗത്ത് സമസ്ഥാനീയ പദവി അലങ്കരിക്കാൻ പശ്ചിമ ദേശത്ത് അക്കാലത്ത് ആരുമില്ലായിരുന്നു. പ്രഗല്ഭമതികളായ അറബി വിജ്ഞാനികൾ ചിലരുടെ പേരുകൾ ഇപ്പോൾ സ്മരിക്കുന്നത് ഉചിതമായിരിക്കും. ജാബിരുബ്നു ഹയ്യാൻ, അൽ കിന്ദി, അൽ ഖാവാരിസ്മി, അൽ റാസി, താബിത്ത്ബ്നൂ ഖുർറു, ഇബ്നു യൂനുസ്, അലി ഇബ്നു ഈസാ, ഇബ്നു സീനാ,.... കീർത്തി ധാവള്യം പരത്തിയ അതിപ്രശസ്തരായ ഇവരുടെ പട്ടിക ഇനിയും നീട്ടാൻ യാതൊരു പ്രയാസവുമില്ല....... മദ്ധ്യാകാല യൂറോപ്പിന്റെ ചരിത്രത്തിൽ മുസ്‌ലിം സ്പെയിൻ ധൈഷണിക പ്രബുദ്ധതയുടെ തിളങ്ങുന്ന അധ്യായം എഴുതി ചേർക്കുകയുണ്ടായി. 8-ാം നൂറ്റാണ്ടിന്റെ മദ്ധ്യകാലം മുതൽ 13-ാം നൂറ്റാണ്ടിന്റെ ആദ്യം വരെ അറബി ജനതയായിരുന്നു സംസ്ക്കാരത്തിന്റെയും നാഗരികതയുടെയും ദീപശിഖ വഹിച്ചവർ.'*

മറ്റൊരു പ്രമുഖനും ആധികാരിക ഭൗതിക ശാസ്ത്ര ചരിത്രകാരനുമായ സർ എഡ്വേർഡ് തോർപെയ്ൻ എഴുതുന്നു

*'സ്പെയിനിലെ മുസ്‌ലിം ഖലീഫമാരായിരുന്ന യൂസുഫിന്റെയും യാഖൂബിന്റെയും ഭരണത്തിന്ന് കീഴിലാണ് ശാസ്ത്രം സമ്പൂർണ്ണ നാശത്തിൽ നിന്നും രക്ഷിക്കപെട്ടത്. കോർഡോബ, ഗ്രനഡ്, സാവില്ലി,*

al-Wasiti) ഏറ്റവും പ്രശസ്തനായ ചിത്രകലാകാരനായിരുന്നു. അദ്ദേഹത്തിന്റെ പ്രതീകാത്മക ചിത്രീകരണമായ *'മുഖാമത്തി ഹരീരി'** ആഹ്ലാദവും പ്രചോദനവും ഒരേ സമയം പ്രദാനം ചെയ്യുന്നു. സിറിയൻ മരുഭൂമിയിലെ കുളിമുറിയുടെയും സുഖഭവനങ്ങളുടെയും ചുമരുകളിൽ വലീദ് (എ.ഡി. 705–715) ന്റെ കാലത്ത് വരക്കപ്പെട്ട ചുമർചിത്രങ്ങളും (Murals) യസീദ് നിർമ്മിച്ച പ്രശസ്തമായ കസറെ അമ്റ് ഭിത്തിയും അതീവ മനോഹരമായ ചിത്രങ്ങളെക്കൊണ്ട് അലംകൃതമായിരുന്നു. അത്തരത്തിലുള്ള ചുവർ ചിത്രങ്ങളായിരുന്നു ഉമവി ഖലീഫമാരുടെ കീഴിലായിരുന്ന ഇറാനിലും ഈജിപ്തിലും കണ്ടിരുന്നത്.

ലോകം കണ്ടതിൽ വെച്ചേറ്റവും നല്ല ചിത്രകല ആവിഷ്ക്കരിക്കപ്പെട്ടത് മുഗളന്മാരുടെ കീഴിലായിരുന്നു. ആഗ്രയിലെ രാജകീയ ഗ്രന്ഥാലയത്തിൽ 24,000 കൈയ്യെഴുത്തു പ്രതികൾ സൂക്ഷിക്കപ്പെട്ടിരുന്നു. അതിലധികവും ചിത്രീകരണമുള്ളവയായിരുന്നു. ജാലകങ്ങൾ കോട്ടയുടെ മാർബിളുകളിലെ വർണ്ണചാർത്തുകൾക്കും പുറമെ കൊട്ടാരങ്ങളും കുംഭഗോപുരങ്ങളും മിക്കതും കല്ലിലെഴുതിയ കവിത പോലെ മനോഹരമായിരുന്നു. മുഗൾ കാലഘട്ടത്തിലെ വാസ്തു ശിൽപ്പകല പ്രത്യേകം ഒരു വിഷയം തന്നെയാണ്. മുഗൾ വാസ്തു ശിൽപ്പകലയിൽ താഴിക കുടങ്ങൾക്കും കമാനങ്ങൾക്കും നൽകിയ പ്രാധാന്യം ശ്രദ്ധേയമാണ്. ഈ നിർമ്മാണകലയിലെ പൊതു ശൈലിയാണ് പിന്നീട് ഇസ്ലാമിക വാസ്തു ശിൽപ്പകലാ രീതിയായി മാറിയത്. Glories of Islam എന്ന ഗ്രന്ഥത്തിൽ Architectual style of Muslim എന്ന അദ്ധ്യായത്തിൽ Noor Ahmed എഴുതുന്നു.

*'കുരിശുയുദ്ധത്തോടെ മുസ്ലിം ക്രിസ്ത്യൻ വാസ്തു ശിൽപ്പകല മിശ്രണം ചെയ്യപ്പെട്ടു. അത് ഇപ്പോൾ സ്പാനിഷ് ശൈലി എന്നാണറിയപ്പെടുന്നത്. സ്പാനിഷ് ഭാഷയിൽ നിരവധി അറബി വാക്കുകൾ ഇപ്പോഴും നിലനിൽക്കുന്നു എന്ന വസ്തുത തന്നെ സ്പാനിഷ് നിർമ്മിതികളുടെ അറബി മൂലം തെളിയിക്കുനു. കുതിരലാടത്തിന്റെ ആകൃതിയിലുള്ള ആർച്ചുരൂപങ്ങൾക്ക് ഇപ്പോഴും മൂറിഷ് ആർച്ച് എന്നാണ് പറയുന്നത്. മുസ്ലിം വാസ്തു ശിൽപം പടിഞ്ഞാറ് ദേശത്ത് അറിയപ്പെടുന്നത് അങ്ങനെയാണ്. പതിമൂന്നും പതിനാലും നൂറ്റാണ്ടുകളിൽ ക്രൈസ്തവ മുസ്ലിം നാടുകളിൽ വാസ്തു ശിൽപ കലാരംഗത്ത് ഇരു സംസ്കാരങ്ങളും അന്യോന്യം വമ്പിച്ച തോതിൽ സ്വാധീനിക്കപ്പെടുകയുണ്ടായി വക്ര രീതിയിൽ വർണ്ണ ചാർത്തുള്ള കമാനങ്ങളും (Cusped Arc) വാതിലുകൾക്കും ജനാലകൾക്കും കഴകളും താലങ്ങളും കൊണ്ടുള്ള പണിത്തരങ്ങൾ (Bar Tracery, Plate Tracery) പശ്ചിമ നാടുകൾ ഇങ്ങനെ നിരവധി വാസ്തു ശിൽപ ഘടനകൾ ഇസ്ലാമികലോകത്ത് നിന്നും സ്വീകരിക്കുകയുണ്ടായി. പാലത്തിന്റെ തൂണുകൾ, അലംകൃതമായ കൊത്തളങ്ങൾ, കൊത്തുപണികൾ, രേഖാങ്കിതമായ പൂമുഖങ്ങൾ, ലോഹഗ്രില്ലുകൾ, നിർമ്മാണ ഘടനയിലെ ജാമിതീയ രൂപങ്ങൾ, മുതലായ വാസ്തു ശിൽപകലാരംഗത്തെ ലാവണ്യാത്മകമായ നിരവധി ഘടകങ്ങൾ അക്കാലഘട്ടങ്ങളിൽ സമ്മിശ്രമാക്കപ്പെട്ടു. 5*

## പ്രഭാഷണകലയും സംഗീതവും

ഇസ്ലാമിന്റെ ആദ്യകാലത്ത് പള്ളിയായിരുന്നു സുപ്രധാനമായ പ്രഖ്യാപനങ്ങളുടെയും അദ്ധ്യാപനങ്ങളുടെയും ചർച്ചകളുടെയും കേന്ദ്രം. ഇവിടെ നിന്നാണ് പ്രഭാഷണ കലയുടെ ആരംഭം കുറിച്ചത്. വരമൊഴിയേക്കാൾ വായ്മൊഴി വഴക്കത്തിന് പ്രാധാന്യം നൽകികൊണ്ടുള്ള സാഹിത്യരൂപം ഇക്കാലത്ത് പുഷ്ടിപ്പെടുകയുണ്ടായി. പൊതു പ്രഭാഷണ കലയെ പറ്റി പറയുമ്പോൾ അതിന് ആരംഭം കുറിച്ചത് ഉമവിയ്യാ കാലഘട്ടത്തിലാണെന്ന് ഫിലിപ്പ് ഹിറ്റി പറയുന്നു. വീണ്ടും നമുക്ക് അദ്ദേഹത്തെ ഉദ്ധരിക്കാം.

*'ഒരു ജനറൽ തന്റെ പട്ടാളക്കാർക്ക് ആവേശം പകരുന്ന തരത്തിൽ പൊതുജനങ്ങൾ സമ്മേളിക്കുന്ന വെള്ളിയാഴ്ച ഉച്ചനേരത്തെ നമസ്ക്കാരത്തിലെ പ്രഭാഷണം ഖത്തീബ് ഒരു ഉപകരണമാക്കി മാറ്റി. പ്രാദേശിക ഗവർണ്ണർമാർ തങ്ങളുടെ പ്രജകളിൽ സ്വരാജ്യ സ്നേഹം വളർത്താൻ അത് ഉപാധിയാക്കി. പ്രാസനിബദ്ധവും വിവേകം തുളുമ്പുന്നതുമായ അത്യുന്നത ധാർമികത പുലർത്തിയ അലിയുടെ പ്രഭാഷണം, ഖലീഫ ഉമറുബിനു അബ്ദിൽ അസീസിന്റെ സാന്നിദ്ധ്യത്തിൽ സൂഫി വര്യനായ ഹസനുൽ ബസരി നടത്തിയ പ്രഭാഷണം മുതലായവ പിൽക്കാല ജീവചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. സൈനിക മേധാവിയായിരുന്ന താരീഖ്ബ്നു സിയാദിന്റെ ദേശാഭിമാന ഭരിതമായ ഉജ്ജ്വല പ്രസംഗം, അഗ്നിസ്ഫുരണം മാറുന്ന ഹല്ലജിന്റെ വാഗ്ധോരണി ഇതെല്ലാം തന്നെ ആ കാലഘട്ടം നമുക്ക് കൈമാറിയ അമൂല്യങ്ങളായ സാഹിത്യ നിധികളാണ്. 6*

ആദ്യകാല മുസ്ലിംകൾക്കിടയിൽ വാഗ്മിത്വ വൈഭവത്തിന്റെ പ്രതിഭകളെ കണ്ടെത്താൻ അദ്ധ്വാനിക്കേണ്ട പ്രശ്നം തന്നെയില്ല. അത്രയധികം പ്രഭാഷക പടുക്കൾ മുസ്ലിംകളിലുണ്ടായിരുന്നു. ആദ്യകാല മുസ്ലിം ചരിത്രം കലാപകലുഷിതവും അഗ്നി പരീക്ഷണങ്ങളാൽ സംഘർഷ ഭരിതവും യുദ്ധനിരതവുമായിരുന്നു. എല്ലാ ഓരോ മുസ്ലിം ഭടന്മാരും ഓരോ പ്രഭാഷകന്മാരായിരുന്നു. യുദ്ധാവശ്യങ്ങൾക്ക് വേണ്ടി പട്ടാളത്തിൽ ആളെ ചേർക്കുന്ന സന്ദർഭങ്ങളിൽ ഓരോ ഭടന്റേയും ആവേശ ഭരിതമായ പ്രസംഗങ്ങൾ ആയിരക്കണക്കിന്ന് സ്ത്രീകളടക്കം പട്ടണത്തിലേയും നഗരത്തിലെയും ജനത മുഴുവൻ

വിജയത്തിനായി യുദ്ധമുന്നണിയിലേക്ക് നീങ്ങുമായിരുന്നു.

സംഗീതത്തിന്റെ ചരിത്രവും മറിച്ചല്ല. പ്രഗല്ഭനായ തത്വശാസ്ത്ര വിശാരദൻ അൽ ഫറാബി((872950/951) മഹാനായ ഒരു സംഗീതജ്ഞൻ കൂടിയായിരുന്നു. അദ്ദേഹം എഴുതിയ കിത്താബുൽ മൗസിക്ക് അൽ കബീർ മ്യൂസിക്കിനെ സംബന്ധിച്ച് 17-ാം നൂറ്റാണ്ടുവരെ ആധികാരിക ഗ്രന്ഥമായി അറിയപ്പെട്ടു. എങ്കിലും ഇന്നത്തെ പോലെ സംഗീതം ഒരു പ്രഫഷനായി സ്വീകരിച്ചിരുന്നവർ ഉണ്ടായിരുന്നു എന്ന് കരുതുന്നത് ശരിയല്ല. സാഹിത്യാസ്വാദനത്തിന്ന് ഒരു സഹായി എന്ന നിലയിലായിരുന്നു സംഗീതത്തിന്ന് സ്ഥാനം നൽകപ്പെട്ടിരുന്നത്. ആധുനിക കാലത്ത് സുകുമാരകലകൾക്ക് പ്രത്യേക ശാഖകളായി പല പിരിവുകളുമുണ്ടായിട്ടുണ്ട്. എന്നാൽ ഇസ്‌ലാമിക സംസ്കാരത്തിന്റെ പ്രമുഖ കാലഘട്ടത്തിൽ ഈ കലകളെല്ലാം സമഗ്രമായ മനുഷ്യ ജീവിതത്തിന്റെ ധ്വനി സ്പന്ദനമായി തീർന്നു. വിശുദ്ധ ഖുർആനിലെ പല വരികൾക്കും സ്വതസ്സിദ്ധവും അതീവ ഹൃദ്യവുമായ സംഗീത സാന്ദ്രതയും പ്രാസനിഷ്ഠയും ഉണ്ടായിരുന്നു. അതിന്റെ വിശുദ്ധ വചനങ്ങൾ ഉച്ചത്തിൽ പരായണം ചെയ്യപ്പെടുമ്പോൾ അതിന്റെ സ്വരലയ സംഗീതം ആത്മാവിന്റെ കർണ്ണപുടങ്ങളെ പ്രകമ്പിതമാക്കും.

## സംസ്കാരവും സഹിഷ്ണുതയും: ഇസ്‌ലാമിക സമീപനം

സംസ്കാരം എന്നാൽ മനസ്സിന്റെ വളർച്ചയാണ്. പക്ഷേ അത് ചിലർ കരുതുന്നത് പോലെ ഒരു മനസ്സിന്റെ വളർച്ചയല്ല. വിശൈ്വകമായ മൂല്യങ്ങളുടെ സാക്ഷാത്ക്കാരത്തിന് വേണ്ടിയുള്ള മനുഷ്യ സമൂഹത്തിന്റെ ആകമാന വളർച്ചയാണ്. മാർമഡ്യൂക്ക് പിക്ത്താൾ ഇസ്‌ലാമിക സംസ്കാരത്തെ കുറിച്ച് പറയുന്നത് കാണുക.

***'ഇസ്‌ലാമിന്റെ നേട്ടങ്ങളായി അവതരിപ്പിക്കുന്ന മഹായുദ്ധങ്ങളാകട്ടെ സമാധാനമാകട്ടെ അതിനെക്കാളെല്ലാം ഉപരിയായി ഇസ്‌ലാമിന്ന് ഉന്നതമായ ലക്ഷ്യവും വിശാലമായ ഒരു കാഴ്ചപാടുമുണ്ട്. സാർവ്വജനീനമായ വിശ്വസാഹോദര്യത്തിൽ കുറഞ്ഞതൊന്നും തന്നെ ഇസ്‌ലാം ലക്ഷ്യമായിക്കരുതുന്നില്ല. ശാസ്ത്ര രംഗം, കല, സാഹിത്യം, എന്നീ രംഗങ്ങളിൽ ഇസ്‌ലാം കൈവരിച്ച നേട്ടങ്ങൾ രണ്ടായി തരം തിരിക്കാം. ഇതിൽ ഒന്ന് സഹായകമായത് മറ്റൊന്ന് ആനന്ദദായകമായതും. കവിതയും വാസ്തു ശിൽപ്പവും പോലെയുള്ള ഈ രണ്ടിലും പെടുന്നവയാണ്. അതെല്ലാം തന്നെ ഒരു നേതാവിനെയാണ് തിരിച്ചറിഞ്ഞത്. ഒരു മാർഗ്ഗദർശനമാണ് സ്വീകരിച്ചത്. ഒരു ലക്ഷ്യത്തിലേക്കാണ് നീങ്ങിയത്. അതിന്റെയെല്ലാം നേതാവ് പ്രവാചകനായിരുന്നു(സ). മാർഗ്ഗദർശനം വിശുദ്ധ ഖുർആനും ലക്ഷ്യം അല്ലാഹുവുമായിരുന്നു.'8***

ഇസ്‌ലാം മാനവരാശിയുടെ പ്രകാശ പൂർണ്ണമായ ഭാവിയെപറ്റി നോക്കിക്കാണുകയും അതിന്ന് വേണ്ടി പ്രവർത്തിക്കുകയും ചെയ്യുന്നു. അതിനായി ഏതൊരു മുസൽമാനും തന്റെ ജീവിതം തൃണവൽഗണിച്ചുകൊണ്ട് അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സമർപ്പിക്കുകയാണ് വേണ്ടത്. മറ്റേതൊരു ലക്ഷ്യത്തിന്ന് വേണ്ടിയും തന്റെ ജീവിതം സമർപ്പിക്കുവാൻ ഒരു മുസ്‌ലിം ആഗ്രഹിക്കരുത്. ആ സർവ്വലോക പരിപാലകനായ ദൈവം മറ്റു യാതൊരു ശക്തിയുടെയും പങ്കാളിത്തമില്ലാതെ ഈ ലോകം പരിപാലിക്കുന്ന ദൈവം. ഇസ്‌ലാമിന്റെ ആശയം ലോകത്തിന് കളമൊരുക്കുന്നതും എല്ലാ കലാരൂപങ്ങൾക്കും പ്രചോദനമകേണ്ടതും ഈ സങ്കൽപ്പ സമർപ്പണത്തിൽ നിന്നായിരിക്കണം. ഈ ഭൗതിക ലോകത്തിന്റെ ഉപരിയായ ലക്ഷ്യങ്ങളായിരിക്കണം ഒരു മുസ്‌ലിമിന്റെ ആശയങ്ങളെ രൂപപ്പെടുത്തേണ്ടത്. അവൻ ലോകജനതയുടെ പൊതുക്ഷേമത്തിന്ന് വേണ്ടി പ്രവർത്തിക്കുന്നവനായിരിക്കണം. വാസ്തവത്തിൽ ഈ അടുത്തകാലത്ത് മാത്രമാണ് സംസ്കാരത്തെ സംബന്ധിച്ച ഈ ലക്ഷ്യങ്ങൾ പാശ്ചാത്യരെ സ്വാധീനിച്ചത്. ഇത് സംബന്ധിച്ച് മാത്യു ആർനോൾഡ് അസന്ദിഗ്ദമായ ഭാഷയിൽ പറയുന്നു:

***'സംസ്കാരം എന്നത് മിഷണറി പ്രവർത്തനത്തിനപ്പുറത്താണ്. അതിന്ന് ഒരു വികാരം മാത്ര മേയുള്ളൂ. പ്രഫുല്ലവും പ്രകാശവത്തായതുമായ ഒന്നിന്ന് വേണ്ടിയുള്ളതായിരുന്നു ആ വികാരം. അവരുടെ മഹത്തായ ഈ അഭിനിവേശമായിരുന്നു അവരെ നിലനിർത്തിയത്. നാമെല്ലാവരും സമ്പൂർത്തി കൈവരിച്ചവരായി തീരുന്നത് വരെ അവർ തൃപ്തരായിരുന്നില്ല. ചുരുക്കം പേരിൽ മാത്രം ഈ പ്രഫുല്ലതയും പ്രകാശവും എത്തുക എന്നത് പോരായ്മയായി അവർ കണ്ടു. മാനവ വംശത്തിന്ന് ആസകലം ഈ പ്രഫുല്ലതയും പ്രകാശവും സ്പർശിക്കാതെ ഒരു വിഭാഗം അസംസ്കൃതവും അപ്രകാശിതരുമായി കഴിയുന്നേടത്തോളം സംസ്ക്കാരം അപൂർണ്ണമായിരിക്കും എന്ന് അവർ കണ്ടു.'8***

ഇസ്‌ലാം മതം ഊന്നൽ നൽകിയത് പോലെ മറ്റൊരു മതവും മനുഷ്യ സാഹോദര്യത്തിന്ന് ഊന്നൽ നൽകിയിട്ടില്ല. മാനവ സാഹോദര്യത്തിന്റെ മഹത്തായ ഈ സന്ദേശം നൽകിയത് ഇസ്‌ലാം മാത്രമാണ്. ഹിന്ദു മതത്തെ ഈ വിശ്വസാഹോദര്യ സങ്കൽപ്പത്തിൽ നിന്നും തടഞ്ഞ് നിർത്തുന്നത് അവരിലെ ജാതി ശ്രേണീ സങ്കൽപ്പമാണ്. ***'കാണാതെ പോയ ആട്ടിൻ ഗോത്രങ്ങൾക്കിടയിലേക്കല്ലാതെ എന്നെ അയക്കപ്പെട്ടിട്ടില്ല.'9*** എന്ന ക്രിസ്തു വചനവും ഈ സാർവ്വജനീന സങ്കൽപ്പത്തെ പരിമിതപ്പെടുത്തുന്നു. ഇസ്‌ലാം മാത്രമാണ് ഈ വിശ്വസാഹോദര്യ സങ്കൽപ്പം

**ശേഷം പേജ് 42 ൽ**

# ഭൂമിയിൽ മനുഷ്യന്റെ ഭാവി

മനുഷ്യൻ ഭാവിയിൽ ഭൂമിയിൽ തന്നെ കൂടുതൽ സംവേദശക്തിയും ധൈഷണികശേഷിയുമുള്ള പുതിയതരം ശരീരഘടനയുള്ള ജീവിയായി രൂപാന്തരപ്പെടുമെന്നതിന്ന് വിശുദ്ധ ഖുർആനിൽ സൂചന കളുണ്ട്. ഭാവിയിൽ മനുഷ്യന്ന് മേൽ സംഭവിക്കുന്ന അസാധാരണവും അതിശയകരവുമായ ഈ പരാമർശം വിശുദ്ധ ഖുർആനിൽ മാത്രമേ കാണുന്നുള്ളൂ. ശാസ്ത്രലോകംപോലും ആവിഷയം ചർച്ചക്കെടുത്തിട്ടില്ല.

ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

മനുഷ്യൻ, പരിണാമ വികാസത്തിന്റെ അന്തിമഘട്ടത്തെയാണോ പ്രതിനിധാനം ചെയ്യുന്നത്? ഹോമോസാപിയൻസി (മനുഷ്യൻ) ൽ നിന്ന് പുതിയ ജീവികൾ ഉരുത്തിരിഞ്ഞു വരാനുള്ള സാധ്യതയുണ്ടോ? മനുഷ്യന്റെ നിലവിലുള്ള സംവേദനേന്ദ്രിയങ്ങളുടെ ഗ്രാഹ്യശക്തി മെച്ചപ്പെടുത്തിക്കൊണ്ട് പുതിയ മാനങ്ങൾ (Dimensions) ഗ്രഹിച്ച് ഉന്നതനായ ഒരു ധൈഷണിക ജീവിയായി വികസിക്കുകയോ അല്ലെങ്കിൽ പുതിയ സംവേദനേന്ദ്രിയങ്ങൾ കൂട്ടിചേർത്തോ പുതിയ ജീവി വർഗ്ഗം മനുഷ്യനിൽ നിന്ന് (ഹോമോസാപിയൻസ്) ആവിർഭവിക്കാൻ സാധ്യതയുണ്ടോ? മാത്രമല്ല അങ്ങനെ ആവിർഭവിക്കുന്ന ജീവി വർഗ്ഗത്തിന് തികച്ചും വ്യത്യസ്തമായ രൂപവും ആകൃതിയുമുണ്ടാവുമോ? അതിന് തികച്ചും വ്യത്യസ്തമായ ഘടനാ രൂപമായിരിക്കുമോ ഉണ്ടാവുക? എന്റെ അറിവിൽപ്പെട്ടിടത്തോളം ഇസ്ലാം മതമല്ലാതെ മറ്റൊരു മതവും ഇത്തരം കാര്യങ്ങൾ ചർച്ചക്ക് വിഷയമാക്കിയിട്ടില്ല.

പഴയകാലത്തെ തത്ത്വജ്ഞാനികളേയും, പണ്ഡിതൻമാരേയും സംബന്ധിച്ചിടത്തോളം ഇതെല്ലാം അവരുടെ ധൈഷണിക മണ്ഡലത്തിന് പുറത്തുള്ള വിഷയങ്ങളാണ്. ആധുനിക ശാസ്ത്രം പോലും ഈ വിഷയം വളരെ അവ്യക്തമായിട്ടാണ് ചർച്ച ചെയ്യുന്നത്. ഈ സാധ്യതകൾ പരിശോധിക്കാൻ ഗൗരവതരമായ ഒരു രീതിശാസ്ത്രവും പണ്ഡിതോചിതമായി വികസിച്ചിട്ടില്ല.

വിശുദ്ധ ഖുർആന്റെ അത്ഭുതകരമായ വൈശിഷ്ട്യമെന്താണെന്ന് വെച്ചാൽ ഖുർആൻ അത്തരത്തിലുള്ള ചോദ്യങ്ങൾ ഉയർത്തുകയും അതിന് പരിഹാരം നിർദ്ദേശിക്കുകയും ചെയ്യുന്നു എന്നതാണ്. മരണാനന്തര ജീവിതത്തെക്കുറിച്ചുള്ളവിഷയങ്ങൾ വ്യത്യസ്തമായ ഒന്നാണ്. അത് എല്ലാ പ്രധാന മതങ്ങളും പരമ്പരാഗതമായ രീതിയിൽ ചർച്ച ചെയ്തിട്ടുണ്ട്. എന്നാൽ, മറ്റു മതങ്ങളൊന്നും തന്നെ സാങ്കൽപികമായിട്ടു പോലും അന്ത്യദിനത്തിനു മുമ്പേയോ അതിന് ശേഷമോ ഭൂമിയിൽ ആവിർഭവിക്കുന്ന മറ്റ് ജീവിരൂപങ്ങളെപറ്റി പ്രതിപാദിച്ചിട്ടില്ല.

അതുപറയുമ്പോൾ വായനക്കാരൻ ഓർത്തിരിക്കണമെന്ന് നാം അഭ്യർത്ഥിക്കുന്ന കാര്യം, മറ്റു മതഗ്രന്ഥങ്ങളിലും അന്ത്യദിനത്തെ പറ്റിയുള്ള പ്രതിപാദനങ്ങൾ കാണാം എന്നതാണ്. എന്നാൽ, ഖുർആൻ അന്ത്യദിനത്തെപ്പറ്റി ഉപയോഗിച്ച സാങ്കേതിക പദം കൂടുതൽ വിശാലവും വ്യത്യസ്തവുമാണ്. ഖുർആനിൽ നിരവധി പ്രവചനങ്ങളുണ്ട്. അവയിൽ ചിലത് ഭാവിയിൽ സംഭവിക്കുന്ന വളരെ നിർണ്ണായകമായ വിപ്ലവങ്ങളും പരിവർത്തനങ്ങളുമാണ്. ഇവക്കെല്ലാം തന്നെ '*അൽഖിയാമ*' എന്ന സംജ്ഞ തന്നെയാണ് ഉപയോഗിച്ചിട്ടുള്ളത്. അല്ലെങ്കിൽ അതിന്റെ പര്യായമായ '*അസ്സാഅഃ*' എന്ന പദവും ഉപയോഗിച്ചിട്ടുണ്ട്. ഈ രണ്ട് സംജ്ഞകളുടേയും അർത്ഥം ഏകദേശം ഒന്നു തന്നെ. അന്ത്യനാളി (ഖിയാമം-Doomsday) ന്റെ പ്രകടനങ്ങൾ എന്ന നിലയിലാണ് ഈ രണ്ട് പദങ്ങളും പൊതുവെ മനസ്സിലാക്കപ്പെടുന്നത്. മനുഷ്യസമുദായത്തിന്റെ മൊത്തം അവസാനം എന്ന നിലക്കാണ് അന്ത്യദിനത്തെപറ്റിയുള്ള പ്രതിപാദനങ്ങളിൽ കാണുന്നത്. മറ്റു മതങ്ങളും സൂചിപ്പിക്കുന്നത്.

ഈ മതങ്ങളുടെ അനുയായികൾ പൊതുവെ അന്ത്യദിനത്തെ വ്യാഖ്യാനിക്കുന്നത് പ്രപഞ്ചത്തിന്റെ തന്നെ അന്ത്യം എന്നാണ്. വിശുദ്ധ ഖുർആൻ ഈ പദം ഉപയോഗിച്ചിടത്തെല്ലാം ഈ അർത്ഥമല്ല വിവക്ഷിച്ചിട്ടുള്ളത്. ഖുർആനെ സംബന്ധിച്ചിടത്തോളം വിശാലമായ ഈ പ്രപഞ്ചത്തിലെ വളരെ നിസ്സാരമായ ഒരു ഭാഗം മാത്രമാണ് ഭൂമി. ഭൂഗോളമാസകലം ബാധിക്കുന്ന ഒരു ഭീമൻ പരിവർത്തനം വമ്പിച്ച നാശം വരുത്തി വെച്ചേക്കാം. ഭൂമുഖത്ത് നിന്ന് സകല ജീവജാലങ്ങളേയും അത് തുടച്ചു നീക്കുന്നു. എങ്കിലും അത് ഭൂഗോളത്തിന്റെ പൂർണ്ണനാശമാണെന്നോ മുഴുവൻ പ്രപഞ്ചത്തിന്റേയും നാശമാണെന്നോ പറയാൻ സാധ്യമല്ല. കൂടുതൽ മുന്നോട്ടു പോകുന്നതിന് മുമ്പേ മനുഷ്യന്റെ ഭാവിയുമായി ബന്ധപ്പെട്ട് ഖുർആനിക വീക്ഷണ പ്രകാരമുള്ള ഒരു രൂപരേഖ സമർപ്പിക്കാനാഗ്രഹിക്കുന്നു. ഭൂമിയിലോ അല്ലെങ്കിൽ മറ്റേതെങ്കിലും ഭൗതിക ലോകങ്ങളിലോ മനുഷ്യന്റെ ഭാവിയുമായി ബന്ധപ്പെട്ട് ഈ അദ്ധ്യായത്തിൽ ചർച്ച ചെയ്യുന്ന കാര്യങ്ങളുടേതാണ് ആ രൂപരേഖ. ഖിയാമത്തിന് ശേഷം ഈ ലോകത്ത് തന്നെ ഭാവിയിൽ സംഭവിക്കാനിരിക്കുന്ന പല കാര്യങ്ങളെ സംബന്ധിച്ചും വിവരിക്കുന്ന വചനങ്ങൾ ഖുർആനിലുണ്ട്. ഇത്തരം ഖുർആനിക വചനങ്ങൾ മരണാനന്തരം മനുഷ്യന് പുതിയ ഒരു ജീവിതം നൽകി പരലോകത്ത് ഉയിർത്തെഴുന്നേൽക്കുന്നതിനെ സ്സംബന്ധിച്ചുള്ളതല്ല. അതിൽ നിന്ന് ഭിന്നമായി മനുഷ്യന്റെ രൂപമാറ്റത്തെ സംബന്ധിച്ചുള്ളതാണ്. ഖിയാമം നാളിനു ശേഷമുള്ള ഭാവി കാലത്തെകുറിച്ച് (ഭൂമിയിൽ തന്നെയുള്ള ഭാവികാലം) പറയുന്ന വചനങ്ങൾ ഖുർആനിലുണ്ട്. അത് വ്യക്തമായും മനുഷ്യനേക്കാൾ ഉന്നതനായ ഒരു ജീവിവർഗ്ഗം ആവിർഭവിക്കുന്ന പരിണാമത്തിന്റെ തുടർച്ചയെ കുറിച്ചാണ് പറയുന്നത്. അവസാനം പറഞ്ഞ ഈ പരിണാമ സങ്കൽപം ആദ്യം പറഞ്ഞ മരണാന്തര ജീവിതത്തിലുണ്ടാവുന്ന ഉയിർത്തെഴുന്നേൽപ്പിനെ പ്പറ്റിയല്ല. രണ്ട് സങ്കൽപങ്ങളും കൂടികുഴഞ്ഞു പോകുകയോ ബന്ധപ്പെടുത്തി ആശയക്കുഴപ്പമുണ്ടാവുകയോ ചെയ്യരുത്.

മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള പഠനത്തിൽ നിന്ന് നമുക്ക് ആരംഭിക്കാം. ഭൂമിയിൽ തന്നെ തികച്ചും വിഭിന്നമായ ഒരു ധൈഷണിക ജീവിതം നയിക്കുന്ന ഒരു പുതിയജീവിരൂപത്തിന്റെ സാധ്യതകളെ പറ്റിയുള്ള ചർച്ചകളിൽ നിന്നും വ്യത്യസ്തമാണ് മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള ചർച്ച. മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള വചനങ്ങൾ പരലോക ജീവിതം എന്ന ആശയത്തെക്കുറിച്ച് സംശയം ഉന്നയിക്കുന്നവരെ അഭിസംബോധനം ചെയ്തുകൊണ്ടുള്ളതാണ്. ഖുർആൻ അവരെ ഓർമ്മിപ്പിക്കുന്നത് മരണാനന്തരമുള്ള പരലോക ജീവിതത്തെക്കുറിച്ച് സംശയാലുക്കളാവുന്ന അവർ അതിനേക്കാളുപരിയായി അവരുടെ ഭൂമിയിലുള്ള അസ്തിത്വത്തെക്കുറിച്ച് തന്നെ സംശയാലുക്കളാവേണ്ടിയിരിക്കുന്നു എന്നാണ്. അത്തരം സംശയാലുക്കൾക്ക് നിശ്ചയമായും അറിയാവുന്ന ഒരു കാര്യം അവർ ശൂന്യമായ ഒരവസ്ഥയിൽ നിന്ന് അസ്തിത്വത്തിലേക്ക് വന്നവരാണെന്നതാണ്. അവർ അസ്തിത്വത്തിലേക്ക് വരുന്നതിനു മുമ്പേ ഒന്നുമില്ലായ്മ ആയിരുന്നു. ഒന്നുമില്ലായ്മയിൽ നിന്ന് അവരെ സൃഷ്ടിച്ചിരിക്കെ ഇവിടെ എന്തെങ്കിലും ഉള്ള അവസ്ഥയിൽ, അതിൽ നിന്ന് വീണ്ടും സൃഷ്ടിക്കപ്പെടുമെന്ന കാര്യത്തിൽ എന്തിനാണവർ സംശയിക്കുന്നത്. അവരുടെ അസ്തിത്വം ഇവിടെ ഇപ്പോൾ ഉണ്ടായിരിക്കെ അതിൽ നിന്ന് പുനർജനിക്കും എന്ന പ്രമേയം ഒന്നുമില്ലായ്മയിൽ നിന്ന് സൃഷ്ടിക്കുക എന്ന പ്രമേയത്തേക്കാൾ എത്രയോ യുക്തിപരമാണ്. മരണാന്തര ജീവിതത്തെക്കുറിച്ച് സംശയിക്കുന്നവരെ അഭിസംബോധന ചെയ്തുകൊണ്ട് ഖുർആൻ പറയുന്ന നിരവധി വചനങ്ങളിലെ പ്രതിപാദ്യമാണിത്. അതിന് പുറമെ ഈ വചനങ്ങൾ കൂടുതൽ ഗവേഷണത്തിനായുള്ള വാതിലുകൾ തുറന്നു തരികയും ചെയ്യുന്നുണ്ട്. ഈ വാദമുഖം സ്വയം തന്നെ മരണാനന്തര ജീവിതത്തിന്റെ യാഥാ ർത്ഥ്യം തെളിയിക്കുന്നതായി അർത്ഥമാക്കുന്നില്ല. സന്ദേഹവാദം നീതികരിക്കപ്പെടുന്നത് ശരിയല്ല എന്ന തെളിവ് നൽകുക മാത്രമാണ് അതുകൊണ്ട് അർത്ഥമാക്കുന്നത്. മറ്റൊരു കാര്യം കൂടി മനുഷ്യനെ ഖുർആൻ ഓർമ്മിപ്പിക്കുന്നതെന്താണെന്നാൽ മനുഷ്യൻ ആർജ്ജിക്കുന്ന ബോധത്തിന്റെ ഉന്നത തലം അവനെസംബന്ധിച്ചിടത്തോളം അന്ധകാരത്തേക്കാൾ പ്രകാശത്തിന്റെ സ്രോതസ്സ് ആയിരിക്കുമെന്നാണ്. പരിസരത്തെപ്പറ്റിയും അതിനപ്പുറത്തുള്ളതിനെക്കുറിച്ചുമുള്ള അവന്റെ അറിവ് സ്രഷ്ടാവിനെക്കുറിച്ച് അവനിൽ അവബോധം സൃഷ്ടിക്കുകയും ആർക്കു നേരെയാണോ അവന്റെ ശിരസ് ഔതദ്ധ്യത്തോടെ ഉയർന്നത് അത് പരാജയപ്പെടുകയും ചെയ്യും. മനുഷ്യൻ ദൈവത്തിൽ വിശ്വസിച്ചാലും അവന്റെ അത്ഭുതത്തോടു കൂടിയ അമ്പരപ്പിൽ നിന്ന് മരണാനന്തര ജീവിതത്തെപ്പറ്റിയുള്ള നിഷേധം ഉയർന്നു വരും. അത് സത്യത്തേക്കാൾ അത്ഭുതകരമായ ഒന്നാണ്. വാസ്തവത്തിൽ അവന്റെ ആദ്യത്തെ സൃഷ്ടി തന്നെ രണ്ടാമത്തെ സൃഷ്ടിയേക്കാൾ കൂടുതൽ അത്ഭുതകരവും അവിശ്വസനീയവുമാണ്.

ഈ നിഗമനങ്ങളിൽ നിന്ന് എത്തിച്ചേരാവുന്ന വാദങ്ങളിലേക്ക് നമുക്ക് തിരിയാം. ഖുർആന്റെ ആദ്യത്തെ പ്രഖ്യാപനമെന്തെന്നാൽ ഭൂമിയിലെ ഒരു മനുഷ്യനും മരണാനന്തര ജീവിതത്തിന് നേരിട്ട് സാക്ഷികളാവാൻ സാധ്യമല്ല എന്നതാണ്. മനുഷ്യന്റെ ഭൂമിയിലെ ജീവിതത്തിൽ നിന്നുകൊണ്ട് മരണാനന്തര ജീവിതത്തെ നോക്കികാണുമ്പോൾ അത് ശുദ്ധശൂന്യതയല്ലാതെ മറ്റൊരു കാഴ്ചയും നൽകുന്നില്ല. മനുഷ്യന്റെ വിവേകജ്ഞാനത്തെപ്പറ്റി ഓർക്കുക. അവൻ സ്വയം തന്നെ

ശൂന്യതയിൽ നിന്നാണ് ജനിച്ചതെന്ന് വിശ്വസിക്കുന്നു. അതിനെതിരെ അവിശ്വാസത്തിന്റെ ഒരു പുരികക്കൊടി പോലും അവൻ ഉയർത്തുന്നില്ല. എന്നാൽ, അവൻ മരണത്തിന് ശേഷം വീണ്ടും ഉയർത്തപ്പെടുമെന്ന് പറയപ്പെടുമ്പോൾ ഈ അഭിപ്രായത്തെ സ്വീകരിക്കാൻ അവൻ കൂട്ടാക്കുന്നില്ല. അത് ശുദ്ധ അസംബന്ധവും വിവരക്കേടുമാണെന്ന് പറഞ്ഞ് തള്ളുകയും ചെയ്യുന്നു. ഇതിലെ താരതമ്യം അതീവ ശക്തങ്ങളാണ്. ഈ വാദമുഖത്തിലെ ശക്തി മനസ്സിലാക്കാൻ ഒരു മഹാനായ തത്ത്വജ്ഞാനിയുടെ ആവശ്യമൊന്നുമില്ല.മരണാനന്തര ജീവിതത്തെക്കുറിച്ച് മനുഷ്യന്റെ നിഷേധത്തിനെതിരെ സാക്ഷ്യം വഹിക്കാൻ അവനേക്കാൾ ഉത്തമനായൊരു സാക്ഷി വേറെയില്ല. വിശുദ്ധ ഖുർആൻ ഈ വിഷയം കൈകാര്യം ചെയ്യുമ്പോൾ വളരെ സൂക്ഷ്മമായും ഹ്രസ്വമായും അവിശ്വാസികളുടെ വീക്ഷണം വ്യക്തമായ രീതിയിൽ അവതരിപ്പിക്കുന്നു. അതിന് ശേഷം അവരുടെ വീക്ഷണത്തെ നിഷേധിക്കുകയും ചെയ്യുന്നു. താഴെകൊടുത്തിരിക്കുന്നത് അത്തരത്തിലുള്ള പ്രസക്തമായ ചില വചനങ്ങളാണ്.

***"അവർ പറയുന്നു: ഇത് നമ്മുടെ ഐഹിക ജീവിതം മാത്രമാണ്. നാം (ഇവിടെ) മരിക്കുകയും ജീവിക്കുകയും ചെയ്യുന്നു. കാലം മാത്രമാണ് നമ്മെ നശിപ്പിക്കുന്നത്. വാസ്തവത്തിൽ അവർക്കതിനെക്കുറിച്ച് ഒരറിവുമില്ല. അവർ ഊഹിക്കുക മാത്രമാണ് ചെയ്യുന്നത്."*** (45:25)

***"നിങ്ങൾ മരിച്ച് മണ്ണും അസ്ഥികളുമായി തീർന്നാൽ (പിന്നേയും നിങ്ങളെ ജീവിപ്പിച്ച്) പുറത്തേക്ക് കൊണ്ടു വരുമെന്നാണോ അവൻ നിങ്ങൾക്ക് വാഗ്ദാനം നൽകുന്നത്. വിദൂരം, നിങ്ങളോട് വാഗ്ദത്തം ചെയ്യപ്പെടുന്നത് (സത്യത്തിൽ നിന്ന്) വളരെ വിദൂരം. ജീവിതമെന്നത് നമ്മുടെ ഇപ്പോഴത്തെ ജീവിതമല്ലാതെ മറ്റൊന്നു മില്ല. നമുക്ക് ജീവനുണ്ടായിരുന്നില്ല (ഇപ്പോൾ) നമുക്ക് ജീവനുണ്ട്, പക്ഷേ നാം പുനരുത്ഥാനം ചെയ്യപ്പെടുന്നവരല്ല തന്നെ." (23: 36-38)***

***" മനുഷ്യർ പറയുന്നു. ഞാൻ മരിച്ചു കഴിഞ്ഞാൽ പിന്നെ എന്നെ ജീവനോടെ പുറത്തു കൊണ്ടു വരുമെന്നോ." (19: 67)***

***"മരണമടയുന്നവരെ അല്ലാഹു പുനരുത്ഥാനം ചെയ്യുകയില്ലെന്ന് അവർ അല്ലാഹുവിനെ മുൻനിറുത്തി ദൃഢപ്രതിജ്ഞ ചെയ്യുന്നു. അങ്ങനെയല്ല, അവന് (നിറവേറ്റാൻ ബാധ്യതയുള്ള സത്യമായ) വാഗ്ദാനമാണത്. പക്ഷേ മനുഷ്യരിൽ അധികമാളുകളും അറിയുന്നില്ല. (അല്ലാഹു അവരെ പുനരുത്ഥാനം ചെയ്യിക്കുന്നു.) അവർ ഏത് കാര്യത്തിൽ ഭിന്നിച്ചുകൊണ്ടിരിക്കുന്നുവോ അതിന്റെ യാഥാർത്ഥ്യം അവർക്ക് വ്യക്തമാക്കി ക്കൊടുക്കാനും അവിശ്വാസികൾ തങ്ങൾ കളവ് പറയുന്നവരായിരുന്നുവെന്ന് അറിയുന്നതിനും വേണ്ടി."(16:39 ,40)***

***"നമുക്ക് അവൻ ഒരു ഉപമ എടുത്തു കാണിക്കുകയും അവന്റെ സൃഷ്ടിപ്പിനെ അവൻ മറക്കുകയും ചെയ്തിരിക്കുന്നു. അസ്ഥികൾ ദ്രവിച്ചിരിക്കെ ആരാണ വയെ ജീവിപ്പിക്കുക എന്നവൻ ചോദിക്കുന്നു."(36:76)***

***"അപ്പോൾ ആദ്യത്തെ സൃഷ്ടിപ്പു കൊണ്ട് (തന്നെ) നാം ക്ഷീണിച്ചു പോയോ? ഇല്ല. പക്ഷേ, അവർ പുതിയ സൃഷ്ടി യെ സംബന്ധിച്ച് ആശയക്കുഴപ്പത്തിലാണ്. "(50: 16)***

***" ഞങ്ങൾ മരിച്ചു മണ്ണും അസ്ഥികളുമായിക്കഴിഞ്ഞാൽ ഞങ്ങൾ പുനരുത്ഥാനം ചെയ്യപ്പെടുന്നവരാണോ എന്നവർ ചോദിക്കാറുണ്ടായിരുന്നു. ഞങ്ങളുടെ പൂർവ്വപിതാക്കളും എഴുന്നേൽപ്പിക്കപ്പെടുമോ എന്നും?" (56:48)***

***"നിങ്ങൾക്കിടയിൽ മരണം വിധിച്ചത് നാമാണ്. നാം അതിൽ പരാജയപ്പെടുന്നവനല്ല താനും. നിങ്ങളുടെ രൂപങ്ങളിൽ ആകെ നാം മാറ്റം വരുത്തുന്നതിനും നിങ്ങൾ അറിയാത്ത അവസ്ഥയിലേക്ക് നിങ്ങളെ പരിണമിപ്പിക്കുന്നതിനും. ആദ്യത്തെ സൃഷ്ടിപ്പിൽ നിങ്ങൾ എങ്ങനെയാണ് ഉയിർത്തെഴുന്നേറ്റത് എന്നതിനെക്കുറിച്ച് തീർച്ചയായും നിങ്ങൾ അറിഞ്ഞു കഴിഞ്ഞിട്ടുണ്ട്. എന്നിരിക്കെ എന്തുകൊണ്ട് നിങ്ങൾ ചിന്തിക്കുന്നില്ല. " (56:61,62,63)***

ഇങ്ങനെ പരലോകത്തെ സംബന്ധിച്ച് മനസ്സിലാക്കാൻ ഖുർആൻ മനുഷ്യന് എളുപ്പമാർഗ്ഗം കാണിക്കുന്നു. എന്നാൽ വാദം അത് മാത്രമല്ല.

***"നിങ്ങളെല്ലാവരേയും സൃഷ്ടിക്കുന്നതും പുനരുത്ഥാനം ചെയ്യിക്കുന്നതും ഒരൊറ്റയാളെ (സൃഷ്ടിക്കുന്നതും പുനരുത്ഥാനം ചെയ്യിക്കുന്നതും) പോലെ മാത്രമാണ്. നിശ്ചയമായും അല്ലാഹു വളരെ കേൾക്കുന്നവനും എല്ലാം കാണുന്നവനുമാണ്." (31:29)***

പുനരുത്ഥാന പ്രതിഭാസം ഓരോ വ്യക്തിയുടേയും ജനനപ്രതിഭാസവുമായി ബന്ധപ്പെട്ടതാണ്. ബീജവും അണ്ഡവും തമ്മിൽ സങ്കലിതമായ ഭ്രൂണാവസ്ഥയിൽ അതിന്റെ അവസാന ഘട്ടത്തിലെ ഉൽപന്നത്തെപറ്റി ഒരാൾക്ക് സങ്കൽപിക്കാൻ സാധ്യമല്ല. അതായത് ആ സങ്കലിത ബീജം പൂർണ്ണ വളർച്ചയെത്തിയ ശിശുവായിത്തീരുമെന്ന് വിശ്വസിക്കാൻ സാധ്യമല്ല. ബീജസങ്കലനം ചെയ്യപ്പെട്ട അതിനിസ്സാരമായ ആ ഭ്രൂണത്തിൽ നിന്ന് ഒൻപത് മാസങ്ങൾക്ക് ശേഷം പ്രസവിക്കുമ്പോൾ കൈയ്യും കാലുമിട്ടടിക്കുന്ന ഒരു മനുഷ്യ ശിശുവിലേക്കുള്ള മഹാപരിവർത്തനം ആർക്കും വിശ്വസിക്കാൻ സാധ്യമല്ല. ഇത്തരം ഒരു പരിവർത്തനത്തിന് സാക്ഷ്യം വഹിച്ചിട്ടില്ലാത്ത ഒരു നിരീക്ഷകന് ആദ്യഘട്ടത്തിലെ സങ്കലിത ഭ്രൂണത്തെ മാത്രം കണ്ടുകൊണ്ട് എന്താണ് സംഭവിക്കുക എന്ന് സങ്കൽപിക്കാൻ

സാധ്യമല്ല. മരണാനന്തര ജീവിതവും ഇത്തരത്തിലുള്ള അത്ഭുതകരമായ ഒരു പ്രക്രിയയാണ്. ഒന്നുമില്ലായ്മയോളം എത്തിനിൽക്കുന്ന ഒരസ്തിത്വത്തിൽ നിന്ന് ജീവന്റെ ഉന്നത രൂപത്തിൽ വികസിതമായ ഒരു സംഘടിത അവസ്ഥയിലേക്ക് രൂപാന്തരപ്പെടുക എന്നത് അത്ഭുതകരമായ ഒരു കാര്യം തന്നെയാണ്.

കേവലം ഒരു ജൈവ യൂണിറ്റ് എന്ന നിലയിലുള്ള മനുഷ്യന്റെ ഉത്ഭവവും അവന് ആയിത്തീരേണ്ട അസ്തിത്വവും തമ്മിലുള്ള വ്യത്യാസം വിസ്മയകരമായ ഒന്നാണ്. മനുഷ്യന്റെ പ്രാഥമിക ജൈവരൂപങ്ങൾക്ക് ഉചിതമായ സംവേദനേന്ദ്രിയങ്ങൾ നൽകിയാൽ പോലും, മനുഷ്യനിൽ അവസാനിക്കുന്ന പരിണാമത്തിന്റെ ഭാവി കാണുവാൻ സാധ്യമാവില്ല. മനുഷ്യന്റെ ആ പ്രാഥമിക ഘട്ടത്തിൽ അവൻ ആരായിരുന്നു എന്നതിനെ പറ്റി അവനുണ്ടായിരുന്ന ബോധം വളരെ നിസ്സാരമായിരുന്നു. മനുഷ്യനുമായി ബന്ധപ്പെടുത്തി പറയുമ്പോൾ അത് ബോധമാണോ എന്ന് പറയാൻ പോലും കഴിയാത്തവിധം വളരെ നിസ്സാരമായിരുന്നു. ഇത് തുടക്കം മുതൽ ഒടുക്കം വരെ മുഴുവൻ പരിണാമഘട്ടങ്ങളെയും ഉൾക്കൊള്ളുന്ന ഹ്രസ്വവും അതേ സമയം വളരെ ദീർഘവീക്ഷണവുമുള്ള അത്യഗാധമായ ഒരു പ്രസ്താവനയാണ്. ഇത് തരുന്ന സന്ദേശമെന്തെന്നാൽ നിങ്ങളുടെ ഇപ്പോഴത്തെ അസ്തിത്വത്തിന്റെ അവസ്ഥയും മരണശേഷം ഉയിർത്തെഴുന്നേൽക്കുമ്പോഴുള്ള അവസ്ഥയും തമ്മിലുള്ള വ്യത്യാസം ഭൂമിയിൽ ജീവന്റെ പ്രാരംഭാവസ്ഥയും നിങ്ങളുടെ ഇപ്പോഴത്തെ അവസ്ഥയും തമ്മിലുള്ള വ്യത്യാസത്തിന്റെയത്രത്തോളമുണ്ടെന്നാണ്. ഈ മാറ്റം വമ്പിച്ചതാണ്. മരണത്തിന് ശേഷം നിങ്ങൾ ഏത് അവസ്ഥയിലായിരിക്കുമെന്ന് നിങ്ങൾക്ക് സങ്കൽപിക്കാൻ കൂടി സാധ്യമല്ല.

എങ്കിലും നിങ്ങളുടെ രണ്ടാമത്തെ സൃഷ്ടിയേക്കാൾ അവിശ്വസനീയമാണ് നിങ്ങളുടെ ഒന്നാമത്തെ സൃഷ്ടി. ഈയൊരു അനിവാര്യമായ നിഗമനത്തിൽ നിന്ന് രക്ഷപ്പെടുവാൻ നിങ്ങൾക്കൊരിക്കലും സാധ്യമല്ല. ഉയിർത്തെഴുന്നേറ്റ ആത്മാവ് ഒരുപക്ഷേ ദശലക്ഷക്കണക്കിന് വർഷമെടുത്തെങ്കിൽ മാത്രമേ അതിന്റെ ആത്മീയ പരിണാമത്തിന്റെ അന്തിമഘട്ടം പ്രാപിക്കുകയുള്ളൂ. നാം ഇങ്ങനെയൊരു നിഗമനത്തിലെത്താൻ കാരണം, ഒന്നുമില്ലായ്മയിൽ നിന്ന് മനുഷ്യൻ തന്റെ ഒന്നാമത്തെ ഘട്ടം പ്രാപിച്ചത് പോലെയാണ് ഉയിർത്തെഴുന്നേൽപ്പും എന്നത് കൊണ്ടാണ്. ഈ പ്രാഥമിക ഘട്ടത്തിൽ നിന്ന് മനുഷ്യനായി രൂപാന്തരപ്പെടാൻ ഏകദേശം നൂറുകോടി വർഷമെടുത്തു എന്ന് ഇപ്പോൾ നമുക്കറിയാം അതുകൊണ്ട് അവന്റെ പ്രാഥമിക സൃഷ്ടി ഘട്ടത്തിന്റെ ദൈർഘ്യം ഇത്രയാണെങ്കിൽ അതിനോട് സാമ്യമുള്ളതായിരിക്കും അവന്റെ ഉയിർത്തെഴുന്നേൽപ്പിന്റെ രണ്ടാമത്തെ ഘട്ടവും.

ഈ വസ്തുത കൂടുതലായി വിശദീകരിക്കാൻ ഖുർആൻ അതുല്യമായ ഒരു നിഗമനാത്മക യുക്തി ഉന്നയിക്കുന്നു. നാം ആ വിഷയങ്ങൾ മുഴുവനും ഖുർആനിക വചനങ്ങൾ ഉദ്ധരിച്ചു കൊണ്ട് ഇവിടെ പ്രതിപാദിക്കാനാഗ്രഹിക്കുന്നില്ല. കാരണം അവയിൽ പലതും മറ്റു അദ്ധ്യായങ്ങളിൽ പ്രതിപാദിക്കപ്പെട്ടു കഴിഞ്ഞതാണ്. ഇവിടെ നാം തുനിയുന്നത് ഈ വാദത്തിന്റെ ശൈലി വ്യക്തമാക്കാൻ വേണ്ടിയാണ്. ഈ ലോകത്ത് ഭാവിയിൽ സംഭവിക്കുന്ന കാര്യങ്ങൾ പറഞ്ഞാൽ ഒരു കാല ഘട്ടത്തിൽ മനുഷ്യന് അത് സങ്കൽപിക്കാൻ കൂടി കഴിയുമായിരുന്നില്ല. ഖുർആൻ ഒരേ സമയം ഈ ലോകജീവിതത്തെ പറ്റിയും മരണാനന്തര ജീവിതത്തെപറ്റിയും സംസാരിക്കുമ്പോൾ രണ്ടു ജീവിതങ്ങൾക്കും ബാധകമായ സമാന്തര അർത്ഥങ്ങളായിരിക്കും ചിലപ്പോഴുണ്ടാവുക. ഈ വചനങ്ങളിൽ ഉള്ളടങ്ങിയിരിക്കുന്ന പ്രവചനങ്ങൾ ഈ ലോകത്തും അപ്രകാരം പരലോകത്തും ബാധകമാണ്. ഈ വചനങ്ങളിൽ പറയപ്പെട്ട ഇഹലോകത്ത് സംഭവിക്കുന്ന കാര്യങ്ങൾ വ്യക്തവും അനിഷേധ്യവുമായ രീതിയിൽ പുലരുമ്പോൾ പരലോകത്ത് സംഭവിക്കുമെന്ന് ഇതേ വചനങ്ങളിൽ പറയപ്പെട്ട കാര്യങ്ങൾ പുലരാൻ സമയത്തിന്റെ പ്രശ്നമേ ബാക്കിയുള്ളൂ. ഈ ലോകത്ത് പുലർന്ന സംഭവങ്ങളെ പറ്റി പ്രവചനം നടത്തിയ അതിമാനുഷശക്തി പറഞ്ഞത് ശരിയാണെന്ന് തെളിഞ്ഞിരിക്കെ മരണാനന്തരം പരലോകത്തെ സംബന്ധിച്ചു പറഞ്ഞ കാര്യങ്ങളെ പറ്റി വിശ്വസിക്കാനും നാം ബാധ്യസ്ഥരാണ്. മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള വാദമുഖങ്ങൾ ഇങ്ങനെയല്ലാതെ അവതരിപ്പിക്കുക സാധ്യമല്ല. മരണത്തിനു മുമ്പേ അത് മറ്റൊരു ഉപാധിയിലൂടെയും സ്ഥാപിക്കാനും സാധ്യമല്ല.

മരണാനന്തരം രൂപാന്തരപ്പെടുന്ന അസ്തിത്വത്തിന്റെ സാധ്യതകളെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ ഖുർആൻവചനങ്ങൾ ഇവിടെ ഭൂമിയിൽ തന്നെ ആവിർഭവിക്കുന്ന പുതിയ ജീവി രൂപങ്ങളുടെ ആകൃതിയെപ്പറ്റി വ്യക്തമായ ഒരു ചിത്രം നൽകുന്നുണ്ട്. അതായത് മനുഷ്യന്റെ തന്നെ രൂപം മാറ്റിക്കൊണ്ട് മനുഷ്യന്റെ സ്ഥാനത്ത് പകരമുണ്ടാവുന്ന, അവനിൽ നിന്ന് വ്യത്യസ്തനായ പുതിയ ജീവി രൂപത്തെ പറ്റിയാണ് ഖുർആൻ വ്യക്തമായും പറയുന്നത്.

***അല്ലാഹു ആകാശങ്ങളേയും ഭൂമിയേയും യാഥാർത്ഥ്യത്തിന് (ഹഖ്) നിരക്കുന്ന വിധത്തിൽ സൃഷ്ടിച്ചത് നീ കാണുന്നില്ലേ? അവൻ ഉദ്ദേശിക്കുന്നുവെങ്കിൽ നിങ്ങളെ അവൻ നശിപ്പിക്കുകയും നിങ്ങളുടെ സ്ഥാനത്ത് ഒരു പുതിയ സൃഷ്ടിയെ കൊണ്ടുവരികയും ചെയ്യുന്നതാണ്. അല്ലാഹുവിന് അത് പ്രയാസമുള്ള കാര്യമല്ല. (14:20)***

ഈ വചനങ്ങൾ ഒരിക്കലും തന്നെ മരണാനന്തര ജീവിതത്തെപ്പറ്റി

യുള്ളതല്ല. ഈ വചനത്തിൽ ഉപയോഗിച്ച ***'ഇൻ'*** സോപാധിക വിഭക്തി (Conditional Preposition)യുടെ അർത്ഥം ***'എങ്കിൽ'***(If) എന്നാണ്. ഇതൊരിക്കലും മരണാനന്തര ജീവിതത്തെക്കുറിച്ചല്ല ഉദ്ദേശിച്ചത് എന്ന് വ്യക്തമാണ്. മരണാനന്തര ജീവിതത്തെക്കുറിച്ചാണെങ്കിൽ ഇവിടെ ഉപയോഗിച്ച 'എങ്കിൽ' എന്ന ഉപാധി പരലോക ജീവിതത്തിന്റെ അസ്തിത്വത്തെക്കുറിച്ച് സംശയത്തിലാണെന്ന് പറയേണ്ടി വരും. എന്നാൽ, മുഴുവൻ ഖുർആനിക വചനങ്ങളിലും പരലോക ജീവിതം യാതൊരു ഉപാധിയും കൂടാതെ സംഭവിക്കുന്ന ഒരു യാഥാർത്ഥ്യമായിട്ടാണ് അവതരിപ്പിച്ചിരിക്കുന്നത്. നാം ചർച്ച ചെയ്യുന്ന ഈ വചനത്തിൽ മനുഷ്യനെ മാറ്റി പകരം മനുഷ്യനെ പോലെയുള്ള മറ്റൊരു ജീവിയെ കൊണ്ടു വരുമെന്നല്ല പറയുന്നത്. ഒരു പുതിയ സൃഷ്ടിയെ ***'ഖൽഖ് '*** കൊണ്ടു വരുമെന്നാണ് ഖുർആൻ വ്യക്തമായും പറയുന്നത്. അതായത് മുഴുവൻ മനുഷ്യ വർഗ്ഗത്തിന്റേയും അസ്തിത്വത്തെ മറ്റൊരു രൂപത്തിൽ മാറ്റുമെന്നാണ്.

മനുഷ്യനെ പോലെ തന്നെ സകല പ്രപഞ്ചവും യാഥാർത്ഥ്യം ***(ഹഖ്)*** കൊണ്ടാണ് സൃഷ്ടിച്ചിട്ടുള്ളത്. അപ്രകാരം തന്നെ സൃഷ്ടിയുടെ പരമോന്നത സ്ഥാനമായ മനുഷ്യനും. മരണാനന്തര ജീവിതത്തിൽ നിന്ന് വിഭിന്നമായി മനുഷ്യനെ അതിവർത്തിക്കുന്ന കഴിവുകളുള്ള ഭൂമിയിലുണ്ടാകുന്ന വ്യത്യസ്തമായൊരു രൂപത്തെക്കുറിച്ചാണ് ഇവിടെ ഖുർആൻ സംസാരിക്കുന്നത്.

***" അവരെ സൃഷ്ടിച്ചതും അവരുടെ ശരീരഘടനയെ ബലപ്പെടുത്തിയതും നാമാണ്. നാം ഉദ്ദേശിക്കുന്നതായാൽ അവരുടെ രൂപം തികച്ചും വ്യത്യസ്തമായ മറ്റൊരു രൂപത്തിൽ നാം മാറ്റിക്കളയുന്നതാണ്." (76:26)***

വീണ്ടും ഖുർആൻ പറയുന്നു:

***" അല്ല കിഴക്കിന്റേയും പടിഞ്ഞാറിന്റേയും നാഥനെ ക്കൊണ്ട് ഞാൻ സത്യം ചെയ്യുന്നു. തീർച്ചയായും നാം അവരുടെ സ്ഥാനത്ത് അവർക്ക് പകരം അവരേക്കാൾ ഗുണമേൻമയുള്ളവരെ പകരം കൊണ്ടുവരുവാൻ കഴിവുള്ളവനാണ്. നാം (നമ്മുടെ) പദ്ധതിയെ വൃഥാവിലാക്കുന്നവനല്ല." (70:14)***

പകരം കൊണ്ടു വരുന്ന സൃഷ്ടിയെ പറ്റി മറ്റൊരു ജനത***(ഖൗം)***യാണെന്നോ മനുഷ്യ സമൂഹത്തിന്റെ മറ്റൊരു തലമുറയാണെന്നോ അല്ല ഇവിടെ പ്രതിപാദിച്ചിരിക്കുന്നത്. എങ്കിൽ എന്ന ഉപാധിയുടെ അർത്ഥം, മനുഷ്യൻ നല്ല രീതിയിൽ പെരുമാറുകയും സ്വയം സംസ്കരിക്കുകയും ചെയ്യുകയാണെങ്കിൽ ഒരു വർഗ്ഗം എന്ന നിലക്ക് അവർ തുടച്ച് നീക്കപ്പെടുകയോ ഗുണമേൻമയുള്ള മറ്റൊരു വർഗ്ഗത്തെ പകരം കൊണ്ടു വരികയോ ഇല്ല എന്നാണ്. ഈ അർത്ഥമാണ് ഇതിൽ അടങ്ങിയിരിക്കുന്നത്.

ഇവിടെ ഖുർആൻ വളരെ ഉന്നത രൂപത്തിലുള്ള ഒരു സൃഷ്ടിയുടെ വികാസ സാധ്യതയെ കുറിച്ചാണ് സംസാരിക്കുന്നത്. ആ സൃഷ്ടിക്ക് ഉന്നതമായ സംവേദനേന്ദ്രിയങ്ങളുണ്ടാവാം. നമ്മുടെ അഞ്ച് സംവേദനേന്ദ്രിയങ്ങൾ കൂടാതെ അധികമായി മറ്റു ഇന്ദ്രിയങ്ങളുമുണ്ടാവാം. അതോടൊപ്പം തന്നെ ഇത് തീർച്ചയായും സംഭവിക്കുമെന്ന് ഖുർആൻ പറയുന്നില്ല. എന്നാൽ, ദൈവത്തിന് തന്റെ സൃഷ്ടി പദ്ധതിയിൽ അത്തരത്തിലുള്ള ഒരു മാറ്റം കൊണ്ടുവരാൻ കഴിയുമെന്ന കാര്യം ഉറപ്പിച്ചു പറയുകയാണിവിടെ ചെയ്യുന്നത്. ഇത് യാദൃച്ഛിക സംഭവങ്ങളുടെ അടിസ്ഥാനത്തിൽ ഉണ്ടാവുന്ന അന്ധമായ പരിണാമമെന്ന ആശയമല്ല സമർപ്പിക്കുന്നത്. ഇവിടെ പ്രതിപാദിച്ച പരിണാമത്തിന്റെ നിരന്തരമായ തുടർച്ചയുടെ സാധ്യത, ഖുർആന്റെ കർത്താവിന്റെ വിവേകത്തോ ടുള്ള മഹത്തായ ആദരാഞ്ജലികളിലൊന്നാണ്. ജീവി പരിണാമത്തെക്കുറിച്ച് കഴിഞ്ഞ അദ്ധ്യായങ്ങളിൽ വിവരിച്ച ഖുർആനിക പരാമർശങ്ങൾ ശരിയായിരിക്കുന്നുവെന്ന് ഇത് വീണ്ടും തെളിയിക്കുന്നു. അങ്ങനെയല്ലായിരുന്നുവെങ്കിൽ മനുഷ്യൻ മറ്റൊരു ജീവിരൂപമായി പരിണമിക്കാൻ സാധ്യതയുള്ള കാര്യം ഖുർആൻ പരാമർശിക്കില്ലായിരുന്നു. അത്തരം വിഷയങ്ങൾ മറ്റ് യാതൊരു മതഗ്രന്ഥത്തിലോ ഭൗതിക വിജ്ഞാന സാഹിത്യങ്ങളിലോ ചർച്ച ചെയ്തിട്ടില്ല എന്ന കാര്യവും ശ്രദ്ധേയമാണ്. ഇത്തരത്തിലുള്ള ഒരു പ്രസ്താവന തികവുറ്റ ജ്ഞാനത്തിന്റേയും നിശ്ചയത്തിന്റേയും വേദിയിൽ നിന്നു മാത്രമേ നടത്താൻ സാധിക്കൂ.

ഇപ്പോൾ തുടർന്നുകൊണ്ടിരിക്കുന്ന പരിണാമത്തിന്റെ സാധ്യതകളെക്കുറിച്ച് നമുക്ക് പൂർണ്ണമായും അറിവ് ലഭിച്ചിട്ടില്ല. അല്ലെങ്കിൽ ഒരു പുതിയ തുടക്കത്തോടെ ആരംഭിക്കുന്ന പുതിയ പരിണാമ ശൃംഖലയെക്കുറിച്ചോ നമുക്കറിയില്ല. ഇപ്പോഴത്തെ നമ്മുടെ ജ്ഞാനം അതിന്റെ ചുറ്റുവട്ടം മാത്രമേ എത്തിയിട്ടുള്ളൂ. ബാക്കി മുഴുവൻ അദൃശ്യമായി അവശേഷിക്കുന്നു. എന്തായിരുന്നാലും അജ്ഞതയിൽ കിടന്നിരുന്ന ജ്ഞാനം തുടർച്ചയായി നമുക്ക് ജ്ഞാതമായതായി അഥവാ അറിഞ്ഞതായി മാറ്റപ്പെട്ടു കൊണ്ടിരിക്കുകയാണ്. ഇതാണ് വിദ്യാഭ്യാസത്തിന്റെ സ്വാഭാവിക പ്രക്രിയ. ദൈവം എല്ലാ ദൃശ്യമായതിന്റേയും എല്ലാ അദൃശ്യമായതിന്റേയും നാഥനാണ്. ക്രമേണ അവൻ നമ്മുടെ ജ്ഞാന ചക്രവാളത്തെ വികസിപ്പിച്ചു കൊണ്ടിരിക്കുന്നു. ആയതിനാൽ നമ്മുടെ ദർശന കോൺ നിരന്തരം വിപുലമായിക്കൊണ്ടിരിക്കുകയാണ്. അങ്ങനെ ഇതിന് മുമ്പേ അന്ധകാരത്തിന്റെ യവനികക്കപ്പുറം നിന്നിരുന്ന കാര്യങ്ങൾ നമുക്ക് ദർശന യോഗ്യമായി ഭവിക്കുന്നു. *(Revelation Rationality Knowledge and Truth എന്ന പുസ്തകത്തിൽ നിന്ന്)*

കുറിപ്പുകൾ

# കുലാലംമ്പൂർ ഇസ്‌ലാമികരാജ്യ ഉച്ചകോടി

മുസാഫിർ




2019 ഡിസംബർ 18 മുതൽ 21 വരെ മലേഷ്യൻ തലസ്ഥാനമായ കുലാലംമ്പൂരിൽ നടന്ന ഇസ്‌ലാമിക രാജ്യങ്ങളുടെ ഉച്ചകോടി സൗദി അറേബ്യ, പാകിസ്താൻ, യു എ ഇ, ഈജിപ്ത് മുതലായ പ്രമുഖ രാജ്യങ്ങളുടെ ബഹിഷ്ക്കരണം കൊണ്ടും ലോക മുസ്‌ലിം രാഷ്ട്രീയ രംഗത്ത് രൂപപ്പെട്ട ഭിന്നതയാലും ശ്രദ്ധേയമായി. തുർക്കി പ്രസിഡന്റ് തയ്യിബ് ഉർദുഖാൻ, മലേഷ്യൻ പ്രസിഡന്റ് മഹാതിർ മുഹമ്മദ്, പാകിസ്താൻ പ്രധാനമന്ത്രി ഇമ്രാൻ ഖാൻ എന്നിവർ ചേർന്നുള്ള ഒരു അച്ചുതണ്ടാണ് ഉച്ചകോടിയുടെ വിഭാവനയും ആസൂത്രണവും നിർവ്വഹിച്ചത്.

57 ഇസ്ലാമിക രാജ്യങ്ങളുടെ ആഗോള സംഘടനയായ ഒ എ സി നേതൃത്വത്തിന് കുലാലം ഉച്ചകോടി അത്രക്ക് രസിച്ചിട്ടില്ല. ഒ എ സി സമാന്തരമായിട്ടാണ് ഈ ഉച്ചകോടിയെന്ന് ഒരു പ്രസ്താവന യിലൂടെ ഒ എ സി സെക്രട്ടറി വിമർശനം ഉന്നയിക്കുകയുണ്ടായി. സൗദി അറേബ്യ സങ്കുചിത രാഷ്ട്രീയ താൽപര്യം കൊണ്ട് ഉച്ചകോടി ബഹിഷ്ക്കരിക്കുകയും അവരുടെ സമ്മർദ്ദത്താൽ സമ്മേളന ത്തിന്റെ ഉപജ്ഞാതാവായ പാകി സ്താനടക്കം തങ്ങളുടെ ഉപഗ്രഹ രാജ്യങ്ങളും ഉച്ചകോടി ബഹിഷ്ക്ക രിക്കുകയാണുണ്ടായത്. തുർക്കി പ്രസിഡന്റ് തയ്യിബ് ഉർദുഖാൻ, ഇറാൻ പ്രസിഡന്റ് ഡോ. ഹസ്സൻ റൂഹാനി എന്നീ രാഷ്ട്ര തലവന്മാര ടക്കം 29 രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുത്തു. ദേശീയ വികസനം, രാജ്യപരമാധികാരം, ദേശീയോദ് ഗ്രഥനം, സൽഭരണം, സംസ്കാരിക വ്യക്തിത്വം, നീതിയും സ്വാതന്ത്ര്യ വും, സമാധാനം, സുരക്ഷ, പ്രതിരോധം എന്നിവയായിരുന്നു ചർച്ച ചെയ്ത വിഷയങ്ങൾ.

ലോകജനസംഖ്യയുടെ നാലി ലൊന്ന് വരുന്ന 24.1% മാണ് മുസ്‌ലിംകൾ. 180 കോടിയുള്ള മുസ്‌ലിംകൾ രണ്ടാമത്തെ വലിയ മതസമൂഹമാണ്. ഇത്രപ്രബലമായ സമൂഹമായിട്ടും ആഗോള മുസ്‌ലിം പ്രശ്നങ്ങൾ ഇസ്‌ലാമിക രാജ്യങ്ങൾ ക്ക് പരിഹരിക്കാൻ പോയിട്ട് ഫലപ്രദമായി പ്രതികരിക്കാൻ പോലും കഴിയുന്നില്ല എന്ന അവസ്ഥക്ക് ഈ ഉച്ചകോടിയിൽ ഒരു തീരുമാനമുണ്ടാകണം എന്ന ആശയം മുന്നോട്ട്വെച്ച് കൊണ്ടാണ് കുലാലംമ്പൂരിൽ ഉച്ചകോടി വിളിച്ച് ചേർത്തത്. സൗദിയുടെ നേതൃത്വ ത്തിലുള്ള മുസ്‌ലിം രാജ്യകൂട്ടാ യ്മയോടുള്ള പരോക്ഷമായ ഒരു പ്രതിഷേധവുമാണ് കുലാലംമ്പൂർ ഉച്ചകോടി നൽകുന്ന സന്ദേശം. പല ഇസ്‌ലാമിക രാജ്യങ്ങളും പരാജിത രാഷ്ട്രങ്ങളാണ്, എന്താണ് ഇതിന്ന് കാരണമെന്ന് കണ്ടെത്തണമെന്നും എവിടെയാണ് മുസ്‌ലിം രാജ്യങ്ങ ൾക്ക് പിഴക്കുന്നതെന്നും വിശകല നം ചെയ്ത് കണ്ടെത്തി പരിഹാര ങ്ങൾ ഉരുത്തിരിയണമെന്ന് ഉച്ചകോടിക്ക് ആതിഥ്യമരുളിയ മലേഷ്യൻ പ്രസിഡന്റ് മഹാതീർ മുഹമ്മദ് ഉച്ചകോടിക്ക് മുമ്പായി വിളിച്ച് ചേർത്ത യോഗത്തിൽ പറയുകയുണ്ടായി. മുസ്‌ലിം രാജ്യങ്ങൾ തമ്മിൽ എന്തുകൊണ്ട് യുദ്ധം ഉണ്ടാകുന്നു? ചില മുസ്‌ലിം

രാജ്യങ്ങളിൽ അളവറ്റ സമ്പത്തുണ്ടായിട്ടും ഒരൊറ്റ മുസ്‌ലിം രാജ്യവും എന്തുകൊണ്ട് വികസിത രാജ്യമായി വളരുന്നില്ല എന്നത് ഗൗരവമേറിയ വിഷയമാണ്. പലസ്തീൻ, സിറിയ, റോഹിങ്ക്യൻ, ചൈന, ഇന്ത്യ എന്നീ രാജ്യങ്ങളിലടക്കം ആഗോളതലത്തിൽ മുസ്‌ലിംകൾ അഭിമുഖീകരിക്കുന്ന പ്രതിസന്ധികളെക്കുറിച്ചും ലോകത്ത് ആകമാനം പടരുന്ന ഇസ്‌ലാമോഫോബിയയേക്കുറിച്ചും പരിഹാരങ്ങളുണ്ടാകണമെന്നും ഉച്ചകോടി ച്ർച്ചചെയ്യാനുദ്ദേശിച്ചിരുന്നു. നിർഭാഗ്യകരമെന്ന് പറയട്ടെ സഊദിയും തങ്ങളുടെ ആശ്രിത രാജ്യങ്ങളും ഒ ഐ സി സെക്രട്ടറിയും ഈ സമ്മേളനം പരാജയപ്പെടുത്താനാണ് ശ്രമിച്ചത്. ഈ സമ്മേളനം ഇസ്‌ലാമിക് ബ്ലോക്കിനെ മാത്രമല്ല ഇസ്‌ലാമിനെ തന്നെ ദുർബലമാക്കുമെന്ന് അവർ പ്രചരിപ്പിച്ചു. ലോകം പല വിധത്തിലുള്ള സംഘട്ടനങ്ങൾക്ക് സാക്ഷ്യം വഹിക്കുമ്പോൾ ഒ ഐ സിയുടെ ഘടനക്ക് പുറത്ത് നിന്നുള്ള ഒരു ഉച്ചകോടി വിളിച്ചു ചേർക്കുന്നത് ഇസ്‌ലാമിക താൽപര്യത്തിന് നിരക്കുന്നതല്ല എന്നാണ് സംഘടനയുടെ സെക്രട്ടറി ജനറൽ യൂസുഫ് അൽ തൈമീൻ പറഞ്ഞത്. ഉച്ചകോടിക്ക് തുടക്കം മുതൽ മുൻകൈ എടുത്ത പാകിസ്താന്റെ പിന്മാറ്റം അത്ഭുതപ്പെടുത്തുന്നുവെന്ന് മഹാതീർ പറഞ്ഞു. ഒ ഐ സിക്ക് പകരമാണ് ഈ സമ്മേളനം വിളിച്ചു ചേർത്തതെന്നാണ് സഊദി ലോബിയുടെ പ്രചാരണം.

തുർക്കി പ്രസിഡന്റ് ഉർദുഖാൻ സഊദി നിലപാടിനെ നിശിതമായി വിമർശിക്കുകയുണ്ടായി. ഉറുദുഖാൻ തുർക്കി മാധ്യമങ്ങളോട് പറഞ്ഞത് 40 ദശലക്ഷം പാകിസ്താനികളാണ് സഊദിയിൽ ജോലിചെയ്യുന്നത്. അവരെ നാട്ടിലേക്ക് തിരിച്ചയക്കുമെന്നും പകരം ബംഗ്ലാദേശികളെ കൊണ്ടുവരുമെന്നും പാകിസ്താനിലെ സ്റ്റേറ്റ് ബാങ്കിൽ സഊദി നിക്ഷേപിച്ച പണം പിൻവലിക്കുമെന്നും അവർ പാകിസ്താനെ ഭീഷണിപ്പെടുത്തി. ആയതിനാൽ സഊദിയെ അനുസരിക്കാതിരുന്നാൽ പാകിസ്താന്നു വന്നുഭവിക്കുന്ന സാമ്പത്തിക പ്രതിസന്ധിയെ ഭയന്നാണ് അവർ ഉച്ചകോടിയിൽ നിന്നും വിട്ടുനിന്നതെന്നാണ് ഉർദുഖാൻ വിശദീകരിച്ചത്. സഊദി അറേബ്യ ഉറുദുഖാന്റെ പ്രസ്താവന പൂർണ്ണമായും നിഷേധിച്ചിട്ടുണ്ട്.

ഇറാൻ, തുർക്കി, ഖത്തർ എന്നീ രാജ്യങ്ങളുമായി സഊദിക്കുള്ള പല തർക്കങ്ങളും വിയോജിപ്പും ആഗോള മുസ്‌ലിം പ്രശ്നങ്ങളിൽ അമേരിക്കയോടുള്ള വിധേയത്വവും മൂലം ഉച്ചകോടിയിൽ സൗദി നയതന്ത്രപരമായി ഒറ്റപ്പെടുമോ എന്ന ഭയത്താലാണ് അവർ വിട്ടുനിന്നതെന്ന് വിലയിരുത്തപ്പെടുന്നു. മുസ്‌ലിംകളെ പലപ്പോഴും കടന്നാക്രമിക്കുന്ന ട്രംപ് ഭരണത്തോടുള്ള സഊദിയുടെ അന്ധമായ വിധേയത്വവും മുസ്‌ലിം പ്രശ്നങ്ങൾ പരിഹരിക്കാനുള്ള സഊദിയുടെ വിമുഖതയും മുസ്‌ലിം ലോകത്ത് പരക്കെ വിമർശിക്കപ്പെടുന്നുണ്ട്. മാത്രമല്ല തുർക്കിയുടെയും ഇറാന്റെയും നേതൃത്വത്തിൽ ഫലസ്തീൻ പ്രശ്നം ഉച്ചകോടിയിൽ പ്രധാന വിഷയമായി വരുമ്പോൾ ഇസ്രയേലി അമേരിക്കൻ കൂട്ടുകെട്ടിനെതിരെ വിമർശനം ഉയരുന്നത് സഊദി ഇഷ്ടപ്പെടാത്തത് കാരണമാണ് അവരും ആശ്രിതരായ പാകിസ്താനും വിട്ട് നിന്നത് എന്നും വിലയിരുത്തപ്പെടുന്നു. കുലാലംമ്പൂരിലെ ഈ ഉച്ചകോടി വിജയിച്ചെങ്കിൽ സഊദി കേന്ദ്രിതമായ 57 ഇസ്‌ലാമിക രാജ്യങ്ങളടങ്ങിയ ഓ ഐ സി എന്ന ആഗോള സംഘടനയുടെ നേതൃത്വം സഊദിക്ക് നഷ്ടപ്പെടുകയും ഇറാൻ തുർക്കി അച്ചുതണ്ടിലേക്ക് അത് നീങ്ങുമെന്നും സഊദി ഭയപ്പെടുന്നു.

ഖത്തർ അമീർ ശൈഖ് തമീം സഊദിയെ പരോക്ഷമായി വിമർശിച്ചു കൊണ്ടാണ് ഉച്ചകോടിയിൽ സംസാരിച്ചത്. സായുധ സംഘട്ടനങ്ങളുടെ കാര്യത്തിൽ ഇരട്ട സമീപനമാണ് ചില രാജ്യങ്ങൾ സ്വീകരിക്കുന്നതെന്നും ഉപരോധം, ശക്തി പ്രയോഗം, പട്ടിണിക്കിടൽ മുതലായ സമ്മർദ്ദങ്ങൾ ചെലുത്തി അഭിപ്രായം രൂപീകരിക്കലിനെ ഞങ്ങൾ തള്ളിക്കളയുന്നുവെന്ന് ഖത്തർ അമീർ പറഞ്ഞു. യമനിലെ ആഭ്യന്തര യുദ്ധവും ഇറാനും ഖത്തറും നേരിടുന്ന ഉപരോധവും മറ്റുരാജ്യങ്ങളുടെ ബഹിഷ്ക്കരണവുമായിരുന്നു സൂചന. ജെറുസലേമിന്റെ ജൂതവത്ക്കകരണത്തെ പറ്റിയും ഫലസ്തീനിലെ അധിനിവേശ പ്രദേശത്തെ യഹൂദ കുടിയേറ്റവും ശൈഖ് തമീം വിമർശിക്കുകയുണ്ടായി. തുർക്കിയിലെ സഊദി എംബസ്സിയിൽ വെച്ച് കൊല്ലപ്പെട്ട പത്രപ്രവർത്തകനും സഊദി ഭരണകൂട വിമർശകനുമായ അദ്നാൻ ഖഷോഗിയുടെ വധത്തിന്റെ പേരിൽ തുർക്കിയും സഊദിയുമായി അസ്വാരസ്യങ്ങളും ആരോപണ പ്രത്യാരോപണങ്ങളും നിലനിൽക്കുന്നുണ്ട്. ഖഷോഗി വധത്തിലെ പ്രതികളിൽ 5 പേർക്ക് സഊദി കോടതി വധശിക്ഷ വിധിച്ചെങ്കിലും അദ്ദേഹത്തിന്റെ വധത്തിലെ ദുരൂഹത ഇത്വരെ മാറിയിട്ടില്ല. മൃതദേഹത്തിന് എന്ത് സംഭവിച്ചു എന്ന് ഇത്വരെ സ്ഥിരീകരണമുണ്ടായിട്ടില്ല.

ഉച്ചകോടിയിൽ പ്രസംഗിച്ച മലേഷ്യൻ പ്രധാനമന്ത്രി മഹാതീർ എന്തുകൊണ്ട് മഹത്തായ ഇസ്‌ലാം മതത്തിന്റെ അനുയായികളായ മുസ്‌ലിംകളും അവരുടെ രാജ്യവും സംഘർഷഭരിതമാവുകയും നിസ്സഹായരും ഒന്നിന്നും കൊള്ളരുതാത്തവരുമായി മാറി എന്ന് മനസ്സിലാക്കാനാണ് ഈ ഉച്ചകോടി വിളിച്ചുചേർത്തെന്ന് തന്റെ അധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു. നമ്മുടെ വേദനകൾക്കും തീവ്രദുഖത്തിന്നും കാരണമാകുന്ന എല്ലാ കാര്യങ്ങളും ഇവിടെ പരിശോധിക്കാൻ സാധിച്ചെന്ന് വരില്ല. ആപദ്

ഘട്ടത്തിൽ നമ്മെ കൈവെടിയുന്ന അമുസ്ലിം രാജ്യങ്ങളുമായി നമ്മുടെ വികസനവും പുരോഗതിയും സന്ധിചെയ്തു എന്നത് നമ്മുടെ കഴിവ് കേടാണ്. അതുകൊണ്ടാണ് ഏറെ പ്രശ്നങ്ങൾ സഹിക്കുന്ന മുസ്ലിം ലോകം അമുസ്ലിം രാജ്യങ്ങളുടെ ഭിക്ഷയും കാരുണ്യവും ആശ്രയിച്ചു കഴിയുന്നത്. ഇറാൻ, മലേഷ്യ, തുർക്കി, ഖത്തർ എന്നീ രാജ്യങ്ങൾ തമ്മിലുള്ള വ്യാപാരം സ്വർണ്ണം അടിസ്ഥാനമാക്കിയായിരിക്കണമെന്നും ബാർട്ടർ സിസ്റ്റം (ചരക്ക് കൈമാറ്റ വ്യവസ്ഥ) നടപ്പാക്കി മറ്റു രാജ്യങ്ങൾ അടിച്ചേൽപ്പിക്കുന്ന ഉപരോധങ്ങൾ മറികടക്കണമെന്നും മഹാതീർ തന്റെ പ്രസംഗത്തിൽ നിർദ്ദേശിച്ചു. ഇറാൻ പ്രസിഡന്റ് ഡോ. ഹസ്സൻ റൂഹാനി അമേരിക്കയുടെ ഉപരോധത്തിന്റെ പശ്ചാത്തലത്തിൽ ചില നിർദ്ദേശങ്ങൾ മുന്നോട്ട് വെക്കുകയുണ്ടായി. ഞങ്ങൾക്കിന്ന് ഒരു കാര്യം മനസ്സിലായി അതെന്തെന്നാൽ നമ്മുടെ നിരവധി സാമ്പത്തിക ഇടപാടുകളും പ്രവർത്തനങ്ങളും വിദേശ ഇൻഷൂറൻസും വികസിത രാജ്യങ്ങളിൽ നിന്നുള്ള ഇൻഷൂറൻസ് കമ്പനികളെ ആശ്രയിച്ചുള്ളതാണ്. ഉപരോധം മൂലം ബുദ്ധിമുട്ടുന്ന ഇറാന്റെ എണ്ണയിൽ അധിഷ്ഠിതമായ സമ്പദ് ഘടനക്ക് പാശ്ചാത്യ ഇൻഷൂറൻസ് ലഭിക്കാൻ ഞങ്ങൾ ബുദ്ധിമുട്ടുന്നു. അതിനാൽ മുസ്ലിം രാഷ്ട്രങ്ങൾക്ക് മാത്രമായുള്ള ഒരു ട്രാൻസ്പോർട്ട് ഇൻഷൂറൻസ് മെക്കാനിസം വേണമെന്ന് ഇറാൻ പ്രസിഡണ്ട് ഡോ. ഹസ്സൻ റൂഹാനി ഉച്ചകോടിയിൽ നിർദ്ദേശിക്കുകയുണ്ടായി. മദ്ധ്യപൗരസ്ത്യ ദേശം വൻ സുരക്ഷാഭീഷണിയാണ് നേരിടുന്നതെന്ന് റൂഹാനി പറഞ്ഞു. ഫലസ്തീൻ പ്രശ്നമാണ് ലോകം ഇന്ന് അഭിമിഖീകരിക്കുന്ന ഏറ്റവും വലിയ മനുഷ്യ ദുരന്തമെന്നും അദ്ദേഹം പറഞ്ഞു. ബാങ്കിംങ്ങ് മേഖലയിൽ മുസ്ലിം രാജ്യങ്ങൾ വിദേശ കറൻസിക്ക് പകരം തങ്ങളുടെ സ്വന്തം കറൻസികൊണ്ട് വ്യാപാരം നടത്തണമെന്നും ഉറുദുഖാൻ അഭിപ്രായപ്പെട്ടു. ഉച്ചകോടിയിൽ പങ്കെടുത്ത മുസ്ലിം രാജ്യങ്ങളിലെ നേതാക്കൾ മുസ്ലി രാജ്യങ്ങൾ തമ്മിൽ കൂടുതൽ വ്യാപാര ബന്ധങ്ങളിലേർപ്പെടാൻ ആഹ്വാനം ചെയ്തു.

മുസ്ലിം ലോകത്ത് കാണപ്പെടുന്ന പരിതാപകരമായ ഭിന്നതയും സുശക്തമായ ഒരു നേതൃത്വമില്ലായ്മയും വ്യക്തമാണ്. ഭയാനകമായ പ്രസിസന്ധികളെ അഭിമിഖീകരിക്കുമ്പോൾ പോലും ഐക്യപ്പെടാനുള്ള വിമുഖതയും ഭിന്നിപ്പും എത്രമാത്രം മുസ്ലിം സമൂഹത്തെ ഗ്രസിച്ചിരിക്കുന്നു എന്നതിന്റെ അവസാനത്തെ തെളിവാണ് കുലാംലംമ്പൂർ ഇസ്ലാമിക് ഉച്ചകോടി. ഈ അവസരത്തിൽ ഖുർആന്റെ ഒരു സന്ദേശം മാത്രമാണ് മുസ്ലിം ലോകത്തെ ഓർമിപ്പിക്കാനുള്ളത്:

**"നിങ്ങളെല്ലാവരും ഒത്തുചേർന്ന് അല്ലാഹുവിന്റെ പാശത്തെ മുറുകെ പിടിക്കുക. നിങ്ങൾ ഭിന്നിക്കരുത്. നിങ്ങൾ പരസ്പരം ശത്രുക്കളായിരുന്നപ്പോൾ അല്ലാഹു നിങ്ങൾക്ക് ചെയ്തു തന്ന അനുഗ്രഹം സ്മരിക്കുക. അങ്ങനെ അവൻ നിങ്ങളുടെ ഹൃദയങ്ങളെ അന്യോന്യം ഇണക്കി. അതിന്റെ ഫലമായി അവന്റെ അനുഗ്രഹത്താൽ നിങ്ങൾ സഹോദരങ്ങളായി തീർന്നു. നിങ്ങൾ ഒരു അഗ്നികുണ്ഡത്തിന്റെ വക്കിലായിരുന്നു. എന്നിട്ട് അതിൽ നിന്നും അവൻ നിങ്ങളെ രക്ഷിച്ചു. ഇങ്ങനെ അല്ലാഹു തന്റെ കൽപ്പനകൾ നിങ്ങൾക്ക് വിവരിച്ചു തരുന്നു. നിങ്ങൾ നേർമാർഗം പ്രാപിക്കുന്നതിന് വേണ്ടി." (ആലുഇമ്രാൻ. 3:104)**

www.alislam.org

**പേജ് 34 ൽ നിന്ന് തുടർച്ച**

ആത്മാർത്ഥമായി പ്രാവർത്തികമാക്കിയത്. ഇസ്ലാമിക സംസ്ക്കാരത്തിന്റെ സാരസർവ്വസ്വവും സഹിഷ്ണുതയായിരുന്നു. ഭൂതകാല ചരിത്രം അതിന് സാക്ഷിയാണ്. അവർ അധികാരത്തിലിരിക്കുമ്പോഴും അല്ലാത്തപ്പോഴും അങ്ങനെയായിരുന്നു. ഭൂതകാല മുസ്ലിംകൾ തങ്ങളുടെ ആരാധനാലയം എല്ലാവർക്കുമായി തുറന്നു വെക്കുകയാണുണ്ടായത്. വിശുദ്ധ ഖുർആൻ പറയുന്നു:

***'പരിശുദ്ധ ദേവാലയത്തിൽ നിന്ന് നിങ്ങളെ തടഞ്ഞുവെന്നതിന്ന് ഒരു ജനതയോടുള്ള വെറുപ്പ് (അവരോട്) അതിക്രമം പ്രവർത്തിക്കുന്നതിന് നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ.'(5:3)***

അതിക്രമം പ്രവർത്തിച്ചവരോടും മുസ്ലിംകളിൽ ദുരിതങ്ങൾ വിതച്ചവരോടു പോലും പ്രതികാരം ചെയ്യാൻ പാടില്ല, അപ്പോഴും അവർ സമാധാനകാംക്ഷികളും സാഹോദര്യം കാത്തുസൂക്ഷിക്കുന്നവരുമായ ഒരു ജനതയായിരിക്കണം എന്നാണ് ഇസ്ലാമിന്റെ അദ്ധ്യാപനം. നിയമത്തെ അനുസരിക്കുക അതായത് രാജ്യത്തിന്റെയും ദൈവത്തിന്റെയും നിയമത്തെ അനു സരിക്കുക എന്നതാണ്. ഇസ്ലാമിക ജീവിതത്തിന്റെ അന്തസ്സത്ത. മനുഷ്യ സമൂഹത്തോട് അനുകമ്പാപൂർവ്വം വിശാല ഹൃദയത്തോടുകൂടി പെരുമാറുക. ദുഃഖിതനും പീഢിതനും ആശ്വാസം നൽകി ശാശ്വതമായ സമാധാനം ലോകത്ത് കൊണ്ട് വരാൻ സാധിക്കുക ഇസ്ലാമിന്ന് മാത്രമായിരിക്കും.

### Reference

1.Philip Hitty - History of Arabs
2.Cosmos vol.2
3History of Arabs
4History of Chistianity
5.Glories of Islam p. 67
6..History of Arabs
7.Islamic Culture p.2
8.Essay Sweatness & Light
9Mattew 15:24

# എം. നൂർ ജഹാൻ സാഹിബ

പാലക്കാട് ജില്ലയിലെ കൊടുവായൂരിന്നടുത്ത് തത്തമംഗ ലം പ്രദേശത്തെ ആദ്യത്തെ അഹ്മദി കിഴക്കും പാടം എം. നൂർ ജഹാൻ സാഹിബ (72) നവംബർ 4-ാം തീയതി നിര്യാതയായി. (ഇന്നാലില്ലാഹി...) യാഥാസ്ഥിതിക ഹനഫി സുന്നി കുടുംബത്തേയും ദീനീ ബോധമി ല്ലാത്ത ഭർത്താവിനെയും ഭയപ്പെടാതെയാണ് അവർ അഹ്മദിയ്യത്ത് സ്വീകരിച്ചത്. അവരുടെ പിതാവ് മുഹമ്മദ് സാഹിബ് ഒരു സുന്നി മതപണ്ഡിതനും ആദ്യകാല അഹ്മദിയായ കിഴക്കും പാടം കുഞ്ഞലവി മൗലവി സാഹിബിന്റെ സഹോദരനുമായിരുന്നു. വർഷങ്ങൾക്ക് ശേഷം പിതൃ സഹോദരനും കുടുംബവുമായുണ്ടായ സമാഗമമാണ് അവരെ അഹ്മദിയ്യത്തിലേക്ക് നയിച്ചത്. വളരെയധികം വായനാശീലമുണ്ടായിരുന്ന നൂർജഹാൻ സാഹിബ തമിഴ്നാട് ചീഫ് മിഷണറിയായിരുന്ന മൗലാനാ മുഹമ്മദ് ഉമർ സാഹിബിന് കത്തെഴുതി ബൈഅത്ത് ചെയ്യാനു ള്ള ആഗ്രഹം പ്രകടിപ്പിക്കുകയാണുണ്ടായത്. പിന്നീട് കണ്ട ഒരു സ്വപ്നത്തിന്റെ പ്രചോദനത്താൽ അവർ 1984 ജൂലായ് മാസത്തിൽ കാവശ്ശേരി ജമാഅത്തിൽ ബൈഅത്ത് ചെയ്യുകയായിരുന്നു. പൊതുവേ ദീനി ബോധമില്ലാത്ത ഭർത്താവ് മദ്രാസിൽ ജോലിചെയ്യുകയായിരുന്നു തന്റെ ഭാര്യ കാഫിറായിപ്പോയി എന്ന് അദ്ദേഹത്തെ നാട്ടുകാർ തെറ്റിദ്ധരിപ്പിച്ചു. നീ എന്തൊക്കെയോ ആയിപ്പോയി അതുകൊണ്ട് ഞാൻ കുട്ടികളെയും കൂട്ടി പോകുകയാണ് എന്ന് ഭർത്താവ് പറഞ്ഞപ്പോൾ നിങ്ങൾക്ക് വേണമെങ്കിൽ പോവാം എനിക്ക് എന്റെ അല്ലാഹു തുണയായുണ്ടാകുമെന്ന് അവർ ധീരയായി പറഞ്ഞു. സ്നേഹ സമ്പന്നനായ ഭർത്താവ് തന്റെ ഭാര്യയോട് നീ നല്ലതേ ചെയ്യൂ എന്നെനിക്കറിയാം എനിക്ക് ഇതിനെ കുറിച്ചൊന്നും അറിയില്ല നീ നിന്റെ ഇഷ്ടം പോലെ ചെയ്തോ എന്ന് പറഞ്ഞ് പിൻവാങ്ങി അവരെ ആശ്വസിപ്പിക്കുകയുണ്ടായി. അവരുടെ ഭർത്താവും പിന്നീട് അഹ്മദിയായി. പണ്ഡിതന്മാരോട് പോലും സംസാരിക്കാനുള്ള ദീനി വിജ്ഞാനം അവർ കരസ്ഥമാക്കിയിരുന്നു. തബ്ലീഗിൽ പ്രത്യേകം താൽപര്യം കാണിച്ചിരുന്ന അവരുടെ തബ്ലീഗിന്റെ ഫലമായി അടുത്ത കൂട്ടുകാരി ജമീല സാഹിബയും (മർഹൂമ) കുടുംബവും ജമാഅത്തിൽ പ്രവേശിക്കുകയുണ്ടായി. സൗമ്യശീലയും സ്നേഹ വാത്സല്യങ്ങളിലൂടെ ആരെയും ആകർഷിക്കുന്ന ഒരു മഹതിയുമായിരുന്നു അവർ. പരേതക്ക് അല്ലാഹു ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹി ക്കുമാറാകട്ടെ.

മക്കൾ: മൗലവി മുഹമ്മദ് റാഫി സാഹിബ് (കൊടുവായൂർ) ജാഫർ, മിഹ്റാജ് ബാനു, സൈഫുന്നിസാ, റജുല. മരുമക്കൾ: എ.ഷിഹാബുദ്ദീൻ, സി. നാസർ അഹ്മദ്, മൗലവി കെ ടി മുഹമ്മദ് അലി, വഹീദ, റളിയ.

*എച്ച്. എസ്. കാവശ്ശേരി*

# ഇമ്പിച്ചിപ്പാത്തു

കൊടിയത്തൂർ: കൊടിയത്തൂർ ജമാഅത്തിന്റെ സംസ്ഥാപനത്തിൽ പ്രമുഖസ്ഥാനം വഹിച്ച മഹൽ വ്യക്തിയും പൗരപ്രമുഖനും, കൊടിയത്തൂർ ജമാഅത്ത് പ്രസിഡന്റുമായിരുന്ന മർഹൂം ഉള്ളാട്ടിൽ എ.എം.ഉണ്ണിമോയിൻ അധികാരിയുടെ ഭാര്യ ഇമ്പിച്ചിപ്പാത്തു (92) നിര്യാതയായി. മാതാവിന്റെ കുടുംബമായ മുക്കത്തെ പ്രസിദ്ധമായ 'വയലിൽ' കുടുംബക്കാരുടെയും, പിതൃകുടുംബത്തിന്റെയും, സഹോദരന്മാരുടെയും എതിർപ്പുകൾ അവഗണിച്ച് ഭർത്താവിന്റെ കൂടെ അവർ ഉറച്ചു നിൽക്കുകയുണ്ടായി.

മക്കൾ: കുട്ടിഹസ്സൻ, അബ്ദുറഹ്മാൻ, നാസർഖാൻ, ഷാജു, സാലിഹ്, ആബിദ്, ആമിന, സാജിദ, സലീന, സുരയ്യ, അനീസ.

മരുമക്കൾ: അബ്ദുറഷീദ് (കരുളായ്), പ്രഫ: അബ്ദുൽ കരീം, പ്രഫ: അബ്ദുൽ മജീദ് (ഇരുവരും മണ്ണാർക്കാട്), മുബാറക് (വാണിയമ്പലം), റുഖിയ്യ, റംല, നജ്മ, ഷബീന, ഷഹീന, ജാസ്മിൻ.

*- ഇ അബ്ദുറഹ്മാൻ*



കൂടാളി അഹ്മദിയ്യാ ജമാഅത്തംഗമായ സഹീർ അഹ്മദ് സാഹിബിനെ കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ സുമേഷ് പൊന്നാട അണിയിച്ച് ആദരിക്കുന്നു. സാധാരണക്കാരനായ സഹീർ രണ്ടു പാവപ്പെട്ട കുടുംബത്തിന് വീട് വെക്കുന്നതിനും ബാലവാടി കെട്ടിടം പണിയുന്നതിനും 5 സെന്റ് ഭൂമി വീതം ദാനം ചെയ്തതിന് ചെഗുവേര വായനശാല & ഗ്രന്ഥശാലയാണ് പരിപാടി സംഘടിപ്പിച്ചത്.

Published on 7.01.2020
Pages 44
Vol: 92 Issue. 01
Price Rs. 30/-
RNI No. 3332/1957, Registered KL/EKM/726/2018-20
Licence No. KL/CR/EKM/WPP-09/2018-20. Licensed to post Without Prepayment
The Sathyadoothan Monthly

വായിക്കുക, വരിക്കാരാവുക!




# സത്യദൂതൻ

**ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം**

**ഒരു കോപ്പിക്ക് 30 രൂപ**
**വാർഷിക വരിസംഖ്യ 300 രൂപ**

---

കൂടുതൽ വിവരങ്ങൾക്ക്
മാനേജർ
സത്യദൂതൻ, മസ്ജിദ് ഉമർ
സെന്റ് ബെനഡിക്ട് റോഡ്, എറണാകുളം നോർത്ത് 682018
ഫോൺ : 8089574250, ഇമെയിൽ sathyadoothan1@gmail.com